സദ്ഭാവന ഓൺലൈനിൽ വായിക്കുവാൻ ക്യു.ആർ കോഡ് സ്കാൻ ചെയ്യുക

# സദ്ഭാവന

YouTube
ശ്രീ. ബി.എസ്. ബാലചന്ദ്രൻ രചിച്ച **ശ്രീമഹാരാമായണം** കേൾക്കുവാനും വായിക്കുവാനും സന്ദർശിക്കുക
യൂട്യൂബ് ചാനൽ **Jaihind Bharat Voice**

പ്രതിമാസ മലയാള വാർത്താപത്രം | SATHBHAVANA | The Monthly Malayalam Newspaper

പുസ്തകം 25 ലക്കം 9 തിരുവനന്തപുരം 2026 സെപ്റ്റംബർ 10 പേജ് 8 വില 20 രൂപ RNI Reg. No. KERMAL /2002/7358

## അഭിമാനബോധമുണർത്തുന്ന മാതൃഭാഷാ സ്നേഹം

# ചൈനീസ് ഭാഷ: ചരിത്രം, സ്വഭാവം, പ്രാധാന്യം

ബി.എസ്.ബാലചന്ദ്രൻ

ലോകത്ത് ഇന്ന് പ്രചാരത്തിലുള്ള ഭാഷകളെല്ലാം ഒന്നിനൊന്നു മികവ് പുലർത്തുന്നു.

ഭാഷയുടെ അതിന്റേതായുള്ള പ്രത്യേകതയോടെ പ്രധാനപ്പെട്ടതാണ് ചൈനീസ് ഭാഷ.

ഒരു രാജ്യത്തെ ജനതയെയൊന്നാകെ പ്രാണന് സമം സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന ഭാഷയാണ് ചൈനീസ് ഭാഷ. ഇക്കാര്യത്തിൽ അവർക്കിടയിൽ ഒരുതരത്തിലുള്ള വേർതിരിവുമില്ല. ഇക്കാര്യത്തിൽ ചൈനയിലെ ഏറ്റവും ഉയർന്ന ഭരണാധികാരിക്ക് മുതൽ ഏറ്റവും താഴെക്കിടയിലുള്ളവർക്കുവരെ ഒരേവികാരമാണുള്ളത്!

ബഹുഭാഷാ പണ്ഡിതനും യൂറോപ്പ്, ജപ്പാൻ, ഫ്രാൻസ്, ജർമ്മനി എന്നീ രാജ്യങ്ങളിൽ താമസിച്ച് പഠിച്ച് ബിരുദങ്ങൾ നേടിയ വ്യക്തിയുമായ ചൈനീസ് പ്രധാനമന്ത്രി ചൗവ്വെൻലായ് അന്ന് വിദേശരാജ്യങ്ങൾ സന്ദർശിക്കുമ്പോൾ ചൈനീസ് ഭാഷയിൽ മാത്രമേ സംസാരിച്ചിരുന്നുള്ളൂ. ഒപ്പമുണ്ടാവാറുള്ള ദ്വിഭാഷി അത് പരിഭാഷപ്പെടുത്തും. ജർമ്മൻ സന്ദർശനവേളയിൽ ഒരിക്കൽ ജർമ്മൻ പ്രസിഡന്റ് ഇതേക്കുറിച്ച് നേരിട്ടുതന്നെ ആരാഞ്ഞിരുന്നു. 'വർഷങ്ങൾ ജർമ്മനിയിൽ താമസിച്ച് പഠിച്ച് ബിരുദമെടുത്ത അങ്ങേയ്ക്ക് ജർമ്മൻ ഭാഷയിൽ സംസാരിച്ചുകൂടേ..?' എന്നതായിരുന്നു ചോദ്യം. "ഞങ്ങൾ ഓരോ ചൈനാക്കാരനും ഞങ്ങളുടെ ഭാഷയെ സ്വന്തം മാതാവിനെപ്പോലെ സ്നേഹിക്കുന്നു." എന്നതായിരുന്നു ചൗവ്വെൻലായ് യുടെ മറുപടി.




ലോകത്താകമാനം 1.39 ബില്യൻ (ഒരു ബില്യൻ = 100 കോടി) ജനങ്ങൾ ചൈനീസ് ഭാഷ സംസാരിക്കുന്നവരായുണ്ട് എന്നാണ് കണക്ക്. ആഗോള ജനസംഖ്യയുടെ 17 ശതമാനത്തോളം വരും.

ഐക്യരാഷ്ട്രസഭയുടെ ആറ് ഔദ്യോഗികഭാഷകളിൽ ഒന്നാണ് ചൈനീസ് ഭാഷ. തായ്‌വാനിലെ ദേശീയ ഭാഷകളിൽ ഒന്നും, സിങ്കപ്പൂരിലെ നാല് ഔദ്യോഗികഭാഷകളിലൊന്നുമാണിത്. മെയിൻലാൻഡ് ചൈന, തായ്‌വാൻ, സിങ്കപ്പൂർ എന്നിവിടങ്ങളിൽ പ്രാദേശിക വ്യത്യാസങ്ങളുള്ള ബഹുകേന്ദ്രീകൃത ഭാഷയുമാണ് ഇത്. 'മന്ദാരിൻ ചൈനീസ്' ആണ് ചൈനയുടെ ഔദ്യോഗികഭാഷ. പ്രാദേശികമായി ഇതിനെ 'പുടോങ് ഹുവ' എന്നറിയപ്പെടുന്നു.

ചൈനീസ് ഭാഷയ്ക്ക് അതിന്റെ ചരിത്രത്തിലുടനീളം ഗണ്യമായ വൈരുദ്ധ്യാത്മക വ്യതിയാനങ്ങൾ ഉണ്ടായിട്ടുണ്ട്.

ഏതാണ്ട് 3000- വർഷങ്ങൾക്കുമുമ്പ് 'കാംങ്' രാജവംശത്തിന്റെ കാലത്താണ് ആദ്യത്തെ ചൈനീസ് ലിഖിതരേഖകൾ പ്രത്യക്ഷമായത്. മലയാളത്തിലേയോ ഇംഗ്ലീഷിലെയോപോലുള്ള അക്ഷരമാല ചൈനീസ് ഭാഷക്കില്ല. പകരം 'ഹാൻസി' എന്നറിയപ്പെടുന്ന പ്രത്യേക രീതിയാണതിനുള്ളത്. തായ്‌വാൻ, ഹോങ്കോംഗ് എന്നിവിടങ്ങളിൽ ഇപ്പോഴും ഉപയോഗിക്കുന്നതും നൂറ്റാണ്ടുകളായി ഉപയോഗിച്ചുവരുന്നതുമായ സങ്കീർണ്ണമായ എഴുത്തുരീതിയായിരുന്നു 1950വരെ ചൈനയിൽ നിലവിലുണ്ടായിരുന്നത്. രാജ്യത്തെ സാക്ഷരത വർദ്ധിപ്പിക്കുവാനുള്ള നടപടികളുടെ തുടക്കമെന്ന നിലയിൽ 1950കളിൽ ചൈനീസ് സർക്കാർ ഈ വിധമുള്ള സങ്കീർണ്ണ സ്വഭാവത്തിനു മാറ്റം വരുത്തിക്കൊണ്ട് ഭാഷയിലെ വരകൾ കുറച്ചുകൊണ്ട് ലിപികൾ ലളിതമാക്കി.

ചൈനീസ് ഭാഷ സംസാരിക്കുമ്പോഴുള്ള ശബ്ദവ്യത്യാസം ശ്രദ്ധേയവും പ്രധാനപ്പെട്ടതുമാണ്. ശബ്ദത്തിലെ സ്വരവ്യത്യാസമാണ് ആ പ്രത്യേകത. ഒരേ അക്ഷരക്കൂട്ടം വ്യത്യസ്ഥ സ്വരങ്ങളിൽ ഉച്ചരിക്കുമ്പോൾ അതിന്റെ അർത്ഥത്തിന് മാറ്റംവരുന്നു. ചൈനീസ് ഭാഷയുടെ വ്യാകരണം താരതമ്യേന ലളിതമാണ്. ഇതിൽ ലിംഗഭേദമോ ബഹുവചനങ്ങൾക്കായി പ്രത്യേക പ്രയോഗങ്ങളോ ഇല്ല. ഭൂത-ഭാവികാലങ്ങൾ സൂചിപ്പിക്കുന്നതിനായുള്ള പ്രത്യേക പ്രയോഗങ്ങളുമില്ല.

വിദേശികൾക്ക് വായിക്കാനും കമ്പ്യൂട്ടറുകളിൽ ടൈപ്പ് ചെയ്യാനുമായി 1950കളിൽ 'സൂയുബ' എന്ന ഭാഷാ ശാസ്ത്രജ്ഞൻ വികസിപ്പിച്ച 'പിൻയിൻ' സംവിധാനം വലിയ മാറ്റങ്ങൾ കൊണ്ടുവന്നു.

ചൈനയിൽ പരസ്പരം മനസ്സിലാക്കാൻ കഴിയാത്ത ഒട്ടേറെ പ്രാദേശിക ഭാഷകളുമുണ്ട്. ചൈനയുടെ ഔദ്യോഗികഭാഷയായുള്ളതും വടക്കൻ ചൈനയിലും മധ്യചൈനയിലുമായി എഴുപതിലേറെ ശതമാനം ജനങ്ങൾ സംസാരിക്കുന്നതുമായ 'മന്ദാരിൻ', ഹോങ്കോംഗ്, മക്കാവു, ഗുവാങ്സോങ് പ്രവിശ്യ എന്നിവിടങ്ങളിൽ സംസാരിക്കുന്ന 'യുവേ', ഷാങ്ഹായ് നഗരത്തിലും പ്രാന്തപ്രദേശങ്ങളിലും സംസാരിക്കുന്ന 'വു', ഫുജിയാൻ പ്രവിശ്യയിലും തായ്‌വാനിലും സംസാരിക്കുന്ന 'മിൻ', മധ്യ-ദക്ഷിണ ചൈനയിലെ വിവിധ ഭാഗങ്ങളിൽ സംസാരിക്കുന്ന 'ക്ലിയാങ്' തുടങ്ങിയവയെല്ലാം ഈ വിഭാഗത്തിൽപ്പെടുന്നവയാണ്.

ആഗോള ഉൽപ്പാദനത്തിന്റെയും വ്യാപാരത്തിന്റേയും കേന്ദ്രമായ ചൈന ലോകത്തിലെ രണ്ടാമത്തെ വലിയ സാമ്പത്തിക ശക്തിയാണ്. അന്താരാഷ്ട്ര വ്യാപാരരംഗത്തും കയറ്റിറക്കുമതി രംഗത്തുമെല്ലാം ഏർപ്പെട്ടിരിക്കുന്നവർക്ക് ചൈനീസ് ഭാഷ കൈകാര്യം ചെയ്യുവാനുള്ള കഴിവ് ഏറെ പ്രയോജനകരമാവുന്നു. വിവരസാങ്കേതിക വിദ്യ, വിനോദസഞ്ചാരം, വിദേശകാര്യം, നയതന്ത്രം

(ശേഷം 8–ാം പേജിൽ)

# ഭാരത് സേവക് സമാജ് 74-ാം സ്ഥാപക ദിനം പൊലിമയോടെ ആഘോഷിച്ചു

**ദേശീയ ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ ഉദ്ഘാടനം ചെയ്തു; ബി.എസ്.എസ് പ്രവർത്തകരെ നിശാന്തിനി ഐ.പി.എസ് തൂഫാൻ യോദ്ധാക്കളായി പ്രഖ്യാപിച്ചു; ദേശീയ നേതാക്കളെക്കുറിച്ചുള്ള മൂന്നുപുസ്തകങ്ങൾ പ്രകാശനം ചെയ്തു.**










*1. ബി.എസ്.എസ് 74-ാമത് സ്ഥാപക ദിനാഘോഷങ്ങൾ ദേശീയ ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു 2. ബി.എസ്. ബാലചന്ദ്രൻ രചിച്ച 'ഗോപാലകൃഷ്ണ ഗോഖലെ' എന്ന പുസ്തകം മുൻ മന്ത്രിയും ജനശ്രീ ചെയർമാനുമായ എം.എം. ഹസ്സൻ സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടർ എം.ആർ. തമ്പാനിൽ നിന്നും ഏറ്റുവാങ്ങുന്നു 3. ബി.എസ്. ബാലചന്ദ്രൻ രചിച്ച 'സർ മോക്ഷഗുണ്ഡം വിശ്വേശ്വരയ്യ' എന്ന കൃതിയുടെ പ്രകാശനകർമ്മം ഡോ.എം.ആർ. തമ്പാൻ പുസ്തകത്തിന്റെ പ്രതി ഡോ. ഡാർളി ഉമ്മൻ കോശിക്ക് നൽകിക്കൊണ്ട് നിർവ്വഹിക്കുന്നു*

## ശാസ്ത്ര ലോകം



ജയ ശ്രീകുമാർ

# ഹിറ്റ്ലറെ വിറപ്പിച്ച യുദ്ധവീരൻ - കമ്പ്യൂട്ടറിന്റെ പിതാവ് : ഒടുവിൽ ഒരു ആപ്പിളിൽ ഒടുങ്ങിയ ജീവിതം

**നമ്മൾ ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന വസ്തുക്കൾ കണ്ടെത്തിയവരെ പരിചയപ്പെടുത്തുന്ന ഒരു പംക്തിയാണ് ഇത്**

നിങ്ങൾ ഒരു കഥയോ ലേഖനമോ വായിക്കുന്നത് ഒരു സ്മാർട്ട്ഫോണിലോ കമ്പ്യൂട്ടറിലോ ആണെങ്കിൽ, അതിന് നിങ്ങൾ നന്ദി പറയേണ്ടത് ഒരാളോടാണ് അലൻ ട്യൂറിംഗ്. 1936-ൽ അലൻ ട്യൂറിംഗ് അവതരിപ്പിച്ച 'ട്യൂറിംഗ് യന്ത്രം' (Turing Machine) എന്ന സാങ്കൽപ്പിക മാതൃകയാണ് ഇന്നത്തെ കമ്പ്യൂട്ടറുകളുടെ പിതാവ്. മനുഷ്യൻ ചെയ്യുന്ന ഏത് സങ്കീർണ്ണമായ കണക്കുകൂട്ടലുകളും ഒരു യന്ത്രത്തിന് ചെയ്യാൻ സാധിക്കുമെന്ന് അദ്ദേഹം തെളിയിച്ചു. ഇന്ന് നിർമിത ബുദ്ധിയുടെ പല തരം സാധ്യതകളാണ് നമ്മുടെ മുന്നിൽ വിശാലമായി തുറന്നിട്ടിരിക്കുന്നത്. വീട്ടിലെ ഒരംഗത്തെപ്പോലെ എഐ ചാറ്റ്ബോട്ടുകളോട് ആളുകൾ സംസാരിക്കുന്ന കാലം.



എന്നാൽ 75 വർഷങ്ങൾക്ക് മുമ്പ് തന്നെ എഐയുടെ ഈ സാധ്യകളെപ്പറ്റി പറഞ്ഞ ശാസ്ത്രജ്ഞനാണ് അലൻ ട്യൂറിങ്. 1950-ൽ അദ്ദേഹം അവതരിപ്പിച്ച 'കമ്പ്യൂട്ടർ മെഷീനറി ആന്റ് ഇന്റലിജൻസ്' എന്ന പ്രബന്ധമാണ് ഇതിലേക്ക് പുതിയ വഴിത്തിരിവുണ്ടാക്കിയത്. 'ഒരു കമ്പ്യൂട്ടറിന് മനുഷ്യനെക്കൊണ്ട് അതൊരു മനുഷ്യനാണെന്ന് തോന്നിപ്പിക്കാൻ കഴിയുന്ന നിമിഷം ആ കമ്പ്യൂട്ടർ ഇന്റലിജന്റ് ആണെന്ന് പറയാൻ സാധിക്കും' എന്നാണ് ട്യൂറിങ് പറഞ്ഞത്. യന്ത്രങ്ങൾക്ക് ചിന്തിക്കാൻ കഴിയുമോ? ട്യൂറിംഗ് ചോദിച്ച ഈ ചോദ്യമാണ് ഇന്നത്തെ AI (Artificial Intelligence)-ലേക്ക് നയിച്ചത്. ഇന്ന് നമ്മൾ ചർച്ച ചെയ്യുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ ശേഷി അളക്കുന്ന 'ട്യൂറിംഗ് ടെസ്റ്റ്' അദ്ദേഹത്തിന്റെ പ്രതിഭയുടെ സാക്ഷ്യമാണ്. ഇന്ന് ആളുകൾ എഐയെ ആശ്രയിച്ച് ജീവിക്കുന്ന അവസ്ഥ വന്നു. എന്നാൽ അതിനു കാരണമായ ട്യൂറിംഗിന്റെ ജീവിതം ലോകചരിത്രത്തിലെ തന്നെ ഏറ്റവും വലിയ അനീതികളിൽ ഒന്നാണ്.

രണ്ടാം ലോകമഹായുദ്ധത്തിൽ ജർമ്മൻ സൈന്യത്തിന്റെ അതിസങ്കീർണ്ണമായ

(ശേഷം 7–ാം പേജിൽ)

**തിരുവനന്തപുരം:** ദേശീയ വികസന ഏജൻസി ഭാരത് സേവക് സമാജിന്റെ എഴുപത്തിനാലാമത് സ്ഥാപക ദിനാഘോഷങ്ങൾ ബി.എസ്.എസ് ആസ്ഥാനമായ കവടിയാർ സദ്ഭാവനാ ഭവനിൽ വിവിധ പരിപാടികളോടെ നടന്നു.

ആഘോഷപരിപാടികൾ ബി.എസ്.എസ് ദേശീയ ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ബി.എസ്.എസ് ഡയറക്ടർ ജനറൽ ജയ ശ്രീകുമാർ സ്വാഗതമാശംസിച്ചു.

ആഘോഷപരിപാടികളിലെ പ്രധാന ഇനം ബി.എസ്.എസ് പ്രവർത്തകരെ മയക്കുമരുന്നിനെതിരെ പോരാടുന്ന 'തൂഫാൻ' യോദ്ധാക്കളായി പ്രഖ്യാപിക്കുന്ന ചടങ്ങായിരുന്നു. സംസ്ഥാന സർക്കാരിന്റെ 'തൂഫാൻ' പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന നിശാന്തിനി ഐ.പി.എസ് സ്ഥാപക ദിനാഘോഷ ചടങ്ങിൽവെച്ച് പ്രസ്തുത കർമ്മം നിർവ്വഹിക്കുകയുണ്ടായി.




*ബി.എസ്.എസ് പ്രവർത്തകരെ 'തൂഫാൻ' യോദ്ധാക്കളായി പ്രഖ്യാപിച്ചുകൊണ്ട് നിശാന്തിനി ഐ.പി.എസ് സംസാരിക്കുന്നു*

പ്രധാനപ്പെട്ട മൂന്ന് ദേശീയ നേതാക്കളെക്കുറിച്ച് ബി.എസ്. ബാലചന്ദ്രൻ രചിച്ച മൂന്ന് കൃതികളുടെ പ്രകാശന കർമ്മവും തദവസരത്തിൽ നടന്നു. ദേശീയ പ്രതിഭകളായ ഗോപാലകൃഷ്ണ ഗോഖലെ, ബങ്കിംഗ് ചന്ദ്ര ചാറ്റർജി, സർ മോക്ഷഗുണ്ഡം വിശ്വേശ്വരയ്യ എന്നിവരെക്കുറിച്ച് അതേ പേരുകൾ നൽകി തയ്യാറാക്കിയ കൃതികളാണ് പ്രകാശിതമായത്. 'ഗോപാലകൃഷ്ണ ഗോഖലെ' എന്ന കൃതി മുൻ മന്ത്രിയും ജനശ്രീ ചെയർമാനുമായ എം.എം. ഹസ്സനും, 'ബങ്കിംഗ് ചന്ദ്ര ചാറ്റർജി' എന്ന പുസ്തകം ചെറിയാൻ ഫിലിപ്പും 'സർ മോക്ഷഗുണ്ഡം വിശ്വേശ്വരയ്യ' എന്ന ഗ്രന്ഥം ഡോ. ഡാർളി ഉമ്മൻ കോശിയും ഡോ. എം. ആർ. തമ്പാനിൽ നിന്നും ഏറ്റുവാങ്ങി.




*ബി.എസ്. ബാലചന്ദ്രൻ എഴുതിയ 'ബങ്കിംഗ് ചന്ദ്ര ചാറ്റർജി' എന്ന പുസ്തകം ഡോ. എം.ആർ. തമ്പാൻ പ്രകാശനം ചെയ്യുന്നു. ചെറിയാൻ ഫിലിപ്പ് പുസ്തകം ഏറ്റുവാങ്ങി*



# ആഗസ്റ്റ് ഡയറി

ആശ അരവിന്ദ്

## ആഗസ്റ്റ് 1

- കായികരംഗത്ത് ചരിത്രം കുറിച്ച്, പുരുഷന്മാരുടെ ഡെക്കാത്ത്ലോണിൽ മെഡൽ നേടുന്ന ആദ്യ ഇന്ത്യൻ താരമായി തേജസ്വിൻ ശങ്കർ മാറി. കോമൺവെൽത്ത് ഗെയിംസിൽ ആകെ 7,976 പോയിന്റുകൾ അക്കൗണ്ടിലാക്കിയാണ് അദ്ദേഹം ഈ വെങ്കല മെഡൽ നേട്ടം സ്വന്തമാക്കിയത്. ഹൈജമ്പിൽ നിലവിലെ ദേശീയ റെക്കോർഡ് ഉടമയായ തേജസ്വിൻ, പിന്നീട് ഡെക്കാത്ത്ലോണിലേക്ക് ചുവടുമാറ്റുകയും ഏഷ്യൻ ഗെയിംസിൽ വെള്ളി മെഡൽ ഉൾപ്പെടെ നേടി രാജ്യത്തിന്റെ അഭിമാനമായി മാറുകയും ചെയ്തു.

## ആഗസ്റ്റ് 2

- ഗ്ലാസ് ഗോയിൽ നടന്ന 2026-ലെ കോമവെൽത്ത് ഗെയിംസിന് കൊടിയിറങ്ങി. ഗെയിംസിൽ 39 മെഡലുകളുമായി ഇന്ത്യ മെഡൽ പട്ടികയിൽ നാലാമതെത്തി. 171 മെഡലുകളുമായി ഓസ്ട്രേലിയയാണ് മെഡൽപട്ടികയിൽ ഒന്നാമത്. ഇംഗ്ലണ്ട്(110) കാനഡ(62) എന്നീ രാജ്യങ്ങളാണ് തൊട്ടുപിന്നിൽ. ഗ്ലാസ്ഗോയിലെ സമാപനച്ചടങ്ങിൽ അടുത്ത ഗെയിംസിനായുള്ള ബാറ്റൺ ഇന്ത്യയ്ക്ക് കൈമാറി.

## ആഗസ്റ്റ് 3

- മരണാനന്തര അവയവദാന പ്രക്രിയ കാര്യക്ഷമമായി പുനരുജ്ജീവിപ്പിച്ചതിന് കേന്ദ്ര സർക്കാരിന്റെ ദേശീയ പുരസ്കാരം കേരളം സ്വന്തമാക്കി. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (KSOTTO) വഴിയുള്ള മാതൃകാപരമായ പ്രവർത്തനങ്ങളും മൃതസഞ്ജീവനി പദ്ധതി കൂടുതൽ ഊർജ്ജിതമാക്കിയതുമാണ് രാജ്യത്തെ മികച്ച സംസ്ഥാനത്തിനുള്ള ഈ പുരസ്കാരത്തിലേക്ക് കേരളത്തെ നയിച്ചത്.

## ആഗസ്റ്റ് 4

- നാല് വർഷത്തെ ഇടവേളയ്ക്ക് ശേഷം വിഴിഞ്ഞം തുറമുഖത്ത് ക്രൂ ചെയ്ഞ്ചിന് അനുമതി. ഔട്ടർ ആങ്കറേജിംഗ് സൗകര്യമുള്ള രാജ്യത്തെ എല്ലാ തുറമുഖങ്ങളിലും ക്രൂ ചെയ്ഞ്ച് അനുവദിച്ചുകൊണ്ട് ഉത്തരവിറക്കിയതോടെ വിഴിഞ്ഞത്തും ക്രൂ ചെയ്ഞ്ചിന് അനുമതി ലഭിച്ചത്. ക്രൂ ചെയ്ഞ്ച് ആരംഭിക്കുന്നതോടെ സർക്കാരിന് വീണ്ടും കോടികളുടെ വരുമാനം ലഭിക്കുമെന്നാണ് വിലയിരുത്തൽ. തുറമുഖത്തിന് ഏറ്റവും അടുത്താണ് വിമാനത്താവളമെന്നതാണ് വിഴിഞ്ഞത്തിന്റെ പ്രത്യേകത.

## ആഗസ്റ്റ് 5

- ജർമനിയിലെ എർലാംഗൻ നഗരസഭയുടെ വിദേശി ഉപദേശക സമിതിയിലേക്ക് (ഓസ്ലാന്റർ-ഉൻട് ഇന്റഗ്രേഷൻസ് ബൈറാത്ത് -AIB) തിരുവനന്തപുരം സ്വദേശിയായ ശ്രീറാം അയ്യർ തിരഞ്ഞെടുക്കപ്പെട്ടു. ഈ പദവിയിലെത്തുന്ന ആദ്യ മലയാളിയാണ് അദ്ദേഹം. വിദേശ രാജ്യങ്ങളിൽ നിന്ന് ജർമനിയിൽ എത്തുന്നവർക്ക് നഗര ഭരണകൂടവുമായി ബന്ധപ്പെടാൻ സഹായിക്കുന്ന ഔദ്യോഗിക സമിതിയാണിത്.

## ആഗസ്റ്റ് 6

- അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിന്റെ (ISS) വൈദ്യുതി ഉൽപ്പാദന ശേഷി വർധിപ്പിക്കുന്നതിന്റെ ഭാഗമായി നാസയുടെ രണ്ട് ബഹിരാകാശ സഞ്ചാരികൾ വിജയകരമായി 6 മണിക്കൂർ 27 മിനിറ്റ് നീണ്ട സ്പേസ്വാക്ക് (EVA) പൂർത്തിയാക്കി. പുതിയ ISS Roll-Out Solar Array (iROSA) സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള അവസാന മൗണ്ടിങ് ഹാർഡ്വെയർ ഘടിപ്പിക്കുകയായിരുന്നു സഞ്ചാരികളുടെ പ്രധാന ദൗത്യം.

## ആഗസ്റ്റ് 7

- പ്രശസ്ത ഇന്ത്യൻ അസ്ട്രോഫിസിസിസ്റ്റും ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആസ്ട്രോഫിസിക്സ് (IIA) ഡയറക്ടറുമായ ഡോ. അണ്ണാപൂർണി സുബ്രഹ്മണ്യത്തിന് 2026-ലെ അന്താരാഷ്ട്ര കോസ്പാർ വിക്രം സാരാഭായ് മെഡൽ (COSPAR Vikram Sarabhai Medal) ലഭിച്ചു. വികസ്വര രാജ്യങ്ങളിലെ ബഹിരാകാശ ഗവേഷണ രംഗത്തെ മികച്ച സംഭാവനകളെ ആദരിക്കാൻ കമ്മിറ്റി ഓൺ സ്പേസ് റിസർച്ചും (COSPAR) ഐഎസ്ആർഒയും (ISRO) സംയുക്തമായി നൽകുന്ന ഈ പുരസ്കാരം നേടുന്ന ആദ്യത്തെ ഇന്ത്യൻ വനിതയാണ് ഇവർ. ഈ ബഹുമതി നേടുന്ന നാലാമത്തെ ഇന്ത്യക്കാരിയായ ഡോ. അണ്ണാപൂർണിക്ക് 2024-ൽ ഭാരത സർക്കാരിന്റെ വിജ്ഞാൻ ശ്രീ പുരസ്കാരവും ലഭിച്ചിട്ടുണ്ട്.

## ആഗസ്റ്റ് 8

- ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ പ്രൊഫസർ എന്ന ഗിന്നസ് ലോക റെക്കോർഡ് സ്വന്തമാക്കി അമേരിക്കക്കാരനായ നാഥൻ തോമസ്. തന്റെ 18-ാം വയസ്സിലാണ് ഈ ചരിത്ര നേട്ടം കൈവരിച്ചത്. 18 വയസ്സും 346 ദിവസവും പ്രായമുള്ളപ്പോൾ അമേരിക്കയിലെ മയാമി ഡേഡ് കോളജിൽ എൻജിനീയറിങ് അധ്യാപകനായി ചുമതലയേറ്റ അദ്ദേഹം, കോളിൻ മക്ലോറിൻ എന്ന സ്കോട്ടിഷ് ഗണിതശാസ്ത്രജ്ഞന്റെ 306 വർഷം പഴക്കമുള്ള റെക്കോർഡാണ് തിരുത്തിക്കുറിച്ചത്.

## ആഗസ്റ്റ് 9

- പാലിയേറ്റീവ് കെയർ രംഗത്തെ അന്താരാഷ്ട്ര സംഭാവനകൾ പരിഗണിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് മെഡിസിൻ (IPM) സ്ഥാപക ഡയറക്ടർ ഡോ. സുരേഷ് കുമാറിനെ 2026ലെ ലോകാരോഗ്യ സംഘടനയുടെ (WHO) ദക്ഷിണേഷ്യൻ മേഖലയിലെ 'പബ്ലിക് ഹെൽത്ത് ചാമ്പ്യൻ' പുരസ്കാരത്തിനായി തിരഞ്ഞെടുത്തു. ഇന്ത്യയിലെ ആദ്യത്തെ സാമൂഹികാധിഷ്ഠിത പാലിയേറ്റീവ് കെയർ പ്രസ്ഥാനമായ പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ സൊസൈറ്റിയുടെ (PPCS) സ്ഥാപകരിൽ പ്രമുഖനാണ് ഡോ. സുരേഷ് കുമാർ.

## ആഗസ്റ്റ് 10

- പസഫിക് ദ്വീപ് രാഷ്ട്രമായ നൗറു (Nauru) തങ്ങളുടെ രാജ്യത്തിന്റെ പേര് ഔദ്യോഗികമായി 'റിപ്പബ്ലിക് ഓഫ് നാവോറോ' (Republic of Naoero) എന്ന് മാറ്റി. ഈ മാറ്റത്തോടെ അവിടത്തെ ജനങ്ങളെ 'നൗറാൻ' എന്നതിന് പകരം 'deiNaoero' എന്നും, രാജ്യത്തിന്റെ അന്താരാഷ്ട്ര കോഡ് NRU എന്നതിൽ നിന്ന് NRO എന്നും മാറ്റുമെന്ന് പ്രസിഡന്റ് ഡേവിഡ് അഡീയാങ് വ്യക്തമാക്കി.

## ആഗസ്റ്റ് 11

- ഉത്തർപ്രദേശിൽ നിരോധിച്ച ഹെക്സാക്ലോറോസൈക്ലോഹെക്സേൻ (HCH) എന്ന കീടനാശിനി അവശിഷ്ടങ്ങൾ തള്ളിയ വിഷലിപ്തമായ മണ്ണിൽ നിന്നും 'മൈക്രോബാക്ടീരിയം പൊലൂട്ടിസോളി' (Microbacterium pollutisoli) എന്ന പുതിയ ഇനം ബാക്ടീരിയയെ ഡൽഹി യൂണിവേഴ്സിറ്റിയിലെയും സി.എസ്.ഐ.ആർ.-എംടെക് (CSIRMTECH)ലെയും ശാസ്ത്രജ്ഞർ കണ്ടെത്തി. ഈ ബാക്ടീരിയയുടെ ജീനിൽ കാൻസർ പ്രതിരോധ സംയുക്തങ്ങൾ, എക്ടോയിൻ, വിറ്റാമിൻ നിർമ്മാണത്തിനുള്ള കരോട്ടിനോയിഡുകൾ എന്നിവ ഉത്പാദിപ്പിക്കാനുള്ള ജൈവ ഘടകങ്ങൾ അടങ്ങിയിട്ടുണ്ടെന്ന് ഗവേഷകർ സ്ഥിരീകരിച്ചു.

## ആഗസ്റ്റ് 12

- ബംഗളൂരു ആസ്ഥാനമായുള്ള ആസ്ട്രോബേസ് സ്പേസ് ടെക്നോളജീസ് രാജ്യത്തെ ആദ്യത്തെ ഫുൾ-ഫ്ലോ സ്റ്റേജ്ഡ് കംബസ്ഷൻ ലോക്സ്-മീഥെയ്ൻ റോക്കറ്റ് എഞ്ചിനായ 'EVEREST' വികസിപ്പിച്ചു. ഈ നേട്ടത്തോടെ, യു.എസ്.എ, റഷ്യ, ചൈന എന്നീ രാജ്യങ്ങൾക്ക് ശേഷം ഈ അത്യാധുനിക ബഹിരാകാശ സാങ്കേതികവിദ്യ സ്വന്തമാക്കുന്ന ലോകത്തിലെ നാലാമത്തെ രാജ്യമായി ഇന്ത്യ മാറി.

## ആഗസ്റ്റ് 13

- അരുണാചൽ പ്രദേശിലെ ലോഹിത് ജില്ലയിൽ, കംലാങ് ടൈഗർ റിസർവ്വിനുള്ളിൽ സ്ഥിതി ചെയ്യുന്ന ഗ്ലാവ് തടാകം (Glaw Lake) ഇന്ത്യയുടെ 101-ാമത് റാംസർ സൈറ്റായി പ്രഖ്യാപിക്കപ്പെട്ടു. അതീവ വംശനാശഭീഷണി നേരിടുന്ന വൈറ്റ്-ബെല്ലിഡ് ഹെറോൺ, ഹൂലോക്ക് ഗിബ്ബൺ തുടങ്ങിയ അപൂർവ ജീവികളുടെ ആവാസകേന്ദ്രമായ ഈ തടാകം, പ്രദേശത്തെ മിഷ്മി ഗോത്രവർഗ്ഗക്കാരുടെ പവിത്രമായ സാംസ്കാരിക കേന്ദ്രം കൂടിയാണ്.

## ആഗസ്റ്റ് 14

- 2026-ലെ 80-ാമത് സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് സായുധ സേനാംഗങ്ങൾക്കും കേന്ദ്ര സായുധ പോലീസ് സേനാംഗങ്ങൾക്കുമായി രാഷ്ട്രപതി ദ്രൗപതി മുർമു 78 ധീരതാ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. ഇതിൽ ഒൻപത് കീർത്തി ചക്രകളും (ഏഴെണ്ണം മരണാനന്തരം), 19 ശൗര്യ ചക്രകളും ഉൾപ്പെടെ 13 പുരസ്കാരങ്ങൾ മരണാനന്തര ബഹുമതിയായാണ് നൽകുന്നത്; ശൗര്യ ചക്ര ജേതാക്കളിൽ മലയാളിയായ മേജർ തരുൺ വാസുദേവനും ഉൾപ്പെടുന്നു.

## ആഗസ്റ്റ് 15

- ഇന്ത്യയുടെ 80-ാം സ്വാതന്ത്ര്യദിനം ആഘോഷിച്ചു. പ്രൗഢഗംഭീരമായ ചടങ്ങുകളോടെയാണ് 2026 ഓഗസ്റ്റ് 15-ന് ഭാരതം ചരിത്രപ്രധാനമായ ഈ ദിനം ആഘോഷിച്ചത്. ചരിത്രപ്രസിദ്ധമായ ചെങ്കോട്ടയിൽ നടന്ന മുഖ്യ ചടങ്ങിൽ പ്രധാനമന്ത്രി ദേശീയ പതാക ഉയർത്തുകയും രാജ്യത്തെ അഭിസംബോധന ചെയ്ത് സംസാരിക്കുകയും ചെയ്തു.

## ആഗസ്റ്റ് 16.

- ചരിത്ര പ്രസിദ്ധമായ തൃപ്പൂണിത്തുറ അത്തച്ചമയത്തോടെ സംസ്ഥാനത്ത് പത്തുനാൾ നീണ്ടുനിൽക്കുന്ന ഔദ്യോഗിക ഓണാഘോഷങ്ങൾക്ക് ഉജ്ജ്വല തുടക്കമായി. അത്തം നഗറായ ഗവ. ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ മൈതാനിയിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി വി. ഡി. സതീശൻ ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ മന്ത്രി അനൂപ് ജേക്കബ് അത്തപ്പതാക ഉയർത്തുകയും, ചലച്ചിത്ര താരം ജഗദീഷ് വർണ്ണാഭമായ സാംസ്കാരിക ഘോഷയാത്ര ഫ്ളാഗ് ഓഫ് ചെയ്യുകയും ചെയ്തു.

## ആഗസ്റ്റ് 17.

- കേവലം 38 മിനിറ്റിന്റെ വ്യത്യാസത്തിൽ രണ്ട് ഫാൽക്കൺ9 റോക്കറ്റുകൾ വിജയകരമായി വിക്ഷേപിച്ച് സ്പേസ് എക്സ് പുതിയ ആഗോള റെക്കോർഡ് സ്ഥാപിച്ചു. 2026 ഓഗസ്റ്റ് 15-നായിരുന്നു ഈ ചരിത്രപ്രധാനമായ വിക്ഷേപണം നടന്നത്. അമേരിക്കയിലെ ഫ്ളോറിഡയിലുള്ള കേപ് കനാവറാലിൽ നിന്ന് രാത്രി 9.12-ന് ആദ്യ റോക്കറ്റും, തുടർന്ന് 38 മിനിറ്റുകൾക്ക് ശേഷം രാത്രി 9.50-ന് കലിഫോർണിയയിലെ വാണ്ടൻബെർഗിൽ നിന്ന് രണ്ടാമത്തെ റോക്കറ്റും കുതിച്ചുയർന്നു.

## ആഗസ്റ്റ് 18

- 2025-ലെ ദേശീയ കായിക പുരസ്കാരങ്ങളിൽ മലയാളികളായ അത്‌ലറ്റിക്സ് താരം മുഹമ്മദ് അജ്മലിനും ബാഡ്മിന്റൺ താരം ട്രീസ ജോളിക്കും രാജ്യത്തിന്റെ പരമോന്നത കായിക ബഹുമതികളിലൊന്നായ അർജുന അവാർഡ്. ഒളിമ്പ്യൻ മുഹമ്മദ് അജ്മലിനും കോമൺവെൽത്ത് ഗെയിംസ് മെഡൽ ജേതാവായ ട്രീസ ജോളിക്കും പുറമെ ബാഡ്മിന്റൺ താരം ഗായത്രി ഗോപിചന്ദ്, ചെസ്സ് താരങ്ങളായ വിദിത് ഗുജറാത്തി, ദിവ്യ ദേശ്മുഖ് എന്നിവരുൾപ്പെടെ ആകെ 17 കായിക പ്രതിഭകളാണ് ഇത്തവണ അർജുന പുരസ്കാരത്തിന് അർഹരായത്. അതേസമയം, ഇത്തവണത്തെ മേജർ ധ്യാൻചന്ദ് ഖേൽരത്ന പുരസ്കാരത്തിന് ആരെയും തെരഞ്ഞെടുത്തിട്ടില്ലെന്നത് ശ്രദ്ധേയമായി. വരാനിരിക്കുന്ന പ്രത്യേക ചടങ്ങിൽ ഇന്ത്യൻ രാഷ്ട്രപതി ജേതാക്കൾക്ക് പുരസ്കാരങ്ങൾ സമ്മാനിക്കും.

## ആഗസ്റ്റ് 19

- അടിയന്തര രക്ഷാപ്രവർത്തനങ്ങൾക്കായി അത്യാധുനിക സാങ്കേതികവിദ്യയോടെ 'സൈബോർഗ് പാറ്റകളെ' (Paraborgs) ഓസ്ട്രേലിയൻ ശാസ്ത്രജ്ഞർ വികസിപ്പിച്ചെടുത്തു. ഭൂകമ്പം പോലുള്ള ദുരന്തമുഖങ്ങളിൽ മനുഷ്യർക്കോ വലിയ യന്ത്രങ്ങൾക്കോ എത്തിപ്പെടാൻ കഴിയാത്ത ഇടുങ്ങിയ അവശിഷ്ടങ്ങൾക്കിടയിലൂടെ സഞ്ചരിക്കാൻ വടക്കൻ ക്വീൻസ്ലാൻഡിലെ ഭീമൻ പാറ്റകളെയാണ് (Giant Burrowing Cockroach) ഗവേഷകർ ഉപയോഗിച്ചിരിക്കുന്നത്. ദുരന്തബാധിതരെ കണ്ടെത്താനും അവർക്ക് ജീവൻ രക്ഷാ മരുന്നുകൾ കൃത്യമായി കുത്തിവെക്കാനും ഈ സൈബോർഗ് പാറ്റകൾക്ക് സാധിക്കും.

## ആഗസ്റ്റ് 20.

- പെരിയാർ പശുവിന് അംഗീകാരം. ദേശീയ തലത്തിൽ അംഗീകാരം ലഭിക്കുന്ന നാടൻ പശുവായി പെരിയാർ പശുവിനം. വെച്ചൂർ പശുവിന് ശേഷം കേരളത്തിൽ നിന്ന് ദേശീയ അംഗീകാരം ലഭിക്കുന്ന രണ്ടാമത്തെ പശുവിനമായി പെരിയാർ പശു. ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച് - നാഷണൽ ബ്യൂറോ ഓഫ് അനിമൽ ജനറ്റിക് റിസോഴ്സസാണ് പെരിയാർ കാറ്റിൽ എന്ന ജെനുസിന് അംഗീകാരം നൽകിയത്.

## ആഗസ്റ്റ് 21

- ഇന്ത്യയുടെ അധ്യക്ഷതയിൽ 14-ാമത് ബ്രിക്സ് (BRICS) ശാസ്ത്ര-സാങ്കേതിക-നൂതനാശയ മന്ത്രിതല യോഗം 2026 ഓഗസ്റ്റ് 21-ന് ചെന്നൈയിൽ വെച്ച് വിജയകരമായി നടന്നു. 'പ്രതിരോധശേഷി, നവീകരണം, സഹകരണം, സുസ്ഥിരത എന്നിവയ്ക്കായുള്ള നിർമ്മിതി' എന്ന പ്രമേയത്തിലൂന്നി നടന്ന സമ്മേളനത്തിൽ നിർമ്മിത ബുദ്ധി (AI), ക്വാണ്ടം ടെക്നോളജി, സൈബർ സുരക്ഷ, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ അത്യാധുനിക മേഖലകളിലെ സംയുക്ത ഗവേഷണങ്ങൾക്കും സ്റ്റാർട്ടപ്പ് ഇന്നൊവേഷൻ ഫണ്ട് രൂപീകരണത്തിനും തീരുമാനമായി.

## ആഗസ്റ്റ് 22

- പ്രശസ്ത ഇന്ത്യൻ ഭൗതിക ശാസ്ത്രജ്ഞനായ പ്രൊഫസർ ദീപക് ധർ 2026-ലെ അന്താരാഷ്ട്ര ഡിറാക് മെഡലിന് (Dirac Medal 2026) അർഹനായി. 'സ്റ്റാറ്റിസ്റ്റിക്കൽ മെക്കാനിക്സ്' എന്ന ഭൗതിക ശാസ്ത്ര ശാഖയിലെയും സങ്കീർണ്ണമായ ഭൗതിക വ്യവസ്ഥകളിലെയും (Complex Systems) അദ്ദേഹത്തിന്റെ സമാനതകളില്ലാത്ത ഗവേഷണ സംഭാവനകളെ മുൻനിർത്തിയാണ് ഇറ്റലിയിലെ അബ്ദുസലാം ഇന്റർനാഷണൽ സെന്റർ ഫോർ തിയററ്റിക്കൽ ഫിസിക്സ് (ICTP) ഈ പുരസ്കാരം പ്രഖ്യാപിച്ചത്. നിലവിൽ ബെംഗളൂരുവിലെ ICTSTIFR-ൽ ഡിസ്റ്റിംഗ്വിഷ്ഡ് പ്രൊഫസറായ ദീപക് ധർ, ഈ അഭിമാനകരമായ പുരസ്കാരം നേടുന്ന രണ്ടാമത്തെ ഇന്ത്യൻ ശാസ്ത്രജ്ഞനാണ്.

## ആഗസ്റ്റ് 23.

- ആലപ്പുഴ പുന്നമടക്കായലിൽ വച്ച് ആവേശകരമായി നടന്ന 72-ാമത് നെഹ്റു ട്രോഫി വള്ളംകളിയിൽ പള്ളാത്തുരുത്തി ബോട്ട് ക്ലബ്ബ് (PBC) തുഴഞ്ഞ 'കാട്ടിൽ തെക്കേതിൽ ചുണ്ടൻ' ജേതാക്കളായി. ഒപ്പത്തിനൊപ്പം പോരാടിയ നടുഭാഗം ചുണ്ടനെ രണ്ടാം സ്ഥാനത്തേക്ക് തള്ളിയാണ് കാട്ടിൽ തെക്കേതിൽ കിരീടം ചൂടിയത്. വിയറ്റ്പുരം ചുണ്ടൻ മൂന്നാം സ്ഥാനവും ചമ്പക്കുളം ചുണ്ടൻ നാലാം സ്ഥാനവും നേടി. ഇതോടെ പള്ളാത്തുരുത്തി ബോട്ട് ക്ലബ്ബ് നെഹ്റു ട്രോഫി വള്ളംകളിയിൽ തുടർച്ചയായ അഞ്ചാം വിജയമെന്ന അപൂർവ്വ നേട്ടം സ്വന്തമാക്കി.

## ആഗസ്റ്റ് 24

- തനതായ മലയാളി സാങ്കേതിക തികവോടെ നൂറ്റാണ്ടുകൾ പഴക്കമുള്ള താളിയോല ഗ്രന്ഥങ്ങൾ കേടുപാടുകൾ കൂടാതെ മിനിറ്റുകൾക്കകം വൃത്തിയാക്കാനും ഡിജിറ്റൈസ് ചെയ്യാനും 'സ്മൃതി 1.0' എന്ന അത്യാധുനിക റോബട്ടിക് മെഷീൻ വികസിപ്പിച്ചെടുത്ത കാത്‌ലിൻ മേരി ജീസൻ, നവിക ഡി നായർ എന്നീ 14 വയസ്സുകാരികളായ പെൺകുട്ടികൾ, ഹൈദരാബാദിൽ നടന്ന വേൾഡ് റോബോട്ട് ഒളിംപ്യാഡ് (WRO) ഇന്ത്യ നാഷണൽ ചാമ്പ്യൻഷിപ്പിൽ സ്വർണ്ണ മെഡൽ നേടി രാജ്യത്തിന്റെ അഭിമാനമായി മാറിയിരിക്കുകയാണ്. ഇന്ത്യയിലുടനീളമുള്ള നിരവധി പ്രതിഭകളോട് മത്സരിച്ച് 'ഫ്യൂച്ചർ ഇന്നവേറ്റേഴ്സ് - സീനിയർ' വിഭാഗത്തിലാണ് ഇവരുടെ 'ടീം യുഡബ്ല്യുആർ സിനർജി' ഈ ചരിത്ര വിജയം സ്വന്തമാക്കിയത്. റോബട്ടിക്സ്, നിർമ്മിതബുദ്ധി (അക), ഒസിആർ (OCR) സാങ്കേതികവിദ്യകൾ സമന്വയിപ്പിച്ച ഈ പ്രോജക്റ്റിലൂടെ, ഡിസംബറിൽ പ്യൂർട്ടോ റിക്കോയിൽ (Puerto Rico) നടക്കുന്ന അന്താരാഷ്ട്ര വേൾഡ് റോബോട്ട് ഒളിംപ്യാഡ് ഫൈനൽസിൽ ഇന്ത്യയെ പ്രതിനിധീകരിക്കാനുള്ള സുവർണ്ണാവസരവും ഈ മലയാളി പെൺകുട്ടികൾ സ്വന്തമാക്കി.

## ആഗസ്റ്റ് 25.

- 2026-ലെ മിസ് യൂണിവേഴ്സ് ഇന്ത്യ കിരീടം കേരളത്തിൽ നിന്നുള്ള 19-കാരി കെസിയ ലിസ് മെജോ സ്വന്തമാക്കി. രാജസ്ഥാനിലെ ജയ്പൂരിലുള്ള സീ സ്റ്റുഡിയോസിൽ വെച്ച് നടന്ന മൂന്നാമത് മിസ് യൂണിവേഴ്സ് ഇന്ത്യ മത്സരത്തിലാണ് 52 മത്സരാർത്ഥികളെ പിന്നിലാക്കി കെസിയ ഈ ചരിത്രനേട്ടം കൈവരിച്ചത്. ഇതോടെ മിസ് യൂണിവേഴ്സ് ഇന്ത്യ പട്ടം നേടുന്ന ആദ്യ മലയാളി എന്ന റെക്കോർഡും കെസിയ സ്വന്തം പേരിലാക്കി. 2025-ലെ വിജയിയായ മണിക വിശ്വകർമ യാണ് കെസിയയെ കിരീടമണിയിച്ചത്.

## ആഗസ്റ്റ് 26

- ആഫ്രിക്കൻ രാജ്യങ്ങളായ ബറുണ്ടി, ഘാന, ഗിനിയ-ബിസൗ, കോംഗോ, ഉഗാണ്ട എന്നിവ ടൈപ്പ്-2 പോളിയോ വൈറസ് ബാധയിൽ നിന്നും പൂർണ്ണ മുക്തി നേടിയതായി ലോകാരോഗ്യ സംഘടന സ്ഥിരീകരിച്ചു. ജനുവരി മുതൽ ജൂൺ വരെയുള്ള മാസങ്ങളിൽ ഇൻഡിപെൻഡന്റ് ഔട്ട്ബ്രേക്ക് റെസ്പോൺസ് അസസ്മെന്റ് ടീം നടത്തിയ കർശനമായ രോഗനിരീക്ഷണങ്ങൾക്കും ലബോറട്ടറി പരിശോധനകൾക്കും ശേഷമാണ് ഈ പ്രഖ്യാപനം. ശക്തമായ വാക്സിനേഷൻ കാമ്പെയ്നുകളിലൂടെയും വിപുലമായ നിരീക്ഷണ സംവിധാനങ്ങളിലൂടെയുമാണ് ഈ രാജ്യങ്ങൾ ഈ വലിയ നേട്ടം കൈവരിച്ചത്.

## ആഗസ്റ്റ് 27

- ഹംഗറിയിൽ നടന്ന 2026 കനിസ ഓപ്പൺ ചെസ്സ് ടൂർണമെന്റിൽ ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർ പ്രണേഷ് എം. ചാമ്പ്യനായി. 19-കാരനായ പ്രണേഷ് ഒമ്പത് റൗണ്ടുകളിൽ നിന്ന് 7 പോയിന്റുകൾ നേടിയാണ് ഈ മികച്ച വിജയം സ്വന്തമാക്കിയത്. അവസാന റൗണ്ടിൽ ജർമ്മനിയുടെ വാദിം പെട്രോവ്സ്കിയെ പരാജയപ്പെടുത്തിയാണ് അദ്ദേഹം കിരീടം ഉറപ്പിച്ചത്. ഇസ്രായേലിന്റെ ഓർ ബ്രോൺസ്റ്റൈൻ, ഉക്രെയ്ന്റെ ആൻഡ്രി വൊളോക്കിറ്റിൻ, ഇന്ത്യയുടെ കാർത്തിക് വെങ്കട്ടരാമൻ എന്നിവരും 7 പോയിന്റുകൾ വീതം നേടി ഒപ്പമുണ്ടായിരുന്നെങ്കിലും, മികച്ച ടൈബ്രേക്കർ സ്കോറിന്റെ അടിസ്ഥാനത്തിൽ പ്രണേഷ് ഒന്നാം സ്ഥാനം നേടുകയായിരുന്നു. തമിഴ്നാട്ടിലെ കാരൈക്കുടി സ്വദേശിയായ പ്രണേഷ് നിലവിൽ ലോക റാങ്കിങ്ങിൽ 44-ാം സ്ഥാനത്താണ്.

## ആഗസ്റ്റ് 28

- അമേരിക്കയിലെ സെന്റ് ലൂയിസിൽ നടന്ന 2026 ഗ്രാൻഡ് ചെസ് ടൂർ ഫൈനലിൽ നിലവിലെ ചാമ്പ്യനും ലോക രണ്ടാം നമ്പർ താരവുമായ ഫാബിയാനോ കരുവാനയെ 15–13 എന്ന സ്കോറിന് പരാജയപ്പെടുത്തി ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർ ആർ. പ്രഗ്നാനന്ദ ചരിത്ര കിരീടം സ്വന്തമാക്കി. ക്ലാസിക്കൽ മത്സരങ്ങൾക്ക് ശേഷം 6 പോയിന്റുകൾക്ക് പിന്നിലായിരുന്ന പ്രഗ്നാനന്ദ, റാപ്പിഡ്-ബ്ലിറ്റ്സ് റൗണ്ടുകളിൽ ഗംഭീര തിരിച്ചുവരവ് നടത്തിയാണ് ഈ കിരീടം നേടുന്ന ആദ്യ ഇന്ത്യക്കാരൻ എന്ന റെക്കോർഡ് കുറിച്ചത്. 2 ലക്ഷം യുഎസ് ഡോളർ (ഏകദേശം 1.67 കോടി രൂപ) സമ്മാനത്തുക നേടിയ ഈ വിജയത്തോടെ, 2027-ലെ ഗ്രാൻഡ് ചെസ് ടൂറിലേക്ക് അദ്ദേഹം നേരിട്ട് യോഗ്യതയും ഉറപ്പാക്കി.

## ആഗസ്റ്റ് 29

- നെതർലൻഡ്സിലും ബെൽജിയത്തിലുമായി നടന്ന 2026-ലെ എഫ്.ഐ.എച്ച് ഹോക്കി ലോകകപ്പിൽ പുരുഷ വിഭാഗത്തിൽ ജർമനിയും വനിതാ വിഭാഗത്തിൽ അർജന്റീനയും കിരീടം ചൂടി. ഇതോടെ ഏറ്റവും കൂടുതൽ ലോകകപ്പ് നേടിയ പാകിസ്താന്റെ റെക്കോർഡിനൊപ്പം (4 കിരീടങ്ങൾ) ജർമനിയുമെത്തി. നിശ്ചിത സമയത്ത് ഇരുടീമുകളും 1-1 സമനില പാലിച്ചതിനെ തുടർന്നാണ് മത്സരം ഷൂട്ടൗട്ടിലേക്ക് നീണ്ടത്. ടൂർണമെന്റിൽ മികച്ച പ്രകടനം പുറത്തെടുത്ത ഇന്ത്യൻ വനിതാ ടീം അഞ്ചാം സ്ഥാനം നേടിയപ്പോൾ, ഇന്ത്യൻ പുരുഷ ടീം എട്ടാം സ്ഥാനത്താണ് ഫിനിഷ് ചെയ്തത്.

## ആഗസ്റ്റ് 30.

- ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ഉസ്ബെക്കിസ്താന്റെ പരമോന്നത ഔദ്യോഗിക ബഹുമതിയായ 'ഓർഡർ ഓഫ് ഒലി ദരാജലി ദൂസ്ത്‌ലിക്' (Order of Oliy Darajali Dustlik) സമ്മാനിച്ചു. ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധവും സൗഹൃദവും ശക്തമാക്കുന്നതിൽ അദ്ദേഹം നൽകിയ അസാധാരണമായ സംഭാവനകളെ മുൻനിർത്തി ഉസ്ബെക്കിസ്താൻ പ്രസിഡന്റ് ഷൗക്കത്ത് മിർസിയോയേവാണ് ഈ പുരസ്കാരം സമർപ്പിച്ചത്. 'സൗഹൃദം' എന്നർത്ഥം വരുന്ന 'ദൂസ്ത്‌ലിക്' എന്ന വാക്ക് ഇരുരാജ്യങ്ങളും തമ്മിലുള്ള ആഴമേറിയ സാംസ്കാരികവും ചരിത്രപരവുമായ ബന്ധത്തെയാണ് സൂചിപ്പിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## ആഗസ്റ്റ് 31

- ഇന്ത്യയും തായ്‌ലൻഡും തമ്മിലുള്ള സംയുക്ത സൈനിക അഭ്യാസമായ 'മൈത്രി' (Exercise MAITREEXV) തായ്‌ലൻഡിലെ സൂറത് താനിയിൽ ആരംഭിച്ചു . ഇരു രാജ്യങ്ങളും തമ്മിലുള്ള പ്രതിരോധ സഹകരണം ശക്തമാക്കുക, തീവ്രവാദ വിരുദ്ധ പ്രവർത്തനങ്ങളിൽ സംയുക്ത തന്ത്രങ്ങൾ രൂപീകരിക്കുക എന്നിവ ലക്ഷ്യമിട്ട് 2006-ലാണ് ഈ വാർഷിക സൈനികാഭ്യാസം ആരംഭിച്ചത്. ഇത്തവണത്തെ അഭ്യാസത്തിൽ ഇന്ത്യൻ ആർമിയിൽ നിന്നും റോയൽ തായ് ആർമിയിൽ നിന്നും 85 സൈനികർ വീതം പങ്കെടുത്തു. കാടുകളിലും അർദ്ധ നഗരപ്രദേശങ്ങളിലും നേരിടുന്ന സുരക്ഷാ വെല്ലുവിളികളെ അതിജീവിക്കാനും, ഇരു സൈന്യങ്ങളും തമ്മിലുള്ള പരസ്പര ബന്ധവും പ്രവർത്തന മികവും വർദ്ധിപ്പിക്കാനും ഈ രണ്ടാഴ്ചത്തെ സംയുക്ത പരിശീലനം സഹായിച്ചു.

# ഇടത്-വലത് മാടുകളെ അടിക്കുന്നത് ഒരേ വടികൊണ്ടുതന്നെ

നമുക്ക് ജീവിതത്തിൽ അനേകം പുഞ്ചിരികളും ചിരികളും കാണാനാവും. എന്നാൽ എല്ലാ പുഞ്ചിരികളും ചിരികളും സ്നേഹത്താലാവൃതമെന്ന് തെറ്റിദ്ധരിക്കരുത്. സ്വന്തം കാര്യസാധ്യത്തിനുവേണ്ടി ചിരിക്കുന്നവരും പുഞ്ചിരിക്കുന്നവരും ഇല്ലാതില്ല. ഈ അഭിനയം നാം തിരിച്ചറിയണം! ജീവിതത്തിൽ നാം നടിക്കാൻ പഠിച്ചില്ലെങ്കിലും നടിക്കുന്നവരെ തിരിച്ചറിയാൻ പഠിച്ചേ തീരൂ. ചിലരൊക്കെ ഒപ്പമുണ്ടാകുന്നത് സ്നേഹത്താലല്ല. മറിച്ച് സ്വന്തം ആവശ്യങ്ങൾ നേടാനായിരിക്കും. അവർ നിങ്ങളെ നിരന്തരം തെറ്റിദ്ധരിപ്പിച്ചുകൊണ്ടേയിരിക്കും. സ്വാർത്ഥ താൽപര്യമായിരിക്കും അതിനുപിന്നിൽ! ഒന്നോർക്കുക; ഇടത്തെ മാടിനെ അടിക്കുന്ന അതേ വടികൊണ്ടുതന്നെയായിരിക്കും വലത്തെ മാടിനെയും അടിക്കുക.! ചിലരുടെ കരുതൽപോലും നാട്യമായിരിക്കും. വിശ്വസിച്ചവരിൽനിന്നും ലഭിക്കുന്ന വേദനയായിരിക്കും ഏറ്റവും വലിയ നീറ്റലുണ്ടാക്കുക! അതുകൊണ്ട് മനുഷ്യരെ മനസ്സിലാക്കാൻ പഠിക്കുക. നിരന്തരം മറ്റുള്ളവരെക്കുറിച്ചു കുറ്റം പറയുന്നവരെ പ്രത്യേകം സൂക്ഷിക്കുക!

# ദാമ്പത്യം മധുരിക്കാൻ....

ദാമ്പത്യം എന്നാൽ വിവാഹിതരായ സ്ത്രീയും പുരുഷനും ഒരുവീട്ടിൽ ഒന്നിച്ച് താമസിക്കുന്നതിന്റെ പേരല്ല. മറിച്ച് ഭാര്യാ-ഭർത്താക്കന്മാർ പരസ്പരം മനസ്സിലാക്കിയും വിട്ടുവീഴ്ചകൾ ചെയ്തും, തെറ്റിദ്ധാരണകൾ ഒഴിവാക്കിയും പുറത്തുപറയാതെ ഉള്ളിൽ ഒതുക്കിയ വേദനകൾപോലും തിരിച്ചറിഞ്ഞും; പണത്തിനുവേണ്ടിയോ അല്ലെങ്കിൽ മറ്റെന്തെങ്കിലുമൊന്നിനുവേണ്ടിയോ തമ്മിൽ ഭിന്നിപ്പിക്കാൻ നോക്കുന്നവരുടെ കെണിയിൽ കുടുങ്ങാതെയും, വേദനയിലും സന്തോഷത്തിലും പരസ്പരം ചേർത്തുപിടിച്ചും, 'ആകാശം ഇടിഞ്ഞുവീണാലും ഞാൻ ഒപ്പമുണ്ട്' എന്ന് പരസ്പരം ഉറപ്പുനൽകിയും തീരുമാനിച്ചും, തെറ്റുകൾ പരസ്പരം മനസ്സിലാക്കിയും വിട്ടുവീഴ്ചകളിലൂടെ പരിഹരിച്ചും പരസ്പരം ജീവൻ നൽകാൻപോലും തയ്യാറായും പരസ്പരം താങ്ങായും തണലായും ജീവിക്കുന്നതാണ് യഥാർത്ഥ "ദാമ്പത്യം".

ഈ വിധത്തിൽ പരസ്പര ധാരണയോടെ ജീവിക്കാൻ തുടങ്ങുമ്പോൾ ഏതൊരു ദാമ്പത്യബന്ധവും മനോഹരമാവും!!

# ‘ഭാരത് സേവക്’ ബഹുമതി നൽകി ആദരിച്ചു

**‘ഭാരത് സേവക്’ ബഹുമതികൾ ബി.എസ്. ബാലചന്ദ്രൻ സമ്മാനിക്കുന്നു**



പ്രൊഫ. എം. മുഹമ്മദ് അസ്ലം



ഹാഷിം എൻ കെ



ഡോ. കവിത ബാലകൃഷ്ണൻ

## പ്രൊഫ. എം. മുഹമ്മദ് അസ്ലം

കോഴിക്കോട് മുയിപ്പോത്ത് സ്വദേശി. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച വിദ്യാഭ്യാസചിന്തകനും അധ്യാപകനുമാണ്. അധ്യാപനത്തെ ഒരു തൊഴിൽ എന്നതിലുപരി സാമൂഹികപരിവർത്തനത്തിനുള്ള ഏറ്റവും ശക്തമായ ഉപാധിയായി കണ്ട വ്യക്തിത്വമാണ്. അക്കാദമിക മികവും മാനുഷിക മൂല്യങ്ങളും സ്ഥാപനനിർമാണശേഷിയും സമന്വയിപ്പിച്ച പ്രവർത്തനങ്ങൾ നടത്തി. വിദ്യാർത്ഥികളുടെ ചിന്താശേഷി വളർത്തുകയും വിഷയത്തെ ജീവിതാനുഭവങ്ങളുമായി ബന്ധിപ്പിക്കുകയും ചെയ്യുന്ന അധ്യാപനരീതിസ്വീകരിച്ചു. വിദ്യാഭ്യാസഭരണരംഗത്തും അക്കാദമിക നിലവാരം ഉയർത്തുന്നതിലും ഗവേഷണാന്തരീക്ഷം ശക്തിപ്പെടുത്തുന്നതിലും നിർണായക പങ്കുവഹിച്ചു. സ്വയംഭരണ കോളേജുകളുടെ പരീക്ഷാ സംവിധാനങ്ങൾക്ക് മാതൃകയായി മാറിയ നിരവധി ഭരണപരമായ രീതികൾ നേതൃത്വത്തിൽ രൂപം കൊണ്ടുവന്നു. കാലിക്കറ്റ് സർവകലാശാലയുടെ വിവിധ അക്കാദമിക ചുമതലകളിലും സജീവസാന്നിധ്യമായിരുന്നു. പി.ജി. വൈവാ ബോർഡിന്റെ ചെയർമാനായും അംഗമായും നിരവധി തവണ സേവനമനുഷ്ഠിച്ചു. പി.ജി.യും യു.ജിയും ബോർഡ് ഓഫ് വാലുവേഷന്റെ ചെയർമാനായും പ്രവർത്തിച്ചു. സർവകലാശാലയുടെ യു.ജി. ബോർഡ് ഓഫ് സ്റ്റഡീസിലെ അംഗമായ് പാഠ്യപദ്ധതി വികസനത്തിലും അക്കാദമിക നയരൂപീകരണത്തിലും നിർണായക സംഭാവനകൾ നൽകി. ദേശീയ സേവന പദ്ധതിയുടെ (NSS) പ്രോഗ്രാം ഓഫീസറായി നാല് വർഷം പ്രവർത്തിച്ചു. പേരാമ്പ്ര ഡിഗ്നിറ്റി കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസസിന്റെ പ്രിൻസിപ്പൽ എന്ന നിലയിൽ ഉത്തര മലബാറിലെ ശ്രദ്ധേയമായ സ്വാശ്രയ കോളേജുകളിലൊന്നാക്കി ഉയർത്തുന്നതിൽ നിർണായക പങ്കുവഹിച്ചു.

സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളിലേക്ക് വിദ്യാർത്ഥികളെ എത്തിച്ചേരാൻ പ്രോത്സാഹിപ്പിച്ചു. വിവിധ സാമൂഹിക ഇടപെടലുകൾ, ഗ്രാമവികസന പ്രവർത്തനങ്ങൾ, വിദ്യാഭ്യാസ സഹായപദ്ധതികൾ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ, വായനാ-സാംസ്കാരിക പ്രവർത്തനങ്ങൾ, സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ, യുവജന നേതൃത്വ പരിശീലനങ്ങൾ, കരിയർ മാർഗനിർദേശ ക്യാമ്പുകൾ, സാമൂഹിക ബോധവൽക്കരണ പരിപാടികൾ എന്നിവയിലൂടെ വിദ്യാഭ്യാസവും സാമൂഹിക ഉത്തരവാദിത്തവും ഒരുമിപ്പിക്കുന്ന മാതൃക സൃഷ്ടിച്ചു. ഉത്തരമലബാറിലെ പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങൾക്ക് പുതിയ പ്രതീക്ഷയും അവസരങ്ങളും സൃഷ്ടിക്കുകയും സാമൂഹിക പ്രതിബദ്ധതയുള്ള വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും തലമുറകളെ വളർത്തുകയും ചെയ്തു.

## ഹാഷിം എൻ കെ.

വടകര ആയഞ്ചേരി സ്വദേശി. ഭൗതിക ശാസ്ത്രജ്ഞൻ, വിദ്യാഭ്യാസ പ്രവർത്തകൻ. വയനാട് മുട്ടിൽ ഡബ്ല്യു.എം.ഒ ആർട്സ് ആൻഡ് സയൻസ് കോളേജ് ഭൗതിക ശാസ്ത്ര വിഭാഗം മേധാവി, സ്കൂൾ, കോളേജ്, സർവകലാശാല ഗവേഷണ മേഖലകൾ എന്നിവയിലുടനീളം വിപുലമായ പ്രൊഫഷണൽ അനുഭവം കൈവരിച്ച വ്യക്തി. എം.എം.എച്ച്, കോഴിക്കോട്; ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ വളയം; ഫറൂഖ് കോളേജ് കോഴിക്കോട്; പുതുച്ചേരി സെൻട്രൽ സർവകലാശാലയിലെ ഗവേഷണ ലബോറട്ടറി എന്നിവിടങ്ങളിലെ സേവന പരിചയം. ഇപ്പോൾ വയനാട മുട്ടിൽ ഡബ്ല്യു.എം.ഒ ആർട്സ് ആൻഡ് സയൻസ് കോളേജിലെ ഭൗതിക ശാസ്ത്ര വിഭാഗത്തെ നയിക്കുന്നു. അക്കാദമിക് പദ്ധതീകരണം, സ്ഥാപന വികസനം, വിദ്യാർത്ഥി മാർഗനിർദേശം, OBE (Outcome Based Education) എന്നിവയിൽ ശക്തമായ ശ്രദ്ധ ചെലുത്തുന്നു. വിദ്യാഭ്യാസ പ്രവർത്തനങ്ങളിലും സാമൂഹിക ശാക്തീകരണ പ്രവർത്തനങ്ങളിലും സജീവമായി ഇടപെടുന്നു. കേരള സർക്കാരിൽ രജിസ്റ്റർ ചെയ്ത എൻജിഒയായ മലബാർ എജ്യുക്കേഷൻ മൂവ്മെന്റിന്റെ ഓർഗനൈസിംഗ് സെക്രട്ടറി ആയി പ്രവർത്തിക്കുന്ന., CEDAR സെൻറർ ഫോർ എജ്യുക്കേഷണൽ ഡാറ്റ അനാലിസിസ് ആൻഡ് റിസർച്ച് എന്നിവയുമായി ബന്ധപ്പെട്ടും പ്രവർത്തിക്കുന്നു.

## ഡോ. കവിത ബാലകൃഷ്ണൻ

തൃശ്ശൂർ ഇരിങ്ങാലക്കുട സ്വദേശി. കണ്ണൂർ സർവകലാശാലയിൽ ഡീൻ ഓഫ് ഫാക്കൽറ്റീസ്, പത്ത് വർഷത്തിലേറെക്കാലം നിയമ വിഭാഗം മേധാവി; പാലയാട്, മഞ്ചേശ്വരം ക്യാമ്പസുകളിലെ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് വിഭാഗം മേധാവി; നിയമ പഠന വിഭാഗം ബോർഡ് ഓഫ് സ്റ്റഡീസ് ചെയർപേഴ്സൺ (മൂന്ന് തവണ, 2025 വരെ); ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ പരിശോധനാ സമിതി അംഗം; കാലിക്കറ്റ് , കണ്ണൂർ സർവകലാ ശാല നിയമ വിഭാഗം (Faculty of Law) അംഗം; കാലിക്കറ്റ്, സർവകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് അംഗം; കണ്ണൂർ സർവകലാശാല നിയമ വിഭാഗം അംഗം; കണ്ണൂർ സർവകലാശാല, കേരള സർവ്വകലാശാല ബോർഡ് ഓഫ് എക്സാമിനേഷൻ ചെയർപേഴ്സൺ; അന്താരാഷ്ട്ര അക്കാദമിക് സമിതി അംഗം; ക്യാമ്പസ് അച്ചടക്ക സമിതി അംഗം; തലശ്ശേരി ക്യാമ്പസ് റാഗിംഗ് വിരുദ്ധ സ്ക്വാഡ് അംഗം; കണ്ണൂർ സർവകലാശാല അക്കാദമിക് കൗൺസിൽ അംഗം; മലബാർ ക്യാൻസർ സെന്റർ (തലശ്ശേരി) എത്തിക്സ് കമ്മിറ്റി നിയമ വിദഗ്ധ (20122018); കണ്ണൂർ സർവകലാശാല ഹെൽത്ത് സയൻസ് വിഭാഗം എത്തിക്സ് കമ്മിറ്റി നിയമ വിദഗ്ധ (2013 മുതൽ); പബ്ലിക് സർവീസ് കമ്മീഷൻ ചോദ്യകർത്താവ്; കണ്ണൂർ സർവകലാശാല നിയമ വിഭാഗം പിഎച്ച്ഡി കോഴ്സ് വർക്ക് കോ-ഓർഡിനേറ്റർ; കണ്ണൂർ ജില്ലാ സൈബർ ക്ലബ് സമിതി അംഗം; കണ്ണൂർ സർവകലാശാല IPR സെൽ കോ-ഓർഡിനേറ്റർ; പേറ്റന്റ് സെൽ കോ-ഓർഡിനേറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. രണ്ട് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കലാകാരികൂടിയാണ്. ഭരതനാട്യം, മോഹിനിയാട്ടം, കുച്ചിപ്പുടി എന്നിവ അവതരിപ്പിക്കുന്നു. കർണാടക സംഗീതജ്ഞയും വീണാവാദകയുമാണ്; കേരളത്തിലെ വിവിധ വേദികളിൽ കർണാടക സംഗീത കച്ചേരികൾ അവതരിപ്പിച്ചിട്ടുണ്ട്. വിവിധ മാധ്യമങ്ങളിൽ (ഓയിൽ, അക്രിലിക്, തൂലി, മ്യൂറൽ) ചിത്രരചന നടത്തുന്നു. ചിത്രങ്ങളുടെ വിൽപ്പനയിലൂടെ ലഭിച്ച തുക തലശ്ശേരി മലബാർ ക്യാൻസർ സെന്ററിലെ പാലിയേറ്റീവ് കെയർ യൂണിറ്റിലേക്ക് സംഭാവന ചെയ്തു. 2015 ഓഗസ്റ്റ് 8-ന് ഡൽഹിയിൽ നടന്ന ‘യങ് സയന്റിസ്റ്റ് കോൺഗ്രസി’ൽ "Kerala Mural Painting: Intertwining with Nature" എന്ന വിഷയത്തിൽ ഗവേഷണ പ്രബന്ധം അവതരിപ്പിച്ചു. കർണാടകയിലെ ഡോ. എ.പി.ജെ. അബ്ദുൾ കലാം ഫൗണ്ടേഷൻ നടത്തിയ അന്താരാഷ്ട്രതല ഓൺലൈൻ കലാമത്സരത്തിൽ ’മികച്ച അന്താരാഷ്ട്ര പരമ്പരാഗത കലാകാരി’ക്കുള്ള പുരസ്കാരം; 2020-ൽ കേരളത്തിലെ പ്രശസ്തമായ ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളേജിൽ നിന്നുള്ള ’മികച്ച പൂർവ്വവിദ്യാർത്ഥിനി’ക്കുള്ള പുരസ്കാരം; കേരളത്തിലെ മഞ്ചരി ബുക്സ് ഏർപ്പെടുത്തിയ ’സാഹിത്യശ്രീ ദേശീയ പുരസ്കാരം 2023’; ന്യൂഡൽഹിയിലെ ചേംബർ ഓഫ് എഡ്യൂക്കേഷൻ ഏർപ്പെടുത്തിയ ’വുമൺ ഓഫ് ദ ഇയർ 2023’ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്. നിലവിൽ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, കണ്ണൂർ സർവകലാശാല, തലശ്ശേരി ക്യാമ്പസ്, വകുപ്പ് മേധാവി.



എം.പി. മുഹമ്മദ് റഷീദ് സഖാഫി



ഡോ. ആകാശ് അവസ്ഥി



പ്രേംജിത്ത് സുരേഷ്ബാബു

## എം.പി. മുഹമ്മദ് റഷീദ് സഖാഫി

പഴയങ്ങാടി സ്വദേശി. ജീവകാരുണ്യപ്രവർത്തകൻ, ജീവകാരുണ്യം ഒരു സേവനം മാത്രമല്ല ജീവിതദൗത്യമാണെന്ന് കഴിഞ്ഞ രണ്ട് പതിറ്റാണ്ടിലേറെയുള്ള പ്രവർത്തനങ്ങളിലൂടെ തെളിയിച്ച സാമൂഹിക പ്രവർത്തകൻ. അശരണർ, വയോജനങ്ങൾ, രോഗികൾ, അനാഥർ, നിരാലംബർ സമൂഹത്തിലെ പിന്നോക്കം നിൽക്കുന്നവർ എന്നിവരുടെ സംരക്ഷണം പുനരധിവാസം ആരോഗ്യപരിചരണം സാമൂഹിക ശാക്തീകരണം തുടങ്ങിയ മേഖലകളിൽ പ്രവർത്തിച്ചു വരുന്നു. കോഴിക്കോട് റഫറോ എലെ പേട്ടയിൽ ‘സ്നേഹസദനം’ എന്ന പേരിൽ കെയർ ഹോം പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. അശരണർക്ക് സുരക്ഷിതമായ അഭയവും പരിചരണവും ഒരുക്കുക എന്നതായിരുന്നു ലക്ഷ്യം. ഗാർഡിയൻ ഏഞ്ചൽസ് ഫൗണ്ടേഷൻ 2017 എന്ന ജെന്റ്സ് കെയർ ഹോം വനിതാ കെയർ ഹോം, പാലിയേറ്റീവ് കെയർ, പുരധിവാസപ്രവർത്തനങ്ങൾ, മെഡിക്കൽ സഹായം, കമ്മ്യൂണിറ്റി കിച്ചൺ, സാമൂഹിക പ്രവർത്തകരും ചേർന്ന് വിപുലമായ ശുചീകരണങ്ങളും മറ്റും നടത്തിയിരുന്നു. കോവിഡ് കാലത്ത് ചങ്ങമനാട് പഞ്ചായത്ത് ആരോഗ്യ പ്രവർത്തകർ ആശാവർക്കർമാർ സന്നദ്ധപ്രവർത്തകർ എന്നിവർക്കൊപ്പം പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കാളിയായി. നിരവധി ഭരണകേന്ദ്രങ്ങളിൽ നിന്നു സംഘടനകളിൽ നിന്നും അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്.

## ഡോ. ആകാശ് അവസ്ഥി

യു.കെ.യിൽ പരിശീലനം നേടിയ ഫിസിഷ്യനും റോയൽ കോളേജ് ഓഫ് ഫിസിഷ്യൻസ് (ലണ്ടൻ) ഫെല്ലോയുമാണ് ചീഫ് അഡ്വൈസറായ ഡോ. ആകാശ് അവസ്തി. അക്യൂട്ട് മെഡിസിൻ, ഇന്റേണൽ മെഡിസിൻ എന്നീ മേഖലകളിൽ വിപുലമായ പരിചയസമ്പത്തുള്ള ഡോക്ടറാണ്. തന്റെ ചികിത്സാ സേവനങ്ങൾക്ക് പുറമേ ഇന്ത്യയിലെ NEHM ഓഫ് ഇന്ത്യയുടെ ചീഫ് അഡ്വൈസറായും പ്രവർത്തിക്കുന്നു. ഇലക്ട്രോപ്പതിയുടെ പ്രചാരണം, വികസനം, ഗവേഷണം, അക്കാദമിക് പുരോഗതി എന്നിവയിൽ സജീവമായി ഇടപെടുന്നു. 1983 മുതൽ ഔഷധസസ്യങ്ങളെ അടിസ്ഥാനമാക്കിയുള്ള ഇലക്ട്രോപതി ചികിത്സാരീതിയുടെ പ്രചരണത്തിലും ഗവേഷണത്തിലും ഏർപ്പെട്ടിരുന്നു. മെഡിക്കൽ വിദ്യാഭ്യാസം, ആരോഗ്യനയ ചർച്ചകൾ, ഇലക്ട്രോപ്പതിയുമായി ബന്ധപ്പെട്ട നിയമപരമായ അവബോധം സ്ഥാപനപരമായ വികസനം എന്നിവയിൽ സ്ഥിരമായി സംഭാവനകൾ നൽകുന്നു. തെളിവുകളെ അടിസ്ഥാനമാക്കിയുള്ളതും രോഗീകേന്ദ്രീകൃതവുമായ സമീപനങ്ങളിലൂടെ മികച്ച ആരോഗ്യ പരിചരണം ലഭ്യമാക്കുന്നതിനും ഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അക്കാദമിക് നിലവാരം ഉയർത്തുന്ന പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നത്.

## പ്രേംജിത്ത് സുരേഷ്ബാബു

തിരുവനന്തപുരം പള്ളിച്ചൽ സ്വദേശി. നടൻ, എഴുത്തുകാരൻ, ചിത്രകാരൻ, ആർട്ട് ഡയറക്ടർ എന്നീ നിലകളിൽ 25 വർഷത്തിലേറെ പ്രവർത്തന പരിചയം. 2003 മുതൽ മലയാള ചലച്ചിത്രരംഗത്ത് നടൻ, തിരക്കഥാകൃത്ത്, ആർട്ട് ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. നിരവധി നാടകങ്ങൾ രചിച്ചിട്ടുണ്ട്. ദൈവത്തിന്റെ കല്ല് (ഡയറക്ഷന് - കേരള വിഷൻ സ്റ്റേറ്റ് അവാർഡ്), ബ്ലഡ് ഷാഡോ തുടർച്ച (ദർബാംഗ- ബീഹാർ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ മികച്ച ചിത്രം, ചെന്നൈ , വിമൻസ് ഫിലിം ഫെസ്റ്റിവലിൽ മികച്ച തിരക്കഥ ഡയറക്ഷൻ). എന്നിവയാണ് രചിച്ച ഹ്രസ്വചിത്രങ്ങൾ. പാതിരാ, ക്രോസ് -വേ, ദ പിംപ്, മിസ്റ്റർ ബിഗ് എന്നീ തിരക്കഥകളും രചിച്ചിട്ടുണ്ട്. വിവിധ സിനിമകളിൽ അഭിനയിച്ചിട്ടുണ്ട്. കേരള ചലചിത്ര അക്കാദമി യുടെ മികച്ച നടനുള്ള അവാർഡ്, കായംകുളം ഫിലിം സൊസൈറ്റിയുടെ - തിലകൻ - പുരസ്ക്കാരം, ധാരാളം ഹ്രസ്വ ചിത്രങ്ങളിലും, ധാരാളം ടെലിവിഷൻ പരമ്പരകളിലും, കൂടാതെ നിരവധി നാടകങ്ങളിൽ അഭിനയിച്ചിട്ടുണ്ട് അഭിനയിച്ചിട്ടുണ്ട്.



ഷൈലജ. പി. അംബു.



അക്ഷയ് കുമാർ ഒപ്പംതറമ്മൽ



ആറന്മുള രാമചന്ദ്രൻ

## ഷൈലജ. പി. അംബു.

തിരുവനന്തപുരം കരകുളം സ്വദേശി. അഭിനേത്രി. ഗായിക. ഒട്ടേറെ നാടകങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. ന്യൂഡൽഹി, മൈസൂർ, ഗോവ, വിശാഖപട്ടണം, ബാംഗ്ലൂർ എന്നിവിടങ്ങളിൽ നടന്നിട്ടുള്ള പ്രധാനപ്പെട്ട നാടകോത്സവങ്ങളിൽ പങ്കെടുത്തു. 35 സിനിമകളിൽ ചെറുതും വലുതുമായ കഥാപാത്രങ്ങളെ അവതരിപ്പിച്ചു. 26 വർഷമായി അഭിനയത്തിലും നാടൻപാട്ട് രംഗത്തും സജീവം . 5 സിനിമകളിൽ നായിക. ഇൻറർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് ബൂസ്റ്റർ - അമേരിക്കയിൽ നിന്നും മികച്ച നടിക്കുള്ള അവാർഡ്’ ലഭിച്ചു. മികച്ച നടിക്കുള്ള പി.ജെ .ആൻറണി നാഷണൽ അവാർഡ് 2019ൽ ലഭിച്ചു. യുവ കലാ സാഹിതിയുടെ പി.കെ റോസി സംസ്ഥാന കലാപ്രതിഭ പുരസ്കാരം - ലഭിച്ചു. നാടക പഠനത്തിന് കേന്ദ്രസർക്കാർ , സാംസ്കാരിക വകുപ്പിൽ നിന്ന് സ്കോളർഷിപ്പ് എന്നിവയും ലഭിച്ചു. ഭാരതത്തിലെ സാംസ്കാരിക ഇടനാഴിയായ തിരുവനന്തപുരം വെള്ളയമ്പലം മാനവീയം വീഥിയുടെ പ്രവർത്തനങ്ങളിൽ 19 വർഷക്കാലത്തെ സജീവ സാന്നിധ്യം. മാനവീയം തെരുവോരക്കൂട്ടം എന്ന സംഘടനയുടെ സെക്രട്ടറിയായും പ്രസിഡന്റായും പ്രവർത്തിച്ചു. നവോത്ഥാന ഗാനങ്ങളും നാടൻപ്പാട്ടുകളും ചേർത്തിണക്കിക്കൊണ്ട് സ്വന്തം ബാനറിൽ മാനവീയ ഗാനങ്ങൾ എന്ന സംഗീത പരിപാടി അവതരിപ്പിക്കുന്നു. ആകാശവാണിയുടെ തിരുവനന്തപുരം നിലയത്തിൽ ക്യാഷ്വൽ അനൗൺസർ ആയിരുന്നു. യുവജനക്ഷേമ ബോർഡ് കൗമാരപ്രായക്കാർക്ക് വേണ്ടി നടത്തിവന്നിരുന്ന രക്ഷാ പ്രോജക്ടിന്റെ സംസ്ഥാന കോഡിനേറ്ററും കേരള സർക്കാർ സാംസ്കാരിക വകുപ്പിന്റെ വജ്ര ജൂബിലി ഫെലോഷിപ്പ് പദ്ധതിയുടെ കൊല്ലം ജില്ലാ കോഡിനേറ്ററുമായിരുന്നു.

## അക്ഷയ് കുമാർ ഒപ്പംതറമ്മൽ

കുടുംബശ്രീക്ക് കീഴിലുള്ള ബാലസഭയുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ ആദ്യമായി 51 ബാലസഭകൾ ചേർന്ന് ഒരു ബാല പഞ്ചായത്തായി പ്രഖ്യാപിച്ചു, കടലുണ്ടി ബാലപഞ്ചായത്തിന്റെ പ്രഥമ സെക്രട്ടറിയാണ്. ഡിഗ്രി പഠനകാലത്ത് എൻസിസി സീനിയർ അണ്ടർ ഓഫീസർ റാങ്ക് വഹിച്ചു. എൻസിസി C സർട്ടിഫിക്കറ്റിൽ A ഗ്രേഡ് കരസ്ഥമാക്കി. ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വാക്ക് വിത്ത് സ്കോളർ പദ്ധതിയുടെ ഭാഗമായി സ്റ്റേറ്റ് ക്യാമ്പുകളിൽ പങ്കെടുത്തു. സ്കോളേഴ്സ് ഓൺ വീൽ - ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സന്ദർശിക്കുകയും അവിടങ്ങളിലെ അധ്യാപകർ, വിദ്യാർഥികൾ എന്നിവരുമായി സംവദിക്കുന്ന മാതൃകാപരമായ പദ്ധതി നടപ്പിലാക്കി. കോളേജ് വിദ്യാർത്ഥികളുടെ എൻജിഒ ആയ യെസ് ഇന്ത്യയിൽ പ്രവർത്തിച്ചു. കോഴിക്കോട് സൗത്ത് ബീച്ചിലെ പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികളെ പഠന, പാഠ്യേതര പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനായി “അക്ഷരസമുദ്രം” എന്ന പദ്ധതിക്ക് രൂപം നൽകി. കാലിക്കറ്റ് സർവകലാശാല, കോഴിക്കോട് ഇംഹാൻസ്, ബാഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റി എന്നിവിടങ്ങളിലായി നടക്കാറുള്ള ഇൻറർനാഷണൽ കോൺഫ്രൻസ് ഓൺ സൊല്യൂഷൻ ഫോക്കസ്ഡ് പ്രാക്ടീസസിന്റെ സംഘാടകനായിരുന്നു. മലബാറിലെ വിദ്യാഭ്യാസ പ്രശ്നങ്ങളെ വ്യക്തമായ കണക്കുകളുടെ അടിസ്ഥാനത്തിൽ പുറത്തുകൊണ്ടുവന്ന സംഘടനയായ മലബാർ എജ്യുക്കേഷൻ മൂവ്മെന്റിന്റെ സെക്രട്ടറി പദം ഏറ്റെടുത്ത് വിജയകരമായി മുന്നോട്ടുപോകുന്നു. നിലവിൽ സൈലം ലേർണിംഗ് എന്ന സ്ഥാപനത്തിലെ കോ-ഓർഡിനേറ്റർ ആയി പ്രവർത്തിക്കുന്നു കോഴിക്കോട് സമുദ്രതീരത്തെ പുരോഗതിക്ക് വേണ്ടി രൂപം കൊണ്ട അക്ഷരം ട്രസ്റ്റിന്റെ സെക്രട്ടറിയാണ്. ഏഷ്യയിലെ ഏറ്റവും വലിയ ലിറ്ററേച്ചർ ഫെസ്റ്റിവൽ ആയ കെ എൽ എഫ് കേരള ലിറ്ററേച്ചർ ഫെസ്റ്റിവലിന്റെ മുഖ്യ സംഘാടകനാണ്. കോഴിക്കോട് ജില്ലയിലെ ഫറോക്കിൽ പ്രവർത്തിക്കുന്ന ഫറോക്ക് എജ്യുക്കേഷണൽ കോ ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഡയറക്ടർ ബോർഡ് അംഗമാണ്. കടലുണ്ടി കേന്ദ്രീകരിച്ച് വിദ്യാഭ്യാസം, വായനശാല, ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളിലും പങ്കാളിയാണ്. പാലിയേറ്റീവ് മേഖലയിൽ മൂന്നുവർഷത്തെ സേവനം. രക്തദാന മേഖലയിലെ പങ്കാളിത്തം എന്നിവയും നടത്തുന്നു. മികച്ച വിദ്യാർഥിയ്ക്കുള്ള പുരസ്കാരം, ജോൺ റെയ്നോൾഡ്സ് എൻഡോവ്മെന്റ് സ്കോളർഷിപ്പ് ഉൾപ്പെടെ വിവിധ അവാർഡുകൾ കരസ്ഥമാക്കി.

## ആറന്മുള രാമചന്ദ്രൻ

തിരുവനന്തപുരം വട്ടിയൂർക്കാവ് സ്വദേശി. ആറന്മുള രാമചന്ദ്രൻ എന്ന് നാടക രംഗത്ത് വിളിപ്പേര് മലയാള സിനിമാ തറവാട്ടിലെ അമ്മയും മുത്തശ്ശിയുമായിരുന്ന ആറന്മുള പൊന്നമ്മയുടെ ചെറുമകനാണ്. പാട്ടിലൂടെയാണ് അരങ്ങിലെത്തിയതെങ്കിലും, എട്ടാമത്തെ വയസ്സിൽ വീടിനടുത്തുള്ള വായനശാല നാടകത്തിൽ ബാലനടനായി അഭിനയിച്ച് നാടക രംഗവുമായി ബന്ധം തുടങ്ങി. തുടർന്ന് കുട്ടികളുടെ നാടകത്തിൽ അഭിനയിച്ച് വന്നു. ഇക്കാലയളവിൽ ചെറിയ ഗാനമേള സംഘങ്ങളിൽ പാടുക പതിവായിരുന്നു. സ്ക്കൂൾ പഠന കാലത്ത് അവിടുത്തെ അദ്ധ്യാപകരുടെ ശിക്ഷണത്തിൽ സ്ക്കൂൾ നാടകങ്ങൾ അവതരിപ്പിച്ചു. പലതവണ ഏറ്റവും നല്ല നടനുള്ള അംഗീകാരങ്ങൾ കിട്ടി. ഇക്കാലത്ത് സ്കൂൾ തലത്തിലും ക്ലബ്ബുകൾക്കു വേണ്ടിയും നാടകമെഴുതി സംവിധാനം ചെയ്ത് അഭിനയിക്കുവാനുള്ള അവസരങ്ങൾ ധാരാളമായി വന്നു ഭവിക്കുകയും ചെയ്തു. കോളേജ് തലത്തിലും നാടക ചർച്ചകളിൽ പങ്കെടുക്കാനും പല നാടകങ്ങൾ അവതരിപ്പിക്കാനും സമ്മാനങ്ങൾ നേടാനും കഴിഞ്ഞു. കൂടാതെ 200 ഓളം അമച്വർ നാടകങ്ങളിലും, വർക്കല ശിവഗിരി ശാരദാ കലാസമിതിയടക്കം വിവിധ ഗാനമേള സംഘങ്ങളിലും സജീവമാണ്.

# ‘ഭാരത് സേവക്’ ബഹുമതി നൽകി ആദരിച്ചു

‘ഭാരത് സേവക്’ ബഹുമതികൾ ബി.എസ്. ബാലചന്ദ്രൻ സമ്മാനിക്കുന്നു



അബ്ദുൾ അസീസ് വൈദ്യർ



രാജേഷ്.പി



പ്രൊഫ. അരുൺ അരവിന്ദ്

## അബ്ദുൾ അസീസ് വൈദ്യർ

വയനാട് ജില്ലയിലെ പടിഞ്ഞാറെത്തറ സ്വദേശി. ലഹരിവിരുദ്ധ പോരാട്ടത്തിൽ മുൻനിരയിൽ. നിരവധി അവകാശ സമരങ്ങളിൽ ഭാഗഭക്കായി. വയനാടിന്റെ തനത് ഔഷധസസ്യങ്ങളെ കുറിച്ച് അഗാധ അറിവ് നേടിയിട്ടുണ്ട്. പല രോഗങ്ങൾക്കും ചികിത്സ നൽകുന്നു. ഇത്തരത്തിൽ രോഗവിമുക്തരായവർ ആയിരങ്ങളാണ്. അറബിഭാഷാ സ്വാധീനംമൂലം അപൂർവങ്ങളായ അറബ് ഗ്രന്ഥങ്ങളിൽ നിന്നും നേടിയ ഔഷധസസ്യപാണ്ഡിത്യം സമൂഹത്തിനായി സമർപ്പിച്ചിരിക്കുന്ന ഈ വൈദ്യശാസ്ത്ര വിശാരദന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ശിഷ്യസമ്പത്തുക്കളെ സൃഷ്ടിക്കുവാൻ കഴിഞ്ഞിരിക്കുന്നു. ഉസ്താദുൽ നൂർ എന്നാണ് ശിഷ്യർ അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത്. ലഹരി നിർമ്മാർജനം ജീവകാരുണ്യ പ്രവർത്തനം, കോവിഡ് കാലത്തെ സേവനം, പ്രളയകാലത്തെ ഇടപെടൽ തുടങ്ങിയവ മുൻനിർത്തി നിരവധി പുരസ്ക്കാരങ്ങൾ നേടിയിട്ടുണ്ട്. എപിജെ അബ്ദുൽകലാം അവാർഡ്, ദാവുൾ ഷിഫ അവാർഡ്, പാരമ്പര്യ വൈദ്യ വിശാരദ് തുടങ്ങിയവ അതിൽപ്പെടുന്നു. ലഹരിവേട്ടയുടെ ഭാഗമായി സർക്കാർ ആവിഷ്കരിച്ച തൂഫാൻ ഓപ്പറേഷനിൽ സ്വന്തം സന്നദ്ധസേനയെ ഒരുക്കിയതിന് കേരള ആഭ്യന്തരമന്ത്രിയിൽ നിന്നും ദാവുൾഷിഫ പുരസ്കാരവും ലഭിച്ചിട്ടുണ്ട്. വനവൽക്കരണം, ഔഷധസസ്യ കൃഷി വികസനം ആദിവാസികളുടെ വികസനം തുടങ്ങി ക്ഷേമപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

## രാജേഷ്.പി

കണ്ണൂർ മുല്ലക്കൊടി സ്വദേശി. വാട്ടർ കളർ, അക്രിലിക്, ഓയിൽ കളർ എന്നീ വിവിധ മാധ്യമങ്ങളിൽ 1000-ലധികം ചിത്രങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. പ്രകൃതിദൃശ്യങ്ങൾ, ഗ്രാമീണ ജീവിതം, ആധുനിക ആശയങ്ങൾ, ആശയാത്മക (Conceptual) കലാസൃഷ്ടികൾ, യാഥാർത്ഥ്യ ചിത്രങ്ങൾ (Realistic Paintings) എന്നിവ ഉൾപ്പെടെ നിരവധി വിഷയങ്ങളിൽ ചിത്രങ്ങൾ ഒരുക്കിയിട്ടുണ്ട്. സാധാരണ ചിത്രങ്ങൾക്കൊപ്പം, വ്യത്യസ്ത ആശയങ്ങൾ ഉൾക്കൊള്ളുന്ന ക്രിയേറ്റീവ് പെയിന്റിംഗുകൾ രൂപകൽപ്പന ചെയ്യുന്നതിലും പ്രത്യേക ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. നിറങ്ങളുടെ വൈവിധ്യം, രൂപങ്ങളുടെ സന്തുലിതാവസ്ഥ, വികാരങ്ങളുടെ ആവിഷ്കാരം എന്നിവയാണ് ഈ സൃഷ്ടികളുടെ പ്രധാന സവിശേഷതകൾ. വിവിധ മേഖലകളിലെ നിരവധി പ്രമുഖ വ്യക്തികളുടെ പോർട്രെയിറ്റുകൾ വരച്ചിട്ടുണ്ട്. brushmen school of arts,Kannur, ജിഎച്ച്എസ്എസ് ചട്ടുകപ്പാറയിലും, ഇടൂഴി മാധവൻ നമ്പൂതിരി സ്മാരക ഹയർ സെക്കൻഡറി സ്കൂളിലും ചിത്രകലാ അധ്യാപകനായി പ്രവർത്തിച്ചു. വിദ്യാർത്ഥികളിൽ കലാസംസ്കാരവും സർഗാത്മക ചിന്തയും വളർത്തുന്നതിന് ശ്രദ്ധേയമായ സംഭാവന നൽകി നിലവിൽ കണ്ണൂർ സർവ്വകലാശാലയുടെ കീഴിലുള്ള ടീച്ചർ എജുക്കേഷൻ സെൻററിൽ അസിസ്റ്റൻറ് പ്രൊഫസർ ഫൈൻ ആർട്സ് ആയിക്കഴിഞ്ഞ മൂന്നുവർഷമായി സേവനമനുഷ്ഠിച്ചു വരുന്നു, അധ്യാപന രംഗത്ത് കലാ പഠനത്തിന്റെ നവീനസാധ്യതകൾ വിദ്യാർഥികൾക്ക് പരിചയപ്പെടുത്തുകയും അക്കാദമിക സേവനത്തോടൊപ്പം കുട്ടികൾക്കും മുതിർന്നവർക്കും ചിത്രകല അഭ്യസിക്കാനും കലാപരമായ കഴിവുകൾ വികസിപ്പിക്കാനും ലക്ഷ്യമിട്ട് ആർട്ട് ലാബ് ഫൈൻ ആർട്സ് അക്കാദമി സ്ഥാപിച്ച് വിജയകരമായി നടത്തിവരുന്നു. കലാസൃഷ്ടികളുടെ പ്രചരണത്തിനും കലാകാരന്മാരുടെ ആശയവിനിമയത്തിനുമായി നൂറിൽ അധികം ക്യാമ്പുകളിൽ സജീവമായി പങ്കെടുക്കുന്നതിനൊപ്പം സോളോ എക്സിബിഷനുകളും ഗ്രൂപ്പ് എക്സിബിഷനുകളും സംഘടിപ്പിക്കുകയും പങ്കാളി ആവുകയും ചെയ്തിട്ടുണ്ട്.

## പ്രൊഫ. അരുൺ അരവിന്ദ്

കൊല്ലം കരുനാഗപ്പള്ളി സ്വദേശി. അധ്യാപകൻ, എഴുത്തുകാരൻ, സാമൂഹിക പ്രവർത്തകൻ. എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ (NSS Kerala Unit) ആയി കഴിഞ്ഞ 6 വർഷത്തിലേറെയായി വിജയകരമായി പ്രവർത്തിക്കുന്നു ഗാന്ധിയൻ സ്റ്റഡീസിന്റെ പ്രോഗ്രാം കോർഡിനേറ്റർ, കേരള യൂണിവേഴ്സിറ്റി (യൂണിവേഴ്സിറ്റി പരീക്ഷ) ചീഫ് സൂപ്രണ്ട്, കേരള യൂണിവേഴ്സിറ്റി കോളേജ് ഇലക്ഷൻ ചീഫ് റിട്ടേണിംഗ് ഓഫീസർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 250ൽ അധികം കവിതകൾ, ചെറുകഥകൾ, ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റിനായി നിർമ്മിച്ച ഗാനം പോലീസിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചവറ ആസ്ഥാനമായുള്ള ‘ഫ്രണ്ട്സ് കലാസാഹിത്യ വേദി’, കരുനാഗപ്പള്ളിയിലെ ‘നാടകശാല’ തുടങ്ങി നിരവധി സംഘടനകളുമായി സഹകരിച്ചു പ്രവർത്തിക്കുന്നു. കേരളകൗമുദി പ്രതിഭാ പുരസ്കാരം, മുൻ എം.എൽ.എ ശ്രീ വിജയൻ പിള്ള സ്മാരക പ്രതിഭാ പുരസ്കാരം, വിവിധ സാഹിത്യ കൂട്ടായ്മകളിൽ നിന്നുള്ള ആദരവുകൾ എന്നിവ ലഭിച്ചിട്ടുണ്ട്. എൻ.എസ്.എസ് പ്രവർത്തനങ്ങളിലൂടെ നിർദ്ധന കുടുംബങ്ങൾക്ക് വീട് വെച്ചു നൽകുന്നതിനും കാരുണ്യ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി.



പി. പി. മുഹമ്മദ് ഫൈസൽ



സജീവ് കാവാലം



രാഹുൽ കെ.എം

## പി. പി. മുഹമ്മദ് ഫൈസൽ

കോഴിക്കോട് കൊടുവള്ളി സ്വദേശി. മാപ്പിളപ്പാട്ട് ഗായകൻ, ഗാനപരിശീലകൻ, ഗാനരചയിതാവ്, പശ്ചാത്തല സംഗീതോപകരണ വാദകൻ, റിതം പാഡ് ആർട്ടിസ്റ്റ്, കലാസംഘാടകൻ, സ്റ്റേജ് ഡയറക്ടർ, ഗാനമേള പ്രവർത്തകൻ, മാപ്പിളകലാ വിധികർത്താവ്. അഞ്ച് പതിറ്റാണ്ടിലേറെയായി മാപ്പിളപ്പാട്ടിന്റെയും സംഗീതത്തിന്റെയും വിവിധ മേഖലകളിൽ സജീവസാന്നിധ്യമാണ്. പാരമ്പര്യ ഗുരുകുലപഠനവും ശാസ്ത്രീയ താളവാദ്യ പരിശീലനവും സമന്വയിപ്പിച്ച് മാപ്പിളകലയുടെ പ്രചാരണത്തിനും പുതിയ തലമുറയുടെ പരിശീലനത്തിനുമായി ദീർഘകാലമായി പ്രവർത്തിച്ചുവരുന്നു. എം. ജെ. ഹയർ സെക്കൻഡറി സ്കൂളിൽ ലാബ് അസിസ്റ്റന്റായി സേവനമനുഷ്ഠിച്ച് 2018-ൽ വിരമിച്ചു. പട്ടേരി വോയ്സ്, നെടിയനാട് എന്ന ഗായകസംഘത്തിന്റെ സ്ഥാപകാംഗം, പരിശീലകൻ, സ്റ്റേജ് ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചു. 2015 മുതൽ നിലവിൽ വരെ പല്ലവി മ്യൂസിക്കിന്റെ കീഴിൽ മാപ്പിളപ്പാട്ട് ഗാനമേളകൾ അവതരിപ്പിച്ചുവരുന്നു. വൈസ് പ്രസിഡന്റ് മാപ്പിള കലാ ആസ്വാദക സമിതി, നരിക്കുനി, പ്രധാന അധ്യാപകൻ കേരള മാപ്പിള കലാ അക്കാദമി മ്യൂസിക് സ്കൂൾ, കൊടുവള്ളി, ഗസ്റ്റ് അധ്യാപകൻ മോയിൻകുട്ടി വൈദ്യർ സ്മാരക ഓഫ് ക്യാമ്പസ്, എം. ജെ., എളേറ്റിൽ, ഡയറക്ടർ പല്ലവി മ്യൂസിക് ബാൻഡ്, എളേറ്റിൽ, ട്രെയിനർ സാരംഗ മ്യൂസിക് ട്രൂപ്പ്, താമരശ്ശേരി1975 മുതൽ ഏകദേശം 35 വർഷക്കാലം മലബാറിജല വിവിധ വേദികളിൽ മാപ്പിള ഗാനമേളകൾ അവതരിപ്പിച്ചു. മാപ്പിളപ്പാട്ട് രംഗത്തെ 50 വർഷത്തെ പ്രവർത്തനങ്ങൾ പരിഗണിച്ച് മലപ്പുറം ജില്ലാ രജിസ്ട്രേഷൻ വകുപ്പിന്റെ അംഗകാരം ലഭിച്ചു. നരിക്കുനി മാപ്പിള കലാ അസ്വാദക സമിതി, വൈസ്പ്രസിഡന്റ്, കൊടുവള്ളി മാപ്പിള കലാ മ്യൂസിക് സ്കൂൾ -പ്രധാനഅദ്ധ്യാപകൻ, മൊയിതിൻകുട്ടി വൈദ്യർ സ്മാരക ഓഫ് കാമ്പസിലെ ഗസ്റ്റ് അദ്യാപകൻ, പല്ലവി മ്യൂസിക് ബാന്റിന്റെ ഡയറക്ടർ, സാരംഗ് മ്യൂസിക് ട്രൂപ്പിന്റെ പരിശീലകൻ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. നിലവിൽ സെഫ് ക്യാമ്പസ്, മലപ്പുറം ഹോസ്റ്റലിൽ മെന്ററായി സേവനമനുഷ്ഠിക്കുന്നു.

## സജീവ് കാവാലം

ആലപ്പുഴ കുട്ടനാട് സ്വദേശി. ഗായകൻ, സംഗീത സംവിധായകൻ. ആകാശവാണിയിൽ എ High ഗ്രേഡ് നേടിയ സംഗീതജ്ഞൻ ആണ്. ഒട്ടേറെ ആൽബങ്ങൾക്ക് സംഗീതം നൽകുകയും ഗാനങ്ങൾ ആലപിക്കുകയും ചെയ്തു. ശാസ്ത്രീയ സംഗീതത്തോടൊപ്പം, സോപാന സംഗീതം, കേരള താള സമ്പ്രദായം, നാടൻ ശീലുകൾ മലയാളത്തിലെ പ്രശസ്തമായ കൃതികളുടെ ആവിഷ്കരണം എന്നിവയിലൊക്കെ പരിശീലനം ലഭിച്ചിട്ടുണ്ട്. ഇപ്രകാരം സായത്തമാക്കിയ അറിവ് പകർന്ന് കൊടുക്കുക എന്ന ലക്ഷ്യം മുൻനിർത്തി തിരുവനന്തപുരത്ത് Kavalam School of Music & Research Centre എന്ന സ്ഥാപനം ആരംഭിക്കുകയുണ്ടായി. 35 വർഷങ്ങൾ പിന്നിട്ട ഈ സ്ഥാപനത്തിൽ ചെറിയ കുട്ടികൾ മുതൽ 80 വയസുകൾ പിന്നിടുന്നവർ വരെ പഠിതാക്കളായുണ്ട്. ശാസ്ത്രീയ സംഗീതം, ലളിത സംഗീതം, സോപാന സംഗീതം, ഉപകരണ സംഗീതം, ചിത്രരചന എന്നിവയിൽ ഇവിടെ പരിശീലനം നൽകി വരുന്നു. കാവാലം സ്കൂൾ ഓഫ് മ്യൂസിക് ആൻഡ് റിസർച്ച് സെന്റർ ന്റെ ഭാഗമായി ‘കാവാലം സംസ്കൃതി’ എന്നൊരു സാംസ്കാരിക സംഘടന 15 വർഷങ്ങൾ മുൻപ് ആരംഭിച്ചത് മുതൽ ഇതുവരെ ജനറൽ സെക്രട്ടറി എന്ന നിലയിൽ അതിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. സംഗീതയാത്രയുടെ ഭാഗമായി ഇൻഡ്യക്കകത്തും 16 വിദേശരാജ്യങ്ങളിലും പ്രശസ്തരായ കലാകാരോടൊപ്പം സംഗീതപരിപാടികൾ അവതരിപ്പിക്കുന്നതിന് അവസരം ലഭിച്ചിട്ടുണ്ട്. ഡൽഹിയിൽ നിന്നും ഷഡ്ക്കാല ഗോവിന്ദമാരാർ പുരസ്ക്കാരം, കാഞ്ചികാമകോടി വിദ്വാൻ പുരസ്ക്കാരം, ത്യാഗരാജ സഭയുടെ സംഗീത ശ്രീ പുരസ്ക്കാരം FRACCO Short film festival Best Music Director, Best singer എന്നീ പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്.

## രാഹുൽ കെ.എം

കണ്ണൂർ കാർത്തികപുരം സ്വദേശി. കാഞ്ഞങ്ങാട്ടെ അവധൂത ഭഗവാൻ ശ്രീ നിത്യാനന്ദ ആശ്രമത്തിൽ കഴിഞ്ഞ എട്ട് വർഷമായി മുഖ്യപുരോഹിതനായി സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നതിനോടൊപ്പം കുട്ടികൾക്ക് സംഗീതം അഭ്യസിക്കുവാനായി നിത്യാനന്ദ സംഗീത വിദ്യാലയം സ്ഥാപിച്ചു. പുജാവിധിക്കു പുറമെ തന്ത്രി കീഴില്ലം ഹരിനാരായണൻ നമ്പൂതിരിയുടെ കീഴിൽ തന്ത്രം അഭ്യസിച്ചു. ചെറുപുഴ സെന്റ് ജോസഫ് ഹയർ സെക്കണ്ടറിസ് സ്ക്കൂളിൽ സംഗീത അധ്യാപകനായി രണ്ടു വർഷം ജോലി ചെയ്തു.¨ പത്തനംതിട്ട റാന്നി കൊച്ചുകുളം ശ്രീധർമ്മശാസ്താക്ഷേത്രം, തിരുവനന്തപുരം പുലിയൂർശാല ശ്രീകൃഷ്ണസ്വാമി ക്ഷേത്രം, കോട്ടയം പൂന്തോട്ടുകാവ് ഭഗവതി ക്ഷേത്രം എന്നിങ്ങനെ അനവധി ക്ഷേത്രങ്ങളിൽ മേൽശാന്തിയായി സേവനം അനുഷ്ഠിച്ചതിനോടൊപ്പം ആ പ്രദേശത്തെ കുട്ടികൾക്ക് സൗജന്യമായി സംഗീതം അഭ്യസിപ്പിച്ചുകൊണ്ട് സംഗീത ഉപകരണങ്ങളിൽ മുഖർശംഖ്, ഗഞ്ചറ, തബല, മൃദംഗം, ഹാർമോണിയം എന്നിവ അഭ്യസിപ്പിക്കുവാൻ അവസരം ഒരുക്കിക്കൊടുക്കുന്നു. നിത്യാനന്ദ ആശ്രമ മ്യൂസിക് ഗ്രൂപ്പ്, ഭജന സമിതിയുടെയും നേതൃത്വം വഹിക്കുന്നു. ആത്മീയവൃത്തികൊണ്ട് സമൂഹത്തിന് സാന്മാർഗികദർശനം നൽകുകയും മനുഷ്യർക്ക് ശാന്തമായതും സമാധാനത്തോടെയും സന്തോഷത്തോടെയും ജീവിക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കുകയും അവരിൽ നല്ല അവബോധം സൃഷ്ടിക്കുകയും കഴിഞ്ഞ ഇരുപത് വർഷമായി പ്രവർത്തിക്കുന്നു.



പ്രവീൺ വി. നായർ



നഹാസ് പത്തനംതിട്ട



സുബീസ് പടനിലം



രഞ്ജിത് രാമചന്ദ്രൻ

## പ്രവീൺ വി. നായർ

നെയ്യാറ്റിൻകര സ്വദേശി. മാവേലിക്കര കേന്ദ്രമാക്കിക്കൊണ്ട് ഹിന്ദി പ്രചാരസഭയുടെയും വിവിധ യൂണിവേഴ്സിറ്റികളുടെയും വിവിധ കോഴ്സുകൾ നടത്തി കൊണ്ട് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളിൽ വിവിധ തസ്തികകളിൽ തൊഴിൽ ലഭിക്കുന്നതിന് വേണ്ടി നൂറുകണക്കിന് വിദ്യാർത്ഥികൾക്ക് ഹിന്ദി ഭാഷയിൽ ബിരുദാനന്തര ബിരുദം നേടുവാനുള്ള അവസരം ലഭിക്കുന്നതിന് വഴിയൊരുക്കി. 1995 ൽ ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭ കൊല്ലം കേന്ദ്രത്തിൽ അധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. മൂഴിയാറിലും പിന്നീട് ഗവ. വി.എച്ച്.എസ്സ്.എസ്സ് ആറന്മുളയിലും സേവനം അനുഷ്ഠിച്ചു. നിലവിൽ സമഗ്ര ശിക്ഷാ കേരളം, ചെങ്ങന്നൂർ ബി.ആർ.സിയിൽ സേവനം അനുഷ്ഠിച്ചു. കേരള പൊതു വിദ്യാഭ്യാസ വകുപ്പിനും സമഗ്ര ശിക്ഷാ കേരളത്തിനും വേണ്ടി നിരവധി പദ്ധതികളിൽ സംസ്ഥാന റിസോഴ്സ് പേഴ്സണായും പരിശീലകനായും പ്രവർത്തിച്ചു. നിരവധി ഭാഷാപദ്ധതികളിൽ പങ്കാളിയായി. മലയാള തിളക്കം, ഹലോ ഇംഗ്ലീഷ്, ഗണിത സഞ്ചയം എന്നിവയ്ക്ക് നേതൃത്വം വഹിച്ചു. ഹിന്ദിപാഠ പുസ്തകനിർമ്മാണത്തിലും പഠന സാമഗ്രികൾ തയ്യാറാക്കുന്നതിലും മുഖ്യ പങ്ക് വഹിച്ചിട്ടുണ്ട്. കോവിഡ് കാലത്ത് പാഠഭാഗങ്ങൾ ഡിജിറ്റൈലസ് ചെയ്ത് വിദ്യാർത്ഥികളിലെത്തിച്ചു.

## നഹാസ് പത്തനംതിട്ട

പത്തനംതിട്ട സ്വദേശി. കോൺഗ്രസ്സിന്റെ യുവജന വിഭാഗം സംസ്ഥാന സെക്രട്ടറി. ജനസേവന രംഗത്തും ജീവകാരുണ്യ പ്രവർത്തനങ്ങളിലും വേറിട്ട വ്യക്തിമുദ്ര പതിപ്പിച്ച സാമൂഹിക പ്രവർത്തകനാണ്. പൊതുസമൂഹത്തിന് വലിയ മാതൃകയാക്കിക്കൊണ്ടുള്ള നിരവധി പ്രവർത്തനങ്ങൾ നടത്തി വരുന്നു. നാട്ടിലെ ഏത് സാധാരണക്കാരുടെയും എന്ത് ആവശ്യമുണ്ടെങ്കിലും എപ്പോൾ വേണമെങ്കിലും സമീപിക്കാൻ കഴിയുന്ന ജനകീയ മുഖമാണ്. നാട്ടുകാരുടെ നിയമപരമായതും ചികിത്സാ, സാമ്പത്തികം, ഔദ്യോഗിക നൂലാമാലകളിൽപ്പെട്ട് വലയുന്നവർക്ക് നിയമ സഹായം ഉറപ്പാക്കുവാനും നിസ്സാഹായരായവർക്കും ആശ്വാസമെത്തിക്കുവാൻ മുൻപന്തിയിലുണ്ട് . ശബരിമല തീർത്ഥാടകർക്ക് സാർവ്വത്രികമായ സഹായങ്ങളും എത്തിക്കുവാൻ Helpdesk കൾ സ്ഥാപിക്കുകയും പ്രവർത്തകരെ സജ്ജമാക്കുകയും ചെയ്തു വരുന്നു. പത്തനംതിട്ട ജില്ലയിൽ രക്തദാനത്തിന് വലിയ സേനതന്നെ സജ്ജമാക്കിയിട്ടുണ്ട്. അത്യാവശ്യ സന്ദർഭങ്ങളിലും അത്യാഹിത രോഗികൾക്കും വിഷമംകൂടാതെ രക്തം ലഭ്യമാക്കുന്നതിന് വേണ്ടി ഒരു ടീമിന് രൂപം നൽകി കൊണ്ട് അതിന്റെ അമരക്കാരനായി പ്രവർത്തിക്കുന്നു.

## സുബീസ് പടനിലം

ആലപ്പുഴ നൂറനാട് സ്വദേശി. 22 വർഷമായി പ്രൊഫഷണൽ ഗാനരചനാരംഗത്ത് പ്രവർത്തിച്ചുവരുന്നു. നാടകഗാനം ഭക്തിഗാനം വിപ്ലവഗാനങ്ങൾ, രാഷ്ട്രീയ ഗാനങ്ങൾ, കവിതകൾ, ലളിതഗാനങ്ങൾ, പ്രണയ ഗാനങ്ങൾ, നാടോടി നൃത്ത ഗാനങ്ങൾ, പരസ്യ ചിത്രങ്ങളുടെ ഗാനങ്ങൾ, സീരിയൽ ശീർഷക ഗാനങ്ങൾ, നഴ്സറി പാട്ടുകൾ തുടങ്ങിയ വിഭാഗങ്ങളിലായി ഇതുവരെ 20200 ഓളം പാട്ടുകൾ റെക്കോർഡ് ചെയ്ത് പുറത്തിറക്കി. ഡോക്ടർ കെ ജെ യേശുദാസ് ഉൾപ്പെടെയുള്ളവർ പാട്ടുകൾ പാടി 10 വർഷമായി സംഗീതസംവിധാന രംഗത്തും പ്രവർത്തിച്ചുവരുന്നു . ഇതുവരെ അറുപതോളം ഗാനങ്ങൾക്ക് സംഗീതം ഒരുക്കി വീഡിയോ ആൽബം സംവിധാനം ചെയ്തുവരുന്നു. ഒട്ടേറെ വീഡിയോ ആൽബങ്ങൾ സംവിധാനം ചെയ്തു ലെനിൻ രാജേന്ദ്രന്റെ പേരിലുള്ള കലാനിധി പുരസ്കാരം വയലാർ രാമവർമ്മയുടെ പേരിലുള്ള കാവ്യാഞ്ജലി പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്. എഴുതിയ ലളിതഗാനങ്ങൾക്ക് രണ്ട് തവണ സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ ഒന്നാം സമ്മാനം ലഭിച്ചിട്ടുണ്ട്. ധാരാളം കവിതകളും കവിതാ സമാഹാരവും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## രഞ്ജിത് രാമചന്ദ്രൻ

തിരുവനന്തപുരം പേയാട് സ്വദേശി. ആനുകാലികങ്ങളിൽ കവിതകളും കഥകളും ലേഖനങ്ങളും എഴുതി വരുന്നു. UAE യിലെ പ്രവാസി എഴുത്തുകാരുടെ കൂട്ടായ്മകളിലും ഓൺലൈൻ എഴുത്തുവേദികളിലും സജീവം ആയിരുന്നു. ആകാശവാണിയിലെ യുവവാണിയിൽ കവിതകൾ പ്രക്ഷേപണം ചെയ്തിട്ടുണ്ട്. മൂന്നു കവിതാ സമാഹാരങ്ങൾ പ്രസിദ്ധീകരിച്ചു. ഷാർജാ ബുക്ക് ഫെയറിൽ വെച്ചു ‘തീമഴ തുള്ളികൾ’, ‘പാതി വെന്തവന്റെ പാട്ട്’, ‘ഒസ്യത്ത്’ എന്നിവയാണവ. ഹോമിയോപ്പതി വകുപ്പിൽ ജോലിയിലിരിക്കെ സർവീസിൽ നിന്നു അവധിയിൽ 20 വർഷം U A E യിൽ സേവനം അനുഷ്ഠിച്ചു. കവിതകൾക്ക് ഇന്ത്യക്ക് അകത്തും പുറത്തുമുള്ള നിരവധി സംഘടനകളുടെ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. കവിതാ സമാഹാരത്തിനുള്ള “നെയ്യനാട് സാഹിത്യ പുരസ്കാരം” നേടുകയുണ്ടായി. പുരോഗമന കലാ സാഹിത്യ സംഘം വിളപ്പിൽ മേഖലാ കമ്മറ്റി അംഗം, പേയാട് പി ഗോവിന്ദപിള്ള സ്മാരക ഗ്രന്ഥശാല & പഠന ഗവേഷണകേന്ദ്രം , വൈസ് പ്രസിഡന്റ്, “പേയാട് സൗഹൃദവേദി” കലാ സാംസ്കാരിക കൂട്ടായ്മയുടെ മുൻ സെക്രട്ടറി എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്.

# ‘ഭാരത് സേവക്’ ബഹുമതി നൽകി ആദരിച്ചു

**‘ഭാരത് സേവക്’ ബഹുമതികൾ ബി.എസ്. ബാലചന്ദ്രൻ സമ്മാനിക്കുന്നു**



ഡോ.സുമ പിള്ള


ബാബു എൻ. കുരീപ്പുഴ



സിന്ധു ഭദ്ര

## ഡോ.സുമ പിള്ള

ആലുവ സ്വദേശി. സംസ്ഥാന കൃഷിവകുപ്പിൽ മുപ്പത്തിനാല് വർഷത്തെ സ്തുത്യർഹമായ സേവനം പൂർത്തിയാക്കി ജോയ്ന്റ് ഡയറക്ടർ പദവിയിൽ വിരമിച്ചു. യോഗയിലും ജ്യോതിഷത്തിലും ആചാര്യ. മാനവസേവയാണ് ജീവിതധർമ്മം എന്ന് വിശ്വസിക്കുന്നു. അമൃത, സുഭദ്ര, ലളിതയോഗ, തണലിൽ, AIWC കാരുണ്യസംഘങ്ങളിൽ സജീവപ്രവർത്തക. യോഗാഭ്യാസം ഓൺലൈനായും നേരിട്ടും നല്കി വരുന്നു. ജീവിതശൈലിയെ ആസ്പദമാക്കി പാചകം, യോഗ, ധ്യാനം, മനശാസ്ത്രം, സ്വയം ശാക്തീകരണം, യാത്ര, കവിത, കഥ ഉൾപ്പെടുന്ന ഇരുപത് കൃതികൾ ഇതുവരെ പ്രസിദ്ധീകരിച്ചു. സാഹിത്യക്കൂട്ടായ്മകളുടെ പ്രസിദ്ധീകരണ സമാഹാരങ്ങളിലും കഥകളും കവിതകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. മലയാളം കൃതികളും ഇംഗ്ളീഷ് കൃതികളും ഇവയിൽ ഉൾപ്പെടുന്നു. സ്കൈയോഗയിൽ മാസ്റ്റർ കോഴ്സ് പൂർത്തിയാക്കി ഹോണററി ഡോക്ടറേറ്റ് അവാർഡിനർഹയായി. ആചാര്യപദവിയായ അരുൾനിധി പട്ടം നേടി. അമൃതയെന്ന കാരുണ്യസംഘം രജിസ്റ്റർ ചെയ്ത്, ആവശ്യങ്ങളുമായി നേരിട്ടെത്തുന്നവർക്ക് പ്രായഭേദമന്യെ യോഗാഭ്യാസം, ധ്യാനം, ചിരിയോഗ, ചക്രശുദ്ധീകരണക്രിയ, മുദ്രയിലൂടെ സൗഖ്യം, കൗൺസലിംഗ്, സൈക്കോതെറാപ്പി, സംസാരയോഗ, സംഗീതതെറാപ്പി എന്നിവ നല്കി. വരുന്നു. കേന്ദ്രസർക്കാരിന്റെ അധീനതയിലുള്ള ലോക സാംസ്ക്കാരിക പരിസ്ഥിതി സംരക്ഷണ കമ്മീഷനാൽ (World Culture and Environment Protection Commission) നാമനിർദ്ദേശം ചെയ്യപ്പെടുകയും അവാർഡ് ലഭിക്കുകയുണ്ടായി.

## ബാബു എൻ. കുരീപ്പുഴ

കൊല്ലം കൈകുളങ്ങര സ്വദേശി. കവിതാപ്രസ്ഥാനത്ത് ശ്രദ്ധേയൻ. തുടർച്ചയായി കവിതകൾ പ്രസിദ്ധീകരിച്ചു വരുന്നു. ഏകദേശം 100-ൽ പരം നാടകങ്ങൾക്കും ഒരു പ്രൊഫഷണൽ നാടകത്തിനും വേണ്ടി ഗാനരചന നടത്തി. 2 നാടകങ്ങൾ രചിക്കുകയും അവതരിപ്പിക്കുകയും ചെയ്തു. KSRTC യിൽ കണ്ടക്ടറായിരുന്നു. 31 വർഷത്തെ സേവനശേഷം കൺട്രോളിംഗ് ഇൻസ്പെക്ടറായി വിരമിച്ചു. ഔദ്യോഗിക കാലയളവിൽ സേവനകാലം മുഴുവനും ട്രേഡ് യൂണിയൻ രംഗത്ത് ഭാരവാഹിയായും പ്രവർത്തിച്ചിരുന്നു. KSRTC യിലെ പ്രസിദ്ധീകരണങ്ങളിൽ കവിതകൾ പ്രസിദ്ധീകരിച്ചു. കൊല്ലം കുരീപ്പുഴ മണലി ക്ഷേത്രത്തിലെ കമ്മിറ്റി പ്രസിഡന്റായും അതിനുശേഷം ഉപദേശ സമിതി പ്രസിഡന്റായും വളരെക്കാലം പ്രവർത്തിച്ചിട്ടുണ്ട്. കുരീപ്പുഴ ജനതാ വായനശാലാ പ്രസിഡൻറ്, കുരീപ്പുഴ റിക്രിയേഷൻ ക്ലബ്ബിന്റെ പ്രസിഡൻറ് എന്നീ നിലകളിലും പ്രവർത്തിക്കുന്നു. വിരമിച്ച ശേഷം ഗ്രന്ഥശാലകളിലും കലാസാഹിത്യ സാംസ്കാരിക മേഖലകളിലും ചവറ ഫ്രണ്ട്സ് തരംഗം പോലുള്ള പല സംഘടനകളിലും അംഗമായും സജീവമായി പ്രവർത്തിച്ചുവരുന്നു. വീടിനോട് ചേർന്നുള്ള പുരയിടത്തിൽ കാർഷികേതര വിളകൾ നട്ടു വളർത്തുന്നതിലും പരിപാലിക്കുകയും ചെയ്യുന്നു. പരിസ്ഥിതി സംരക്ഷണം നടത്തുന്നതോടൊപ്പം ജീവകാരുണ്യ പ്രവർത്തനങ്ങളിലും സജീവമാണ്.

## സിന്ധു ഭദ്ര

തൃശ്ശൂർ ചെമ്മണ്ണൂർ സ്വദേശി. കവി , ഗാനരചയിതാവ് , ഗായിക ,അഭിനേത്രി , സംവിധായിക , തിരക്കഥാകൃത്ത് . കലാ സാംസ്കാരിക സാമൂഹിക മേഖലയിൽ പതിനഞ്ച് വർഷത്തിലധികമായി സജീവമായി പ്രവർത്തിക്കുന്നു. നിരവധി മ്യൂസിക്കൽ വീഡിയോകൾക്ക് രചനയും സംവിധാനവും തിരക്കഥയും നിർവ്വഹിച്ചിട്ടുണ്ട്. 2026 ൽ വാലൻറൈൻസ് ദിനത്തിൽ രചനയും സംവിധാനവും അഭിനയവും നിർവ്വഹിച്ച മ്യൂസിക്കൽ വിഡിയോ പുറത്തിറങ്ങി ഇതിനുപുറമെ വായനയെകുറിചും പ്രകൃതിയെ കുറിച്ചും നിരവധിയായ കവിതകളും, ചെറുകഥകളും രചിച്ചിട്ടുണ്ട്. കവിത ,വിപ്ലവഗാനം ,ഇലക്ഷൻ പ്രചരണഗാനം, ഓണപ്പാട്ട് എന്നിവയിലും musical video ചെയ്തിട്ടുണ്ട് അതിനു പുറമെ രണ്ട് short film ന് ഗാനരചന നിർവ്വഹിച്ചിട്ടുണ്ട്. സിനിമയിൽ അഭിനയിക്കുകയുമുണ്ടായി. കവിതാ സമാഹാരങ്ങളും പുസ്തകങ്ങളും പ്രസിദ്ധീകരിക്കുകയുണ്ടായി. ബാലാമണിയമ്മ സ്മാരക ബാലസാഹിത്യ പുരസ്ക്കാരം ലഭിച്ചിട്ടുണ്ട്. മലയാളം ലിറ്ററേച്ചർ അക്കാദമിയുടെ 2024 ലെ ഗോൾഡൻ ലോട്ടസ് നാഷണൽ ലിറ്ററേച്ചർ ബുക്ക് പ്രൈസ് അവാർഡ്, 2022 ലെ എഴുത്തച്ഛൻ സാഹിതി Special Jury award എന്നിവ ലഭിച്ചിട്ടുണ്ട്. സ്വകാര്യ സ്കൂളിൽ അധ്യാപികയായും കുന്നംകുളം നഗരസഭയിൽ താല്ക്കാലിക ജീവനക്കാരിയായും NULM കമ്മ്യൂണിറ്റി ഓർഗനൈസറായും, തലപ്പിള്ളി താലൂക്കിൽ സ്റ്റാറ്റസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്ററായും. ക്ഷേമനിധിയിൽ LD Clerk ആയും, കമ്മ്യൂണിറ്റി കൗൺസിലറായും, കുന്നംകുളം കുടുംബശ്രീ CDS vice chairperosn ആയും സേവനംഅനുഷ്ഠിച്ചിട്ടുണ്ട്.



ശാന്താലയ ശ്രീകുമാർ


ഗോപാലകൃഷ്ണൻ സി.എസ്.



ഗായത്രി കൃഷ്ണൻ



മഹേഷ് എസ്

## ശാന്താലയ ശ്രീകുമാർ

തിരുവനന്തപുരം വട്ടിയൂർക്കാവ് സ്വദേശി. ലോക്കോ പൈലറ്റ്, മലയാളം മിഷൻ അധ്യാപകൻ, റിസോഴ്സ് പേഴ്സൺ, മോട്ടിവേറ്റർ, പ്രഭാഷകൻ, കവി. 33 വർഷം ചെന്നൈയിൽ ലോക്കോ പൈലറ്റ് ആയിരുന്നു. പ്രവാസികൾക്ക് വേണ്ടി കേരള സംസ്ഥാന ഗവൺമെന്റ് നടത്തുന്ന മലയാളം മിഷന്റെ ചെന്നൈ ചാപ്റ്റർ അധ്യാപകനും റിസോഴ്സ് പേഴ്സണ്ണും ആയിരുന്നു.ഏറ്റവും കൂടുതൽ കുട്ടികളെ പരീക്ഷയ്ക്ക് ഇരുത്തിയത് ഇദ്ദേഹമായിരുന്നു. ഇദ്ദേഹം പഠിപ്പിച്ച കുട്ടിയാണ് ആദ്യമായി മലയാളം മിഷൻ നടത്തിയ പ്രഥമ നീലക്കുറിഞ്ഞി (കേരളത്തിലെ SSLC തുല്യത പരീക്ഷ) പരീക്ഷയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയത് ബെസ്റ്റ് ടീച്ചർ അവാർഡ് ലഭിക്കുകയുണ്ടായി. ചെന്നൈയിലും ഇപ്പോൾ തിരുവനന്തപുരത്തും കുട്ടികൾക്ക് വേണ്ടി മോട്ടിവേഷൻ ക്യാമ്പുകൾ നടത്തി കൊണ്ടിരിക്കുന്നു. കൂടുതലും ബാല കവിതകളാണ് എഴുതിയിട്ടുള്ളത്. ഇപ്പോൾ ആനുകാലികങ്ങളിൽ കവിതകൾ എഴുതുന്നു. സംസ്കാര സാഹിത്യവേദി അഖില കേരള സാഹിത്യ അവാർഡ് , നിറവ് സാഹിത്യ സാംസ്കാരിക സംസ്ഥാനതല പുരസ്കാരം, ഗമനം സാഹിത്യ പുരസ്കാരം, നന്മ സാഹിത്യ പുരസ്കാരം, .മഹിമ അക്ഷര മുദ്രാഫലകം തുടങ്ങി ധാരാളം പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. താമ്പരം ക്യാമ്പ് റോഡ് കേരളസമാജം ജനറൽ സെക്രട്ടറി, സാഹിതീ സല്ലാപം സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

## ഗോപാലകൃഷ്ണൻ സി.എസ്.

തിരുവനന്തപുരം ആറാലുംമൂട് സ്വദേശി. DYFI യുടെ സജീവപ്രവർത്തകൻ, അത്യാഹിതങ്ങളിൽപ്പെടുന്നവർക്ക് രക്തദാനം ഏർപ്പെടുത്തിക്കൊടുക്കുന്നു. നിരവധി തവണ രക്തദാനം ചെയ്തിട്ടുണ്ട്. പൊതുപ്രവർത്തനരംഗത്ത് സജീവമാണ്. തന്റെ നാട്ടിലെ ഏതൊരു അവശത അനുഭവിക്കുന്ന പൗരനും സഹായം എത്തിക്കുന്നതിന് മുന്നിലാണ്. അപകടങ്ങളിൽപ്പെടുന്നവർക്കും രോഗികൾക്കും രക്തദാനം നൽകുന്നതിന് ഒരു സംഘം യുവജനങ്ങളുടെ പിൻതുണ ലഭ്യമാക്കിയിട്ടുണ്ട്. പാവപ്പെട്ട വിദ്യാർത്ഥികൾക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും സാർവത്രികമായ സഹായം നൽകുവാൻ ഉള്ള പരിശ്രമത്തിൽ ഏർപ്പെട്ടിരിക്കുന്നു.

## ഗായത്രി കൃഷ്ണൻ

വയനാട് കൊളകപ്പാറ സ്വദേശി. ഭാരതനാട്യ നർത്തകിയും അധ്യാപികയും നൃത്തസംവിധായികയുമാണ്. നിലവിൽ കൊച്ചി, കാക്കനാട് പ്രവർത്തിക്കുന്ന Indian Cultural and Heritage Centre (ICHC)യുടെ ഡയറക്ടറായി സേവനം അനുഷ്ഠിച്ചുവരുന്നു. ഈ സ്ഥാപനം ഭാരതീയ കല, സംസ്കാരം, പൈതൃകം എന്നിവയുടെ സംരക്ഷണത്തിനും പ്രചാരണത്തിനും യുവതലമുറയിൽ അവയുടെ മൂല്യങ്ങൾ വളർത്തിയെടുക്കുന്നതിനും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഭാരതനാട്യ അധ്യാപികയായി 159-ലധികം വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ ഇൻഫോപാർക്ക് കാക്കനാട്ടിലെ നിരവധി പ്രമുഖ സ്ഥാപനങ്ങൾക്കായി വിവിധ സാംസ്കാരിക പരിപാടികളിൽ നൃത്തസംവിധാനവും കൊറിയോഗ്രഫിയും നിർവഹിച്ചു. ഇന്ത്യയിലെ വിവിധ പ്രശസ്ത നൃത്തോത്സവങ്ങളിലും സാംസ്കാരിക വേദികളിലും കലാപ്രകടനങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. കരൂർ നട്യാഞ്ജലി, ചിദംബരം ഡാൻസ് ഫെസ്റ്റ്, AIDA, കൊച്ചി, കൊല്ലൂർ മൂകാംബിക ക്ഷേത്രം, ചോറ്റാനിക്കര മഹോത്സവം എന്നിവിടങ്ങളിൽ നൃത്തം അവതരിപ്പിച്ചിട്ടുണ്ട്. വിവിധ നൃത്തമത്സരങ്ങളിൽ വിധികർത്താവായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ശാസ്ത്രീയ നൃത്തകലയുടെ പ്രചാരണത്തിനും ഭാരതീയ സംസ്കാരത്തിന്റെ സംരക്ഷണത്തിനും സജീവമായി പ്രവർത്തിച്ചുവരുന്നു. ജില്ലാ-സംസ്ഥാനതല കലാമത്സരങ്ങളിൽ നിരവധി പുരസ്കാരങ്ങളും അംഗീകാരങ്ങളും നേടിയിട്ടുണ്ട്.

## മഹേഷ് എസ്

തിരുവനന്തപുരം അരുവിപ്പുറം സ്വദേശി, സാമൂഹ്യപ്രവർത്തകൻ. സാമൂഹ്യസേവന രംഗത്ത് വിദ്യാഭ്യാസകാലം മുതൽ സേവന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇപ്പോഴും 5 നിർധനരായ കുടുംബങ്ങൾക്ക് മാസംതോറും ഒരു നിശ്ചിത തുക നൽകിവരുന്നു. കോവിഡ് കാലഘട്ടത്തിൽ ബന്ധുക്കളും വീട്ടുകാരും തൊടാൻ ഭയപ്പെട്ടിരുന്നകോവിഡ് ബാധിതരായ വ്യക്തികളുടെ ശരീരം മറവ് ചെയ്യുന്നതിലേക്കായി പ്രവർത്തിച്ചു. ക്വാറന്റൈനിൽ ഇരുന്ന വ്യക്തികളുടെ വീടുകൾ ശുചീകരിക്കാനും സഹായിച്ചിട്ടുണ്ട് കരമനയാറിലെ അപകടം നിറഞ്ഞ കുളിക്കടവുകളിൽ ഒഴുക്കിൽപെട്ടവരെ പല അവസരങ്ങളിലും രക്ഷിക്കുകയും മരണപെട്ടവരുടെ മൃതശരീരങ്ങൾ മുങ്ങിഎടുക്കുകയും ചെയ്തിട്ടുണ്ട്. രാഷ്ട്രീയ സ്വയംസേവക സംഘിന്റെ മുഖ്യമായ ചുമതലകളും വഹിക്കുന്നുണ്ട് അതിന്റെ പരിവാർ സംഘടനയായ കേരള ക്ഷേത്ര സംരക്ഷണ സമിതിയുടെ വിളപ്പിൽ താലൂക്കിന്റെ പ്രസിഡണ്ടായി ചുമതല വഹിക്കുന്നു കൂടാതെ പേയാട് മുതൽ അരുവിപ്പുറം വരെയുള്ള ജനങ്ങളുടെ കൂട്ടായ്മയായ ‘പേയാട് സൗഹൃദ വേദി’ എന്ന കലാസാംസ്കാരിക കൂട്ടായ്മയുടെയും അരിവിപ്പുറം ചെറുപാറ റസിഡൻസ് അസോസിയേഷന്റെയും (ACRA) വിട്ടിയം ശ്രീ ഭദ്രകാളി ദേവി ക്ഷേത്രത്തിന്റെയും വൈസ് പ്രസിഡണ്ടായി ചുമതല വഹിച്ചു വരുന്നു. പേയാട് കണ്ണശ്ശ മിഷൻ ഹൈസ്കൂളിൽ 23 വർഷമായി ഡ്രൈവർ ആയി ജോലി ചെയ്തുവരുന്നു; തുച്ഛമായ വരുമാനത്തിൽ നിന്നും ഒരു വിഹിതം സാമൂഹിക പ്രവർത്തനങ്ങൾക്കും മാറ്റിവയ്ക്കുന്നുണ്ട്. കിട്ടുന്ന സമയത്തിന്റെ ഒരു ഭാഗം സാമൂഹിക പ്രവർത്തനങ്ങളിൽ ഏർപ്പെടാറുണ്ട്.



മീരാകൃഷ്ണ



ജെസ്സി ജോൺ



ജോളി സുധീർ

## മീരാകൃഷ്ണ

തിരുവനന്തപുരം കമലേശ്വരം സ്വദേശിനി. പുസ്തകപ്രേമി. നാട്ടിലെ ലൈബ്രറി പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട കലാസാഹിത്യ പ്രവർത്തനങ്ങളിൽ വ്യാപൃതയാകുകയും സാഹിത്യത്തെ പരിപോഷിപ്പിക്കുവാനുതകുന്ന പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. ജീവകാരുണ്യപ്രവർത്തനങ്ങളിലും പങ്കെടുക്കുന്നു. ശൂരനാട് കുഞ്ഞൻപിള്ള കവിതാപുരസ്ക്കാരം, വയലാർ രാമവർമ്മ സുവർണ്ണ കവിത പുരസ്ക്കാരം, തിരഞ്ഞെടുത്ത കവിതകൾക്കുള്ള അക്ഷരശ്രീ പുരസ്ക്കാരം, എന്റെ തൂലികയിലെ മഷിത്തുള്ളികൾ എന്ന എന്റെ കവിത സമാഹാരത്തിന്റെ സ്നേഹാദരവും, തിക്കുറിശ്ശി കാവ്യമുദ്ര സ്മൃതി പുരസ്ക്കാരം, 2026 സുവർണ്ണ കവിത പുരസ്ക്കാരം, കേരള സോഷ്യൽ മീഡിയ ഫെസ്റ്റ് പുരസ്ക്കാരം തുടങ്ങി നിരവധി സംഘടനകളുടെ ആദരവും ലഭിച്ചിട്ടുണ്ട്.

## ജെസ്സി ജോൺ

ആലപ്പുഴ ജില്ലയിലെ വെൺമണി സ്വദേശി. കഥാകൃത്ത്, കവയിത്രി. 11 ചെറുകഥകൾ അടങ്ങിയതും 20 ചെറുകഥകൾ അടങ്ങിയതുമായ പുസ്തകങ്ങൾ പ്രസിദ്ധികരിച്ചു. കേരള സോഷ്യൽ മീഡിയ ലിറ്ററസി ഫെസ്റ്റ് ഓർഗനൈസേഷൻ അസോസിയേഷൻ ചെയ്ത അക്ഷയ കേരളം സർട്ടിഫിക്കറ്റുകളും, കേരള സോഷ്യൽ മീഡിയ literacy fest ഓർഗനൈസ്ഡ് സാക്ഷി അവാർഡും നാം ഡൽഹിയുടെ സർട്ടിഫിക്കറ്റ് ഓഫ് ഇൻസ്പിരേഷൻ, കേരള സോഷ്യൽ മീഡിയ ലിറ്ററസി ഓർഗനൈസ്ഡ് ചെയ്ത റെയിൻബോ reward, ഒരിടം നമുക്കായി കലാസാഹിത്യ വേദിയുടെ കവിതയ്ക്കുള്ള അവാർഡും, കണ്ടൽ ബുക്സ് സാഹിത്യപ്രതിഭ അവാർഡ്, മഷിക്കൂട്ട് സർഗ്ഗ സഹിത്യവേദി എംഎസ്എസ് വി കവിതുള്ള പുരസ്കാരം, നാം ഡൽഹി കൂട്ടായ്മയിൽ നിന്നും സർട്ടിഫിക്കറ്റുകളും, ഒരിടം നമുക്കായി എന്ന വേദിയിൽ നിന്നു നല്ല കഥയ്ക്കുള്ള ഗോൾഡ് മെഡലും, ഹരിശ്രീ സാഹിത്യ വേദിയുടെ സാഹിത്യ പുരസ്കാര ആദരവും ലഭിച്ചിട്ടുണ്ട്. മുംബൈയിലുള്ള ജ്വാല മാഗസിനിൽ എല്ലാ മാസവും കവിത പ്രസിദ്ധീകരിച്ചു വരാറുണ്ട്. കൂടാതെ ബാംഗ്ലൂർ സുരഭിലം എന്ന ഗ്രൂപ്പിൽ കഥകളുടെ ശബ്ദാവിഷ്കാരവും നടത്തിപ്പോരുന്നു.

## ജോളി സുധീർ

കോഴിക്കോട് പൂനൂർ സ്വദേശിനി . നർത്തകി. 25 വർഷത്തോളമായി നൃത്തധ്യാപന രംഗത്തു പ്രവർത്തിച്ചു വരുന്നു. കേരളത്തിനകത്തും പുറത്തും നിരവധി വേദികളിൽ നൃത്തം അവതരിപ്പിച്ചിട്ടുണ്ട്. 2020ൽ തൃശൂരിൽ നടന്ന ഏകാത്മകം മോഹിനിയാട്ടം വേൾഡ് ഗിന്നസ് പ്രോഗ്രാമിൽ പങ്കെടുക്കാൻ കഴിഞ്ഞു. 2022-ൽ നൃത്ത സമന്വയം കലാഗൃഹത്തിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച നന്ദികേശ്വര ഇന്റർനാഷണൽ ക്ലാസിക്കൽ ഡാൻസ് ഫെസ്റ്റിവലിൽ ‘നൃത്ത ഭൂഷൺ’ അവാർഡ് കരസ്ഥമാക്കി. 2024-ൽ AIDA സംഘടിപ്പിച്ച അഖിലേന്ത്യാ ശാസ്ത്രീയ നൃത്ത മത്സരം, ഫെസ്റ്റിവലിൽ പങ്കെടുത്ത് ഉർവശി അവാർഡ് ലഭിച്ചു. സ്കൂൾ കലോത്സവം, സി ബി എസ് ഇ കലോത്സവം സ്റ്റേറ്റ് ഇന്റർ ഐ ടി ഐ കലോത്സവം, യൂണിവേഴ്സിറ്റി കലോത്സവങ്ങളിലും കുട്ടികൾക്ക് പരിശീലനം നൽകി വരുന്നു. 10 വർഷത്തോളം സി ബി എസ് ഇ സ്കൂളിൽ നൃത്താധ്യാപിക ആയി ജോലി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. നിർദ്ധരായ കുട്ടികൾക്ക് സൗജന്യ നൃത്ത പരിശീലനവും യുണിഫോമും നൽകിവരുന്നു. മലയാള കലാകാരന്മാരുടെ ദേശീയ സംഘടന ആയ നന്മയിൽ അംഗമാണ്, നന്മ സർഗ്ഗ വനിതയിലും പ്രവർത്തിക്കുന്നു. ആൾ കേരള ഡാൻസ് ടീച്ചേർസ് ഓർഗാണൈസേഷൻ കോഴിക്കോട് ജില്ല കമ്മിറ്റി അംഗം ആണ്. കൈരളി കലാ കേന്ദ്രം, കലാദർശൻ സ്കൂൾ ഓഫ് ഫൈൻ ആർട്സ്, അരങ്ങ് നൃത്ത വിദ്യാലയം എന്നീ സ്ഥാപനങ്ങളിലെ അധ്യാപികയായി പ്രവർത്തിച്ചു വരുന്നു കരുമല തേനാകുഴിയിൽ ശിവരഞ്ജിനി നൃത്തവിദ്യാലയത്തിന്റെ മാനേജിംഗ് ഡയറക്ടർ ആണ്.

# ‘ഭാരത് സേവക്’ ബഹുമതി നൽകി ആദരിച്ചു

**‘ഭാരത് സേവക്’ ബഹുമതികൾ ബി.എസ്. ബാലചന്ദ്രൻ സമ്മാനിക്കുന്നു**


അശ്വനി എം.എൽ


ബിന്ദു.പി.എസ്


കെ.പി. റോസമ്മ


ശ്രീജ പൂനൂർ

## അശ്വനി എം.എൽ

കാസർഗോഡ് സ്വദേശിനി. കാസർഗോഡ് ബി.ജെ.പി. ജില്ലാ പ്രസിഡന്റ് എന്ന നിലയിൽ രാഷ്ട്രീയ വയോശ്രീയോജന, സുകന്യ സമൃദ്ധിയോജന തുടങ്ങിയ കേന്ദ്ര സർക്കാർ ക്ഷേമപദ്ധതികൾ ജനങ്ങളിലെത്തിക്കുന്നതിനും അവ ഫലപ്രദമായി നടപ്പിലാക്കുന്നതിനും നേതൃത്വം നൽകി വരുന്നു. ബിജെപി അക്ഷര മിത്ര ഫൗണ്ടേഷൻ എന്ന സന്നദ്ധ സംഘടനയിലൂടെ ഗ്രാമീണ പിന്നോക്ക മേഖലകളിൽ ബോധവൽക്കരണ രജിസ്ട്രേഷൻ ക്യാമ്പുകൾ സംഘടിപ്പിച്ചാണ് ഇതിനായി പ്രവർത്തിക്കുന്നത്. ലഹരി മുക്തമായ ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിനായി ബോധവൽക്കരണ പരിപാടികൾക്കും ഈ സമ്പർക്ക പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുകയും അവയിൽ സജീവമായി പങ്കാളിയാവുകയും ചെയ്യുന്നു. മുഖം നോക്കാതെ രാഷ്ട്രീയം നോക്കാതെ, പൊതു സമൂഹത്തിൽ അവശത അനുഭവിക്കുന്ന പൗരന്മാർക്കും വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന പൗരന്മാർക്കും അവരുടെ സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ നീതി ഉറപ്പ് വരുത്തുന്നതിലേക്ക് സാമൂഹ്യ പ്രതിബദ്ധതയോടെ ജനസേവനം നൽകിവന്നു.

## ബിന്ദു.പി.എസ്

മലപ്പുറം പുഴക്കാട്ടിരി സ്വദേശിനി. കഴിഞ്ഞ 25 വർഷമായി നൃത്ത അധ്യാപികയായി തുടരുന്നു. ഇപ്പോൾ കലാക്ഷേത്ര എന്ന പേരിൽ നാലോളം നൃത്ത സ്ഥാപനങ്ങൾ നടത്തി വരുന്നു. വിവിധ ക്ലാസുകളിലായി 75 ഓളം കുട്ടികളെ അഭ്യസിപ്പിക്കുന്നുണ്ട് ഇപ്പോഴും നൃത്ത പരിപാടികൾ അവതരിപ്പിക്കാറുണ്ട് ഓൾ കേരള ഡാൻസ് ടീച്ചേഴ്സ് ഓർഗനൈസേഷൻ അംഗമായതുകൊണ്ട് സംഘടനയുടെ വിവിധ പ്രോഗ്രാമുകളിൽ പരിപാടികൾ അവതരിപ്പിക്കാറുണ്ട് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളിൽ നിന്നും മത്സര വേദികളിലേക്കോ അരങ്ങേറ്റം, മറ്റ് സ്റ്റേജ് പ്രോഗ്രാമുകൾ എന്നിവയിലേക്കോ പ്രതിഫലം വാങ്ങാതെ അവരെ പങ്കെടുപ്പിക്കാറുണ്ട്. പുഴക്കാട്ടിരി മണ്ഡലം മഹിള കോൺഗ്രസ് മണ്ഡലം പ്രസിഡണ്ടായി സേവനമനുഷ്ഠിച്ചിട്ടുണ്ട് 2020 25 കാലഘട്ടത്തിൽ മങ്കട ബ്ലോക്ക് പഞ്ചായത്തിലേക്ക് ബ്ലോക്ക് മെമ്പർ ആയി തിരഞ്ഞെടുക്കപ്പെട്ടു ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി അംഗമായതുകൊണ്ട് തന്നെ സ്ത്രീകൾക്കും കുട്ടികൾക്കും ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കും വേണ്ടി ഒട്ടനവധി കാര്യങ്ങൾ ചെയ്തു തീർക്കുവാൻ സാധിച്ചിട്ടുണ്ട് ഇപ്പോഴും പഞ്ചായത്തിലെ സ്കൂളിൽ കുട്ടികളെ പ്രതിഫലം വാങ്ങാതെ നൃത്തം അഭ്യസിപ്പിക്കുന്നുണ്ട് എ കെ ഡി ടി ഒ എക്സിക്യൂട്ടീവ് അംഗമായിരുന്നപ്പോൾ കൊറോണ കാലഘട്ടത്തിൽ സംഘടനയിൽ പെട്ട സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിച്ച അംഗങ്ങളെ സഹായിക്കുന്നതിന് വേണ്ടി സംഘടനയും സ്വന്തമായും മറ്റ് അംഗങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായങ്ങൾ സ്വീകരിച്ചുകൊണ്ട് അതു മറ്റുള്ളവരിലേക്ക് എത്തിക്കുവാൻ പ്രയത്നിച്ചിട്ടുണ്ട് പഞ്ചായത്തിലെ പാലിയേറ്റീവ് കെയർ യൂണിറ്റുമായി സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട് പുകയില രഹിത വിദ്യാലയം, അന്നദാനം അനുഗ്രഹീതം എന്നീ ആശയങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്.

## കെ.പി. റോസമ്മ

തിരുവനന്തപുരം മണമ്പൂർ സ്വദേശിനി. കുടുംബശ്രീ സിഡിഎസ്, സാക്ഷരതാപ്രവർത്തക. ആശാവർക്കർ. നിരവധി സാമൂഹ്യ സാംസ്കാരിക ചാരിറ്റബിൾ സംഘടനകളിൽ പ്രവർത്തിക്കുന്നു. ആശമാരുടെ വേതന വർദ്ധന സമരത്തിൽ മുൻനിരയിൽ നേതൃത്വം വഹിച്ചു. ആശാ ഹെൽത്ത് വർക്കേഴ്സ് അസ്സോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡന്റായും തിരു. ജില്ലാ പ്രസിഡന്റായും സേവനം അനുഷ്ഠിച്ചു വരുന്നു. കോവിഡ് മഹാമാരി കാലത്ത് രോഗപരിചരണത്തിനും മറ്റ് ചികിത്സകൾക്കു മുൻകൈയെടുത്ത് അവശത അനുഭവിക്കുന്ന രോഗികളെ ആശുപത്രിയിൽ പാർപ്പിക്കാനും അവർക്ക് വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കുവാനും പ്രയത്നിച്ചു.

## ശ്രീജ പൂനൂർ

കോഴിക്കോട് , പൂനൂർ സ്വദേശി. 25 വർഷമായി നൃത്തം, നാടകം, സീരിയൽ, ചാനൽ പ്രോഗ്രാം, കോമഡി ഷോ, സിനിമ മേഖല തുടങ്ങിയവയിൽ സജീവമായി പ്രവർത്തിച്ചു വരുന്നു. കോഴിക്കോട് മാനിപുരത്ത് കണ്ണകി കലാക്ഷേത്ര എന്ന സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടർ ആണ്. സാമ്പത്തികമായി പിനോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ സൗജന്യമായി നൃത്തം പഠിപ്പിക്കുകയും കലോത്സവവേദികളിൽ പങ്കെടിപ്പിക്കുകയും ചെയുന്നു. സ്കൂൾ കലോത്സവവേദികളിൽ വിദ്യാർത്ഥികളെ സംസ്ഥാന തലം വരെ പങ്കെടിപ്പിച്ചു സമ്മാനങ്ങൾ ലഭിച്ചിട്ടുണ്ട്. നിരവധി സ്കൂൾ, സബ്ജില്ലാ കേരളോത്സവം വിധികർത്താവായി പ്രർത്തിച്ചു വരുന്നു. പൂക്കാട് കലാലയത്തിന്റെ നിരവധി നൃത്ത സംഗീത നാടകങ്ങളിൽ 9 വർഷത്തോളം പ്രവർത്തിച്ചിട്ടുണ്ട്. നിരവധി വെബ്സീരിയലുകളിലും ഷോർട്ട് ഫിലീമുകളിലും അഭിനയിച്ചിട്ടുണ്ട്. വിവിധ ടെലിവിഷൻ ചാനലുകളിലെ പരിപാടികളിൽ അഭിനയിച്ചിട്ടുണ്ട്. വിവിധ സിനിമകളിൽ നല്ലവേഷം ചെയ്തിട്ടുണ്ട്. മിമിക്രി ആർട്ടിസ്റ്റുകളുടെ സംഘടനയിൽ മെമ്പർ ആയി പ്രവർത്തിച്ചു വരുന്നു. കലാകാരന്മാരുടെ ദേശീയ സംഘടന നന്മയുടെ താമരശ്ശേരി യൂണിറ്റ് എക്സിക്യുടീവി മെമ്പറായും നന്മ കുന്നമംഗലം മേഖല സർഗ്ഗ വനിത വൈസ് പ്രസിഡന്റായും പ്രവർത്തിച്ചു വരുന്നു കൂടാതെ കോഴിക്കോട് ജില്ല ഓൾ കേരള നൃത്താധ്യാപിക സംഘടനയുടെ അംഗമായും പ്രവർത്തിച്ചു വരുന്നു.


ശിവൻ തെള്ളിയൂർ


നാട്യശ്രീ സുനീഷ് പാലത്ത്


ഡോ. സി. അബ്ദുൾ സലാം


ശാന്താ ശ്രീകുമാർ

## ശിവൻ തെള്ളിയൂർ

തെല്ലിയൂർ സ്വദേശി. പടയണി കലാകാരൻ പടയണിയിലെ പ്രധാന വിഭാഗമായ കോലമെഴുത്ത് കഴിഞ്ഞ 45 വർഷമായി കൈകാര്യം ചെയ്യുന്നു. തന്റെ ഗുരുവായ അച്ഛനിൽ നിന്നും പടയണിയിലെ എല്ലാ കോലങ്ങളും എഴുതുവാൻ പഠിച്ചു. മധ്യ തിരുവിതാംകൂറിലെ ക്ഷേത്രങ്ങളിൽ ആചരിച്ച് വരുന്ന കോലമെഴുത്ത് എന്ന ഈ പ്രാചീന കല നൂറിലേറെ ശിഷ്യന്മാരെ പഠിപ്പിക്കുവാൻ സാധിച്ചു. അത്രത്തോളം പേർക്ക് തൊഴിലും വരുമാനമാർഗ്ഗവും ലഭിക്കുവാൻ ഇടമാക്കി. കേരളത്തിൽ സ്ഥിതി ചെയ്യുന്ന ഒട്ടുമിക്ക ക്ഷേത്രങ്ങളിലും കോലമെഴുത്തിന് അവസരം ലഭിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിനും പുറത്തും പടയണി കോലം എഴുത്ത് അവതരിപ്പിച്ച് വരുന്നു. അന്യം നിന്നു പോകാൻ അനുവദിക്കാതെ ഈ പ്രാചീനകലയെ പുതുതലമുറക്ക് പകർന്ന് നൽകിക്കൊണ്ടും പടയണിയെന്ന ഈ കലയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് പോകുന്നു.

## നാട്യശ്രീ സുനീഷ് പാലത്ത്

കോഴിക്കോട് പാലത്ത് സ്വദേശി. 30 വർഷത്തോളമായി നൃത്ത രംഗത്ത് പ്രവർത്തിച്ച് വരുന്നു. ക്ലാസ്സിക്കൽ നൃത്തരൂപങ്ങളായ ഭരതനാട്യം, കുച്ചിപ്പുഡി, മോഹിനിയാട്ടം, കേരള നടനം, നാടോടി നൃത്തം, നാടൻ കലകൾ എന്നിവ അഭ്യസിപ്പിച്ച് വരുന്നു. ഹൈദരാബാദിൽ വെച്ച് നടന്ന ഇന്റർനാഷണൽ കുച്ചിപ്പുഡി കൺവൻഷനിൽ പങ്കെടുത്ത് മഹാ ബൃന്ദ നാട്യം അവതരിപ്പിച്ച് കുച്ചിപ്പുഡിയിൽ ഗിന്നസ് വേൾഡ് റെക്കോഡിൽ ഇടം നേടിയിട്ടുണ്ട്. ഓൾ കേരള ഡാൻസ് ടീച്ചേഴ്സ് ഓർഗനൈസേഷൻ കോഴിക്കോട് ജില്ലാ ജോയന്റ് സെക്രട്ടറിയായി പ്രവർത്തിച്ച് വരുന്നു ഓൾ കേരള ഡാൻസ് ടീച്ചേഴ്സ് സംസ്ഥാന എക്സിക്യൂട്ടീവ് അംഗം മലയാള കലാകാരൻമാരുടെ ദേശീയ സംഘടനയായ നന്മയുടെ കക്കോടി മേഖല എക്സിക്യൂട്ടീവ് അംഗീ, എന്നീ നിലകളിൽ പ്രവർത്തിച്ച് വരുന്നു. ഇപ്പോൾ സ്വദേശമായ പാലത്ത് കേരള സംഗീത നാടക അക്കാദമിയുടെ അംഗീകാരത്തോട് കൂടി നാട്യ ശ്രീ നൃത്ത വിദ്യാലയം എന്ന സ്ഥാപനം നടത്തിവരുന്നു. അതിന്റെ മാനേജിംഗ് ഡയറക്ടർ കൂടിയാണ്.

## ഡോ. സി. അബ്ദുൾ സലാം

കണ്ണൂരിലെ സംഗമം ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷനിലെ മാനേജിംഗ് ഡയറക്ടർ. തന്റെ സ്വയ പ്രയത്നത്തിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ നല്ലൊരുഭാഗം കാരുണ്യപ്രവർത്തനങ്ങൾക്കായി ചിലവാക്കുന്നു. പാവപ്പെട്ടവരേയും അവശത അനുഭവിക്കുന്നവരേയും അവഗണിക്കപ്പെട്ടുപോയവരേയും പിന്നോക്കാവസ്ഥകളിൽപ്പെട്ടുപോകുന്നവരെയും മറ്റ് സഹജീവികളുടെ കൂടെ ജീവിക്കുന്നതിനുള്ള സാർവ്വത്രികമായ ചുറ്റുപാട് സൃഷ്ടിച്ച് നൽകുന്നു. നിർദ്ധനരായ കുട്ടികളെ ദത്തെടുത്ത് അവർക്ക് വിദ്യാഭ്യാസം നല്കുക, വീടില്ലാത്തവർക്കും ഭൂമിയില്ലാത്തവർക്കും വീടും ഭൂമിയും നൽകുക വൃദ്ധ ദമ്പതികൾക്കും രോഗികൾക്കും ദിവസവും ഭക്ഷണം എത്തിക്കുക തുടങ്ങിയ അനവധി കാരുണ്യ പ്രവർത്തനങ്ങളിൽ വ്യാപൃതനാണ്.

## ശാന്താ ശ്രീകുമാർ

നെയ്യാറ്റിൻകര ഇളവിന്മൂട് സ്വദേശി. കവയത്രി, കഥാകൃത്ത്. ലേഖിക, നാടക കൃത്ത്. ധാരാളം നവ മാധ്യമങ്ങളിൽ കവിതകൾ, കഥ, ലേഖനം, നാടകം എന്നിവ എഴുതിയിട്ടുണ്ട്. നാടകങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. സാഹിത്യരംഗത്തെ മികവിന് സുഗതകുമാരി പുരസ്കാരം,അയിലം ഉണ്ണികൃഷ്ണൻ പുരസ്കാരം, കലാനിധി സാഹിത്യശ്രേഷ്ഠ പുരസ്കാരംഎന്നിവ ലഭിച്ചിട്ടുണ്ട് ശിശുക്ഷേമ വകുപ്പിന്റെ ആദരവ് (അതിയന്നൂർ പഞ്ചായത്ത്) ലഭിച്ചു. കൊടങ്ങാവിളവായനശാലയിൽ നിന്നും ആദരവ് ലഭിച്ചു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മഹിളാഅസോസിയേഷൻ ബ്രാഞ്ച് സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്. നിലവിൽ മലയിൻകീഴ് നിള സാംസ്കാരിക വേദിയുടെ എക്സിക്യൂട്ടീവ് അംഗം, നെയ്യാറ്റിൻകര കുരുക്ഷേത്ര സാംസ്കാരിക വേദിയുടെ എക്സിക്യൂട്ടീവ് അംഗം, എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.


ഛായാറാണി .എസ്


പ്രവീണ


സജിനി. എൻ.കെ


സുഷമ.പി

## ഛായാറാണി .എസ്

കഴിഞ്ഞ പത്തു വർഷമായി മലയാളം സാഹിത്യ / കലാ മേഖലയിൽ പ്രവർത്തിക്കുന്നു. ഏകദേശം അൻപതോളം കവിതകൾ രചിച്ചിട്ടുണ്ട്. കവിതാ സമാഹാര പുസ്തകം പ്രസിദ്ധീകരിച്ചു. ആകാശവാണി തിരുവനന്തപുരം നിലയത്തിൽ ധാരാളം കവിതകളും പ്രക്ഷേപണം ചെയ്തിട്ടുണ്ട്. സഹിത്യ/ കലാ പ്രവർത്തനങ്ങൾക്കു പുറമേ ചാരിറ്റി പ്രവർത്തങ്ങളിലും പങ്കുചേർന്ന് പ്രവർത്തിക്കുന്നു. തപസ്യ എന്ന സംഘടയിൽ വൃദ്ധരായ സ്ത്രീകൾ താമസിക്കുന്നു. അവിടെ രോഗിയായവരെ ആശുപതിയിൽ കൊണ്ടുപോകയും അവർക്കുവേണ്ടുന്ന സഹായങ്ങളും ചെയ്യുന്നു പിന്നെ പകൽ വീട്ടുകളിൽ ചോവുംകയും അവരോടു സംസാരിച്ച് അവരുട വിഷമങ്ങൾ കേൾക്കുകയും അവരുടെ വിഷമങ്ങൾ പരിഹരിച്ച് കൊടുക്കുകയും ചെയ്യുന്നു വാദ്ധ്യക്യകാലത്തു ആരും നോക്കാനില്ലാത്തവർക്ക് മരുന്നും വസ്ത്രവും ഭക്ഷണവും എത്തിക്കാൻ ഉള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു. ഡോ: അംബേദ്കർ പുരസ്കരം, ദിനകാവ്യ സഭയുടെ പോത്സാഹന ഫലകം മഹിമ കലാവേദിയിൽ കവിതക്കു ഫലകം എന്നിവ കിട്ടിയിട്ടുണ്ട് നിലവിൽ ഉണർവ്വ് എന്ന സംഘടനയുടെ എക്സികൂട്ടീവ് അംഗമായി പ്രവർത്തിച്ചു വരുന്നു.

## പ്രവീണ

പാലക്കാട് മണ്ണാർക്കാട് സ്വദേശി. പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ 16 വർഷം ആയി പ്രണവം നൃത്ത കലാക്ഷേത്രംഎന്ന സ്ഥാപനം നടത്തി വരുന്നു . നൃത്തത്തോടുള്ള അഗാധമായ താൽപര്യവും സമർപ്പണവും മുൻനിർത്തി, അട്ടപ്പാടിയിലെ കുട്ടികളിലും യുവതലമുറയിലും നൃത്തകലയോടുള്ള താൽപര്യം വളർത്തുന്നതിനും കലാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുമായി പ്രവർത്തിച്ചു വരുന്നു. അട്ടപ്പാടിയിലെ വിവിധ പ്രദേശങ്ങളിലായി 6 കേന്ദ്രങ്ങളിൽ എൺപതോളം കുട്ടികളെ നൃത്തം അഭ്യസിപ്പിക്കുന്നു. നൃത്ത അധ്യാപക സംഘടനയായ All Kerala Dance Teachers Organization (AKDTO) എന്ന സംഘടനയിൽ 11 വർഷമായി പ്രവർത്തിച്ചു വരുന്നു. സംഘടനയുടെ നേതൃത്വത്തിൽ ഉള്ള പരിപാടികളിൽ നൃത്തം അവതരിപ്പിക്കാറുണ്ട്. കൊച്ചിയിൽ വെച്ച് നടന്ന വേർഡ് ഗിന്നെസ്സ് റെക്കോർഡ് പ്രോഗ്രാമായ മൃദീഗനാദം പ്രോഗ്രാമിൽ 25 കുട്ടികളെ പങ്കെടുപ്പിക്കാനും നൃത്തം അവതരിപ്പിക്കാനും സർട്ടിഫിക്കറ്റ് നേടാനും സാധിച്ചു. ശിഷ്യരിൽ സാമ്പത്തിക ബുദ്ധിമുട്ട് ഉള്ളവരെ കണ്ടെത്തി അവർക്കു വേണ്ട എല്ലാവിധ സഹായങ്ങളും പിന്തുണയും നൽകുന്നുണ്ട്.

## സജിനി. എൻ.കെ

മലപ്പുറം പെരിന്തൽമണ്ണ സ്വദേശിനി. 15 വർഷത്തോളമായി നൃത്ത അദ്ധ്യാപികയായി പ്രവർത്തിക്കുന്നു. സാക്ഷരതാ മിഷൻ നടത്തുന്ന തുല്യതാ സാമൂഹ്യ സേവന പരിപാടിയിൽ 3 വർഷത്തോളമായി കുട്ടികൾക്ക് ക്ലാസ് എടുക്കന്നുണ്ട്. ദൃശ്യ നൃത്ത കലാക്ഷേത്ര എന്ന പേരിൽ മൂന്നോളം നൃത്ത സ്ഥാപനങ്ങൾ നടത്തി വരുന്നു. കൂടാതെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ പ്രതിഫലം വാങ്ങാതെ തന്നെ കലോത്സവങ്ങളിലും വിവിധ പ്രോഗ്രാമുകളിലും പങ്കെടുപ്പിക്കാറുണ്ട്. മൃദംഗ വിഷൻ നടത്തിയ ഭരതനാട്യം ഗിന്നസ് വേൾഡ് റെക്കോഡിനു വേണ്ടി കൊച്ചിയിൽ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ നടത്തിയ പ്രോഗ്രാമിൽ വിദ്യാർത്ഥികളുടെ കൂട്ടത്തിൽ നൃത്തം അവതരിപ്പിച്ചു. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന വിദ്യഭ്യാസം നേടാൻ ആഗ്രഹിക്കുന്ന ജനവിഭാഗങ്ങളുടെ ഉന്നമനത്തിനു വേണ്ടിയുള്ള സേവന പരിപാടികളിൽ പങ്കു ചേരുകയും അവർക്ക് വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കുകയും ചെ യ്യുന്നു. കഴിഞ്ഞ 10 വർഷമായി ഓൾ കേരള ഡാൻസ് ടീച്ചേർസ് ഓർഗനൈസേഷനിൽ അംഗമായി പ്രവർത്തിച്ചു വരുന്നു.

## സുഷമ.പി

കോഴിക്കോട് നടുവണ്ണൂർ സ്വദേശി. 20 വർഷത്തോളമായി നൃത്ത രംഗത്ത് പ്രവർത്തിച്ച് വരുന്നു. എറണാകുളം ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ വെച്ച് നടന്ന കൺവൻഷനിൽ പങ്കെടുത്ത് ഭരതനാട്യം ഗിന്നസ് വേൾഡ് റെക്കോഡിൽ ഇടം നേടിയിട്ടുണ്ട്.. കോഴിക്കോട് ഡിസ്ട്രിക്ടിൽ പേരാമ്പ്ര, നടുവണ്ണൂർ ബ്രാഞ്ചുകളായി പ്രവർത്തിച്ചു വരുന്ന തപസ്യ കലാക്ഷേത്ര നൃത്തവിദ്യാലയം സ്ഥാപകയും അധ്യാപികയും ആണ്. നിരവധി കുട്ടികളെ നൃത്തം പഠിപ്പിക്കുന്നതിനു പുറമെ പാവപ്പെട്ട കുട്ടികൾക്ക് സൗജന്യ ക്ലാസ്സുകളും നടത്തി വരുന്നു. ഇന്ത്യയ്ക്ക് അകത്തും പുറത്തുമായി സ്ഥിരം സ്റ്റേജ് പ്രോഗ്രാംസ് ചെയ്യുകയും ആദരാവുകൾ കരസ്തമാക്കുകയും ചെയ്തിട്ടുണ്ട്. പേരാമ്പ്ര കൂരാച്ചുണ്ട് പ്രവർത്തിച്ചു വരുന്ന വൃദ്ധ മന്ദിരത്തിലെ അമ്മമാർക്ക് ഭക്ഷണവും മരുന്നുകൾക്കുമുള്ള തുകയും നൽകി അവരുടെ കൂടെ ഒരു ദിവസം ചിലവഴിക്കുകയും ചെയ്യാറുണ്ട്. അവശതയും ബുദ്ധിമുട്ടും അനുഭവിക്കുന്ന കലാകാരന്മാർക്കളുള്ള സഹായങ്ങൾ സംഘടനാ പ്രവർത്തനങ്ങളിലൂടെ നടത്തിവരുന്നു. ഓൾ കേരള ഡാൻസ് ടീച്ചേർസ് ഓർഗാനസേഷൻ സംഘടനയിലൂടെ ഉള്ള പ്രവർത്തനത്തിന്റെ ഭാഗമായി കർക്കിടകം ഒന്നാം തിയതി നൂറോളം കലാകാരൻമാർക്ക് മഴക്കാല സ്നേഹ കിറ്റ് കൊടുക്കാൻ സാധിച്ചു. കലാകാരന്മാരുടെ ദേശീയ സംഘടന ആയ നന്മയിൽ മേലേ കമ്മിറ്റീ അംഗം ആയും, നടുവണ്ണൂർ മേഖല പ്രസിഡന്റ്, ഓൾ കേരള ഡാൻസ് ടീച്ചേഴ്സ് ഓർഗനൈസേഷൻ കോഴിക്കോട് ജില്ലാ ജോയന്റ് സെക്രട്ടറി, ഓൾ കേരള ഡാൻസ് ടീച്ചേഴ്സ് സംസ്ഥാന എക്സിക്യൂട്ടീവ് അംഗം എന്നീ നിലകളിലും പ്രവർത്തിച്ചുവരുന്നു.

# ‘ഭാരത് സേവക്’ ബഹുമതി നൽകി ആദരിച്ചു

‘ഭാരത് സേവക്’ ബഹുമതികൾ ബി.എസ്. ബാലചന്ദ്രൻ സമ്മാനിക്കുന്നു


അവനീന്ദ്ര നാഥൻ



അനു ചന്ദ്രൻ



മായ രാജ്



ഷൈദ ജോസഫ്

### അവനീന്ദ്ര നാഥൻ

തിരുവനന്തപുരം പയറ്റുവിള സ്വദേശി. കർഷകൻ. കാരുണ്യപ്രവർത്തകൻ, കഴിഞ്ഞ 16 വർഷക്കാലമായി ജീവകാരുണ്യ രംഗത്ത് പ്രവർത്തിക്കുന്നു. ആരോഗ്യപരമായി അവശത അനുഭവിക്കുന്ന എവിടെയും വിളിപ്പുറത്ത് എത്തിച്ചേർന്ന് മരുന്നായാലും പരിചരണമായാലും ഭക്ഷണമായാലും എത്തിച്ച് കൊടുക്കുന്നു. തന്റെ കാർഷികവൃത്തിയിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന്റെ ഒരു നല്ല ഭാഗം ആ നാട്ടിൽ തെരുവിലും അനാഥരായി നടക്കുന്നവർക്കും ഭക്ഷണം വസ്ത്രം എന്നിവ നൽകി വരുന്നു. ഏക്കറുകളോളം വരുന്ന കൃഷി ഭൂമി പാട്ടത്തിനെടുത്ത് വാഴ, മരച്ചീനി, പച്ചക്കറികൾ എന്നിവ സ്വന്തം അധ്വാനം കൊണ്ടും നിരവധി പേർക്ക് തൊഴിൽ നൽകിയും കൃഷിചെയ്തു വരുന്നു. പശുവളർത്തലിലും തത്പരനാണ്. ജീവിതത്തിൽ അമ്പതോളം പ്രാവശ്യം അത്യാഹിതങ്ങളിൽപ്പെട്ട രോഗികൾക്ക് രക്തദാനം ചെയ്തിട്ടുണ്ട്. നിരവധി സംഘടനകളുടെ പുരസ്ക്കാരങ്ങളും ആദരവുകളും ലഭിച്ചിട്ടുണ്ട്.

### അനു ചന്ദ്രൻ

മലപ്പുറം സ്വദേശിനി. ചലച്ചിത്ര പ്രവർത്തകയും സിനിമ നിരൂപകയുമാണ്. വിവിധ സിനിമകളിൽ സഹസംവിധായികയായി പ്രവർത്തിച്ചിട്ടുണ്ട്. ‘ത്രു ഹെർ ഐയ്സ്’ 1000 miles apart, one emclose എന്നീ ഷോർട്ട് ഫിലിമുകൾക്ക് രചനയും സംവിധാനവും നിർവഹിച്ചു. ചെറുകഥ, നോവൽ, ബാലസാഹിത്യം എന്നീ മേഖലകളിൽ സജീവമാണ്. നോവൽ ബാലസാഹിത്യം തുടങ്ങിയ വിഭാഗങ്ങളിൽ കൃതികൾ രചിച്ചിട്ടുണ്ട്. Rotary Club Vocational Excellence Award, K.N. Rajalekshmi Memmorial, അയ്യപ്പപ്പണിക്കർ പുരസ്ക്കാരം, ഗോവ ഇന്റർനാഷണൽ ഫെസ്റ്റിൽ മികച്ച തിരക്കഥയ്ക്ക് പുരസ്കാരം ലഭിച്ചിട്ടുണ്ട്.

### മായ രാജ്

പത്തനംതിട്ട തടിയൂർ സ്വദേശിനി. റിട്ടയേർഡ് അദ്ധ്യാപിക. നിരവധി വേദികളിൽ നൃത്തവും സംഗീതവും അവതരിപ്പിക്കുവാൻ അവസരം ലഭിച്ചിരുന്നു. 1989-2020 വരെയുള്ള ഔദ്യോഗിക കാലാവധിയിൽ കോർപ്പറേറ്റ് മാനേജ്മെന്റ് ആയതിനാൽ കേരളത്തിന്റെ തെക്കൻ ജില്ല മുതൽ വടക്കൻ ജില്ലവരെയുള്ള പല സ്ക്കൂളുകളിലും ജോലി ചെയ്തിട്ടുണ്ട്. ഇതിനോടകം 7 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കവിതാസമാഹാരങ്ങളും കഥാസമാഹാരങ്ങളും നോവലും യാത്രാവിവരണങ്ങളുമാണ് പ്രസിദ്ധീകൃതമായത്. ചെങ്ങന്നൂർ കെ.പി. രാമൻനായർ ഭാഷാ പഠനകേന്ദ്രത്തിന്റെ ജോയിന്റ് സെക്രട്ടറിയാണ്. ഭാഷാപഠന കേന്ദ്രവുമായി ബന്ധപ്പെട്ട് സ്ക്കൂൾ കോളേജ് തലങ്ങളിൽ വിദ്യാർത്ഥികൾക്കുള്ള ഭാഷാനൈപുണ്യപ്രവർത്തനങ്ങളും മത്സരങ്ങളുമെല്ലാം സംഘടിപ്പിക്കുന്നതിൽ മേൽനോട്ടംവരിക്കുന്നു. കുട്ടികളെ വായനയിലോട്ടടുപ്പിക്കുന്നതിനും നല്ല ഭാഷാപ്രയോഗം കുട്ടികളിൽ സ്വായത്തമാക്കുന്നതിനായും എൻ.എസ്സ്.എസ്സ് ക്യാമ്പുകളിൽ സമയം കണ്ടെത്തുന്നു. രാമായണ മാസാഘോഷത്തോടനുബന്ധിച്ച് കവിതാ രചനാ മത്സരത്തിൽ സർഗാത്മക രചനയ്ക്കുള്ള പുരസ്ക്കാരം ലഭിച്ചു. ആകാശവാണിയിലും കവിതകൾ അവതരിപ്പിച്ചിട്ടുണ്ട്. അധ്യാപിക, പൊതുപ്രവർത്തക, മാതൃഭാഷാ പ്രചാരക, എഴുത്തുകാരി എന്നീ നിലകളിലുള്ള പ്രവർത്തനങ്ങളെ മുൻനിർത്തി ബോധിനി സാംസ്കാരിക കേന്ദ്രത്തിന്റെ ആദരവ്, നല്ല മലയാളം പ്രചാരകയ്ക്കുള്ള അംഗീകാരം, ശ്രീമാതാ സച്ചിന്മയിദേവി കീർത്തി പുരസ്ക്കാരം, എം. സുകുമാരൻ സ്മാരക ചെറുകഥാ പുരസ്ക്കാരം എന്നീ അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്.

### ഷൈദ ജോസഫ്

കണ്ണൂർ സ്വദേശിനി. കഴിഞ്ഞ ഇരുപത് വർഷക്കാലമായി സാമൂഹിക-രാഷ്ട്രീയ ജീവകാരുണ്യ രംഗത്ത് സജീവം. കോവിഡ് മഹാമാരി കാലത്ത് നാട്ടിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന ഏതൊരവസ്ഥയെയും മറികടന്നു കൊണ്ട് മരുന്നോ ഭക്ഷണമോ പാർപ്പിട സഹായമോ വേണ്ടവർക്ക് സഹായം എത്തിച്ചു. തെരുവോരങ്ങളിൽ വിശപ്പുകൊണ്ട് അവശരായവർക്ക് ആഹാരം എത്തിക്കുക, ബ്ലഡ് ആവശ്യമുള്ളവർക്ക് അത് അറേഞ്ച് ചെയ്ത് നൽകി, ആദിവാസികൾ പാർക്കുന്ന പ്രദേശത്ത് അവർക്ക് വേണ്ട ഭക്ഷണം മരുന്ന് എന്നിവ നൽകുക കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ രോഗാവസ്ഥയിൽ ആശുപത്രിയിൽ കഴിയുന്നവർക്ക് ബൈസ്റ്റാണ്ടർമാരെ അറേഞ്ച് ചെയ്യുക എന്നിവയായിരുന്നു പ്രധാന ദൗത്യം.

(1 –ാം പേജിൽ നിന്നും തുടർച്ച)

## ഹിറ്റ്ലറെ വിറപ്പിച്ച യുദ്ധവീരൻ - കമ്പ്യൂട്ടറിന്റെ പിതാവ് : ഒടുവിൽ ഒരു ആപ്പിളിൽ ഒടുങ്ങിയ ജീവിതം

‘എനിഗമ’ കോഡുകൾ തകർത്തത് ബ്രിട്ടീഷ് ഗണിതശാസ്ത്രജ്ഞനായ ഈ മനുഷ്യന്റെ ബുദ്ധിയിൽ ആണ്. മനുഷ്യർക്ക് ചിന്തിക്കാൻ കഴിയുന്നതിലും വേഗത്തിൽ കോഡുകൾ വിശകലനം ചെയ്യാൻ അദ്ദേഹം ‘ബോംബ്’ (The Bombe) എന്ന ഇലക്ട്രോ-മെക്കാനിക്കൽ മെഷീൻ നിർമ്മിച്ചു. ബ്ലെച്ച്‌ലി പാർക്കിലെ ഈ രഹസ്യ ദൗത്യം വഴി ജർമ്മനിയുടെ യുദ്ധനീക്കങ്ങൾ മുൻകൂട്ടി അറിയാൻ സഖ്യകക്ഷികൾക്ക് കഴിഞ്ഞു. ട്യൂറിംഗിന്റെ ഈ കണ്ടുപിടിത്തം യുദ്ധം രണ്ട് വർഷം നേരത്തെ അവസാനിപ്പിക്കാനും ഏകദേശം 1.4 കോടി മനുഷ്യജീവനുകൾ രക്ഷിക്കാനും സഹായിച്ചുവെന്ന് ചരിത്രകാരന്മാർ വിലയിരുത്തുന്നു. ഇതാണ് പിൽക്കാലത്ത് ആധുനിക കമ്പ്യൂട്ടറുകളുടെയും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെയും (AI) വികാസത്തിന് അടിത്തറയായത്.

ഇത്രയൊക്കെ രാജ്യത്തിന് വേണ്ടി ചെയ്തിട്ടും, അദ്ദേഹത്തിന്റെ സ്വകാര്യ ജീവിതത്തിന്റെ (Homosexuality) പേരിൽ അന്നത്തെ ബ്രിട്ടീഷ് സർക്കാർ അദ്ദേഹത്തെ കുറ്റവാളിയായി പ്രഖ്യാപിച്ചു. ജയിലിൽ പോകുന്നതിന് പകരം ഹോർമോൺ ചികിത്സ (Chemical Castration) സ്വീകരിക്കാൻ അദ്ദേഹം നിർബന്ധിതനായി. ഇത് അദ്ദേഹത്തെ ശാരീരികമായും മാനസികമായും തകർത്തു.1954-ൽ, തന്റെ 41-ാം വയസ്സിൽ പൊട്ടാസ്യം സയനൈഡ് പുരട്ടിയ ഒരു ആപ്പിൾ കഴിച്ച് അദ്ദേഹം ആത്മഹത്യ ചെയ്തു. പ്രമുഖ കമ്പനിയായ ‘Apple’-ന്റെ ലോഗോയിൽ കടിച്ചു മുറിച്ച ഒരു ആപ്പിൾ കാണുന്നത് അലൻ ട്യൂറിംഗിനോടുള്ള ആദരവാണെന്ന് ഒരു വലിയ വിഭാഗം വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ വിയോഗത്തിന് ശേഷം 2013-ൽ ബ്രിട്ടീഷ് രാജ്ഞി അദ്ദേഹത്തിന് ഔദ്യോഗികമായി മാപ്പ് നൽകി.



## നാട്ടറിവ്

റാണി ശ്രീജയൻ

# മലതാങ്ങി

കേരളത്തിലെ ഒരു പരമ്പരാഗത ഔഷധ സസ്യമാണ് മലതാങ്ങി. സമതലങ്ങളിലും വനങ്ങളിലും നാട്ടുമ്പുറങ്ങളിലും ഇത് വളരുന്നു. പരമ്പരാഗത ഔഷധങ്ങളിൽ ആളുകൾ ഇതിന്റെ വേരുകളും ഇലകളും ഉപയോഗിക്കുന്നു.

● **സസ്യങ്ങളുടെ വിശദാംശങ്ങളും പേരുകളും**

ശാസ്ത്രീയ നാമങ്ങൾ സിസാംപെലോസ് പരേര അല്ലെങ്കിൽ ഡിപ്ലോക്ലിസിയ ഗ്ലോസെസെൻസ്

**ഇംഗ്ലീഷ് നാമം:** വെൽവെറ്റ് ഇല

**മറ്റ് പ്രാദേശിക നാമങ്ങൾ:** വട്ടവള്ളി, വട്ടോളി

● **പരമ്പരാഗത ഉപയോഗങ്ങൾ**

പ്രസവാനന്തര പരിചരണം-പ്രസവശേഷം സ്ത്രീകൾക്ക് സുഖം പ്രാപിക്കാനും ഗർഭാശയത്തെ ശക്തിപ്പെടുത്താനും സഹായിക്കുന്നതിന് പുതിയ ഇലകൾ പൊടിച്ച് വേവിച്ച് ഒരു പരമ്പരാഗത വിഭവം (കുറുക്ക്) ഉണ്ടാക്കുന്നു.

**ആർത്തവ ആരോഗ്യം:** ആർത്തവ അസ്വസ്ഥതകൾ ലഘൂകരിക്കാനും ചക്രങ്ങൾ നിയന്ത്രിക്കാനും നാടോടി വൈദ്യത്തിൽ ഉപയോഗിക്കുന്നു.

**പൊതുവായ രോഗശാന്തി:** വേരിന്റെ സത്തും പേസ്റ്റും മുറിവുകളിൽ പുരട്ടുകയോ വയറ്റിലെയും ദഹനപ്രശ്നങ്ങളുടെയും ചികിത്സയ്ക്കായി ഉപയോഗിക്കുകയോ ചെയ്യുന്നു.



ചില ആയുർവേദ/പരമ്പരാഗത ചികിത്സാരീതികളിൽ വീക്കം, ത്വക്ക് പ്രശ്നങ്ങൾ, മുറിവ്, ചൊറിച്ചിൽ തുടങ്ങിയവ ഇല്ലാതാക്കാൻ ഇല/വേര് ഉപയോഗിച്ചതായി രേഖകളുണ്ട്.

ദഹനസംബന്ധമായ ചില പ്രശ്നങ്ങൾക്കും പരിഹാരമായി പരമ്പരാഗതമായി ഉപയോഗിക്കുന്നതായി രേഖകളുണ്ട്.കേരളത്തിലെ വനവാസി സമൂഹങ്ങളുടെ പാരമ്പര്യ ഉപയോഗങ്ങളിൽ ശരീരത്തിലെ വെള്ളം കെട്ടിനിൽക്കൽ, ചില ത്വക്ക് അണുബാധകൾ എന്നിവ കുറയ്ക്കുന്നതിനായി ഉപയോഗിക്കുന്നതായി കേരള വനംവകുപ്പ് പ്രസിദ്ധീകരിക്കണം പറയുന്നു.

## അത്ഭുത കിണർ



ടിബറ്റിലെ ‘ഭീംകുണ്ഡ്’ അത്ഭുത കിണറാണ്. ഭൂമിയിൽ എവിടെ ഭൂകമ്പമുണ്ടായാലും ഭീംകുണ്ഡ് എന്ന ചെറു തടാക സമാന കിണറിൽ വലിയ തിരമാലകളുയരും.

ഒരു ഗുഹയ്ക്കുള്ളിലാണ് ഈ അത്ഭുത കിണറുള്ളത്. ഈ പ്രകൃതിദത്ത കിണറിനുചുറ്റിലും കടലൊന്നുമില്ലെങ്കിലും ഭൂകമ്പത്തിന്റെ ചെറിയ ചലനം ഭൂമിയിലോ കടലിലോ ഉണ്ടായാൽ അപ്പോഴേയ്ക്കും ഇതിലെ ജലം 15 അടിവരെ ഉയരത്തിൽ തിരമാലകൾപോലെ ആഞ്ഞടിക്കും.

ശാസ്ത്രജ്ഞർ പറയുന്നത് ഭൂമിക്കടിയിലെ കൂറ്റൻ ചുണ്ണാമ്പുകല്ല് തുരങ്കങ്ങളിലൂടെ ഭൂചലന തരംഗങ്ങൾ വേഗത്തിൽ സഞ്ചരിച്ച് ഇവിടെ എത്തുമ്പോഴാണ് ഇത് സംഭവിക്കുന്നതെന്നാണ്.

വിദേശരാജ്യങ്ങളിലുൾപ്പെടെയുള്ള ഒട്ടേറെ ശാസ്ത്രജ്ഞരും മുങ്ങൽ വിദഗ്ധരും സമുദ്രപര്യവേഷകരുമെല്ലാം ഇവിടെയിറങ്ങി പരിശോധിച്ചുവെങ്കിലും ഇതിന്റെ യഥാർത്ഥ അടിത്തട്ട് എവിടെയെന്ന് കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല.

ശാസ്ത്രീയ പരിശോധനകൾ തുടരുകയാണ്.

## എഴുത്തിന്റെ ആദരങ്ങൾ

# പുലിസ്റ്റർ സമ്മാനം: സത്യത്തിന്റെയും സർഗ്ഗാത്മകതയുടേയും ആഗോള മുദ്ര


ഡോ: സുജ സതീഷ്

സത്യത്തെ നിർഭയമായി ആവിഷ്ക്കരിക്കുകയും ജീവിതത്തിന്റെ അഗാധതകളിലേക്ക് വെളിച്ചം വീശുകയും ചെയ്യുന്ന ഉജ്ജ്വല സൃഷ്ടികളെയാണ് ലോകം പുലിറ്റ്സർ പുരസ്കാരത്തിലൂടെ ആദരിക്കുന്നത്. പത്രപ്രവർത്തനം, സാഹിത്യം, നാടകം, സംഗീത രചന തുടങ്ങിയ മേഖലകളിലെ അസാധാരണ മികവിന് നൽകപ്പെടുന്ന ഈ പുരസ്കാരം സർഗ്ഗപ്രതിഭയ്ക്കൊപ്പം സാമൂഹിക പ്രതിബന്ധതയെയും ധാർമ്മിക ഉത്തരവാദിത്തത്തെയുമാണ് ഉയർത്തിപ്പിടിക്കുന്നത്. അമേരിക്കൻ മണ്ണിൽ പിറവിയെടുത്ത ഈ മഹത്തായ ബഹുമതിയുടെ ഭരണനിർവഹണവും ഔദ്യോഗിക പ്രഖ്യാപനവും ന്യൂയോർക്കിലെ പ്രശസ്തമായ കൊളംബിയ സർവ്വകലാശാലയാണ് നിർവഹിക്കുന്നത്. പൊതുസേവനം, അന്വേഷണാത്മക പത്രപ്രവർത്തനം, വിമർശനം, ഫോട്ടോഗ്രാഫി, കഥാസാഹിത്യം, കവിത, ചരിത്രരചന, ജീവചരിത്രം, നാടകം, സംഗീതം തുടങ്ങി വിജ്ഞാനത്തിന്റെയും സർഗ്ഗാത്മകയുടെയും വിവിധമേഖലകളെ ഉൾക്കൊള്ളുന്ന 22 വിഭാഗങ്ങളിലാണ് നിലവിൽ പുലിറ്റ്സർ സമ്മാനങ്ങൾ നൽകപ്പെടുന്നത്.

ഹംഗേറിയൻ വംശജനായ അമേരിക്കൻ പത്രപ്രവർത്തകനും പ്രസാധകനുമായ ജോസഫ് പുലിസ്റ്ററുടെ പേരിലാണ് ഈ പുരസ്കാരം അറിയപ്പെടുന്നത്. സ്വതന്ത്രവും ഉത്തരവാദിത്തബോധമുള്ളതുമായ മാധ്യമപ്രവർത്തനം ജനാധിപത്യത്തിന്റെ ജീവശക്തിയാണെന്ന് അദ്ദേഹം ദൃഢമായി വിശ്വസിച്ചു. അനീതി, അഴിമതി, അധികാരദുരുപയോഗം എന്നിവ വെളിച്ചത്തു കൊണ്ടുവരികയും പൊതുതാൽപര്യത്തിനുവേണ്ടി നിർഭയമായി നിലകൊള്ളുകയും ചെയ്യുന്നത് മാധ്യമങ്ങളുടെ പ്രധാന ഉത്തരവാദിത്തമാണെന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. 1911-ൽ അന്തരിച്ച ജോസഫ് പുലിറ്റ്സർ, തന്റെ സമ്പത്തിന്റെ ഒരു ഭാഗം കൊളംബിയ സർവകലാശാലക്ക് വിട്ടുനൽകി. പത്രപ്രവർത്തന വിദ്യാഭ്യാസത്തിന്റെ വളർച്ചയ്ക്കും മികവുറ്റ സൃഷ്ടികളെ ആദരിക്കുന്നതിനുമായി അത് വിനിയോഗക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ നിർദ്ദേശം. ഈ ദീർഘവീക്ഷണത്തിന്റെ ഫലമായി 1917 ജൂൺ 4-ന് പുലിറ്റസർ പുരസ്കാരങ്ങൾ പ്രഖ്യാപിക്കപ്പെട്ടു. അന്ന് ആരംഭിച്ച ഈ പാരമ്പര്യം പിന്നീട് ലോകശ്രദ്ധ നേടിയ പ്രമുഖ വാർഷിക സാംസ്കാരിക പുരസ്കാര പരമ്പരകളിലൊന്നായി വളർന്നു.

പുരസ്കാരത്തിനായി സമർപ്പിക്കപ്പെടുന്ന സൃഷ്ടികൾ വിദഗ്ധ ജൂറിയുടെ വിശദമായ പരിശോധനയ്ക്കും വിലയിരുത്തലിനും വിധേയമാകാറുണ്ട്. വിഷയത്തിന്റെ പ്രസക്തി, അവതരണത്തിന്റെ മികവ്, ഗവേഷണത്തിന്റെ ആഴം, ആശയത്തിന്റെ പുതുമ, വസ്തുതകളുടെ വിശ്വസനീയത, സമൂഹത്തിൽ അത് ചെലുത്തുന്ന സ്വാധീനം എന്നിവ തിരഞ്ഞെടുപ്പിൽ നിർണ്ണായക ഘടകങ്ങളാണ്. പബ്ലിക് സർവ്വീസ് (പൊതുസേവനം) വിഭാഗത്തിലെ വിജയിക്ക് പ്രശസ്തമായ പുലിറ്റ്സർ സ്വർണ്ണമെഡൽ നൽകപ്പെടുമ്പോൾ, മറ്റു വിഭാഗങ്ങളിലെ വിജയികൾക്ക് സർട്ടിഫിക്കറ്റിനൊപ്പം, 15,000 അമേരിക്കൻ ഡോളർ

(പുതുക്കിയ നിരക്കനുസരിച്ച് 17,000 ഡോളർ) പാരിതോഷികവും ലഭിക്കുന്നു.



ഇന്ത്യയുമായും ഇന്ത്യൻ വംശപാരമ്പര്യവുമായുള്ള നിരവധി പ്രതിഭകൾ പുലിറ്റ്സർ പുരസ്കാര ചരിത്രത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. 1936-ൽ നടന്ന ഹാർവാർഡ് സർവ്വകലാശാലയുടെ 300-ാം വാർഷികാഘോഷത്തിലെ ശാസ്ത്രവിഷയങ്ങളുടെ വാർത്താ കവറേജിന് ഗോവിന്ദ് ബിഹാരി ലാൽ ഉൾപ്പെടെ അഞ്ച് മാധ്യമപ്രവർത്തകർക്ക് 1937-ലെ പുലിറ്റ്സർ റിപ്പോർട്ടിംഗ് പുരസ്കാരം സംയുക്തമായി ലഭിച്ചു. പുലിറ്റ്സർ നേടിയ ആദ്യ ഇന്ത്യൻ വംശജനായി ഇതോടെ അദ്ദേഹം ചരിത്രത്തിൽ ഇടം നേടി. തുടർന്ന് ജുംപ ലാഹിരി 2000-ൽ കഥാസാഹിത്യത്തിനും (Fiction), സിദ്ധാർഥ് മുഖർജി 2011-ൽ പൊതുവിജ്ഞാന സാഹിത്യത്തിനും (General Nonfiction), വിജയ് ശേഷാദ്രി 2014-ൽ കവിതയ്ക്കും പുലിറ്റസർ നേടി.

പുലിറ്റ്സർ ചരിത്രത്തിലെ ഏറ്റവും പുതിയ അദ്ധ്യായമായി 2026-ൽ ആനന്ദ. ആർ.കെ, സുപർണ്ണ ശർമ്മ എന്നിവർ നതാലി ഒബിക്കോ പിയേഴ്സണിനൊപ്പം ഒരുക്കിയ ‘trAPPed’ എന്ന അന്വേഷണാത്മക ദൃശ്യ റിപ്പോർട്ട് പുരസ്കാരത്തിന് അർഹമായി.

ഫോട്ടോജേണലിസത്തിലും ഇന്ത്യൻ സാന്നിധ്യം ശ്രദ്ധേയമാണ്. മ്യാൻമറിൽ നിന്ന് പലാനയനം ചെയ്ത റോഹിങ്ക്യൻ അഭയാർത്ഥികൾ നേരിട്ട അതിക്രമങ്ങൾ പകർത്തിയ ചിത്രങ്ങൾക്ക് ഡാനിഷ് സിദ്ദിഖി ഉൾപ്പെടെ റോയിട്ടേഴ്സ് ഫോട്ടോഗ്രാഫി സംഘം 2018-ലെ ഫീച്ചർ ഫോട്ടോഗ്രാഫി പുരസ്കാരം നേടി. കാശ്മീരിലെ ആശയവിനിമയ വിലക്കിനിടയിലെ ജനജീവിതം രേഖപ്പെടുത്തിയ ചിത്രങ്ങൾക്ക് ചന്നി ആനന്ദ്, മുഖ്താർ ഖാൻ, ദാർ യാസീൻ എന്നിവർ 2020 - ൽ ഇതേ വിഭാഗത്തിൽ പുരസ്കാരത്തിന് അർഹരായി. കോവിഡ് മഹാമാരി ഇന്ത്യയിൽ സൃഷ്ടിച്ച മനുഷ്യദുരന്തം പകർത്തിയ ചിത്രങ്ങൾക്ക് അദ്നാൻ അബിദി, സന്ന ഇർഷാദ് മട്ടൂ, അമിത് ദവെ, അന്തരിച്ച ഡാനിഷ് സിദ്ദിഖി എന്നിവരടങ്ങിയ റോയിട്ടേഴ്സ് സംഘം 2022 -ലെ ഫീച്ചർ ഫോട്ടോഗ്രാഫി പുരസ്കാരവും നേടി.

സത്യത്തെ നിർഭയമായി അന്വേഷിക്കുന്നവരെയും സമൂഹത്തിന്റെ വേദനകൾക്ക് ശബ്ദവും രൂപവും നൽകുന്നവരെയും ആദരിക്കുന്ന പുലിറ്റ്സർ പുരസ്കാരം, മാധ്യമ സ്വാതന്ത്രത്തിന്റെയും സാമൂഹിക ഉത്തരവാദത്തിന്റെയും സർഗ്ഗാത്മക ആവിഷ്ക്കാരത്തിന്റെയും പ്രാധാന്യം ലോകത്തെ നിരന്തരം ഓർമ്മിപ്പിക്കുന്നു. ആഗോള മാധ്യമ സാഹിത്യ വേദിയിൽ ഇന്ത്യൻ പ്രതിഭകൾ കോറിയിടുന്ന ഈ വിജയമുദ്രകൾ വരും തലമുറകൾക്ക് പകർന്നുനൽകുന്നത് വിട്ടുവീഴ്ചയില്ലാത്ത സത്യസന്ധതയുടെയും ഉദാത്തമായ സർഗ്ഗവൈഭവത്തിന്റെയും ഉജ്ജ്വല സന്ദേശമാണ്.

(1-ാം പേജിൽ നിന്നും തുടർച്ച)

## അഭിമാനബോധമുണർത്തുന്ന മാതൃഭാഷാ സ്നേഹം

# ചൈനീസ് ഭാഷ: ചരിത്രം, സ്വഭാവം, പ്രാധാന്യം

തുടങ്ങിയുള്ള മേഖലകളിൽ ചൈനീസ് ഭാഷ അറിയാവുന്ന പ്രൊഫഷണലുകൾക്ക് ആഗോളതലത്തിൽ വലിയ ആവശ്യമാണുള്ളത്. മാത്രമല്ല വളരെ ഉയർന്ന നിലയിലുള്ള വേതന സാധ്യതകളാണ് ഈ മേഖലകളിൽ നിലനിൽക്കുന്നതും. ബഹിരാകാശ ഗവേഷണം, നിർമ്മിതബുദ്ധി, ഹരിതഊർജ്ജം തുടങ്ങിയ മേഖലകളിലെ ഗവേഷണങ്ങളിൽ ചൈന ഇന്ന് ഏറെ മുന്നിലാണ്. ഈ മേഖലകളിലെ അന്താരാഷ്ട്ര പ്രസിദ്ധീകരണങ്ങളും ഗവേഷണ പ്രബന്ധങ്ങളുമെല്ലാം മനസ്സിലാക്കുവാൻ ചൈനീസ് ഭാഷാ ജ്ഞാനം അനിവാര്യമായിവരുന്നു. ലോകപ്രശസ്തിയാർജ്ജിച്ച ചൈനീസ് പാചകകല, ആയോധനകല, സിനിമ തുടങ്ങിയവയെക്കുറിച്ച് ആഴത്തിൽ പഠിക്കുവാനും ഈ ചൈനീസ് സാംസ്കാരിക പൈതൃകത്തെ അതിന്റെ യഥാർത്ഥ അർത്ഥത്തിൽ ഉൾക്കൊള്ളുവാനും ചൈനീസ് ഭാഷാജ്ഞാനം ഏറെ ഉപകരിക്കും. ചൈനീസ് ഭാഷയുടെ ചിത്രലിപികളും രാഗാധിഷ്ഠിത ശബ്ദങ്ങളും ഭാഷയെ കഠിനതരമെന്ന് തോന്നിപ്പിക്കുമെങ്കിലും അതിന്റെ മൊത്തത്തിലുള്ള ഘടന ലളിതവും ആകർഷകവുമാണെന്ന് കാണാം.

ആയിരക്കണക്കിന് വർഷത്തെ പഴക്കമുള്ളതും സമ്പന്നവുമായ ചരിത്രം, തത്വചിന്ത, കവിത എന്നിവ ചൈനീസ് സാഹിത്യത്തിന്റെ പ്രത്യേകതയാണ്. കൺഫ്യൂഷ്യസിന്റെ രചനകൾ ഇതിനുദാഹരണമായി ചൂണ്ടിക്കാട്ടാനാവും. കൺഫ്യൂഷ്യസ്, മെൻഷ്യസ് തുടങ്ങിയ തത്വചിന്തകരുടെ രചനകൾ ധാർമ്മികത, ഭരണം, കൃഷി തുടങ്ങിയവയിലൂന്നി നിന്നുള്ളതാണ്. 'സിമാകിയാൻ' പോലുള്ള ചരിത്രകാരന്മാരുടെ ഗ്രന്ഥങ്ങളും ശ്രദ്ധേയങ്ങളാണ്. 'ലിയുസിക്സിൻ' പോലുള്ള സമകാലിക എഴുത്തുകാർ ഇന്ന് അന്താരാഷ്ട്രതലത്തിൽ തന്നെ ശ്രദ്ധനേടിക്കഴിഞ്ഞു.

വിവർത്തന സാഹിത്യത്തിലൂടെയും ഉപന്യാസങ്ങളിലൂടെയും കേരളത്തിലെ സാഹിത്യവൃത്തങ്ങൾ ചൈനീസ് സംസ്കാരം, തത്വചിന്ത, യാത്രാവിവരങ്ങൾ എന്നിവ പ്രചാരത്തിലെത്തിച്ചിട്ടുണ്ട്.

കൺഫ്യൂഷിയൻ രചനകൾ ചൈനീസ് സാഹിത്യത്തിന്റെയും ചരിത്രത്തിന്റെയും പ്രധാന ഘടകങ്ങളായിരുന്നു. ഇതിലെ ഒൻപത് കൃതികളടങ്ങുന്ന കൂട്ടം വളരെ പ്രധാനപ്പെട്ടവയായിരുന്നു. സർക്കാർ ജോലികൾക്കുവേണ്ടിയുള്ള പരീക്ഷകൾ ഇവയെ അടിസ്ഥാനപ്പെടുത്തിയുള്ളതായിരുന്നു. അതുകൊണ്ടുതന്നെ ഈ ഒൻപത് പുസ്തകങ്ങളും ചൈനീസ് വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ അടിസ്ഥാനമായിത്തീർന്നു.

വലിയ വിജ്ഞാനകോശങ്ങളുടെ നിർമ്മാണവും ചൈനയുടെ പ്രത്യേകതയാണ്. കാംങ് രാജവംശത്തിന്റെ കാലത്ത് രചിച്ച 'യിവെൻ ലെയ്ജ്ജു'വാണ് ഇവയിലൊന്ന്. 'ഔയാങ്സുൻ' ആണ് ഇതിന്റെ രചയിതാവ്. 'ലിങ്ഹുദെഫൻ', 'ചെൻഷുദാ' എന്നിവരും ഇതിൽ അദ്ദേഹത്തെ സഹായിച്ചു. സോങ് രാജവംശത്തിന്റെ കാലഘട്ടത്തിലാണ് സോങ്ങിന്റെ നാല് മഹദ് ഗ്രന്ഥങ്ങൾ പുറത്തിറങ്ങിയത്. 'ലീഫാങ്' തുടങ്ങിവെച്ച ഇതിന്റെ രചന 'സെഫുയ്യാങ്ഗുയി' പൂർത്തീകരിച്ചു. ഈ വിജ്ഞാനകോശം വളരെയേറെ വിവരങ്ങളാൽ സമ്പന്നമാണ്. ചൈനയിലെ ഏറ്റവും വലിയ വിജ്ഞാനകോശങ്ങളിൽ ഒന്നാണിത്. ലക്ഷക്കണക്കിന് ചൈനീസ് അക്ഷരങ്ങൾ ഇതിൽ എഴുതിച്ചേർത്തിരിക്കുന്നു. ഇത് 1408- ൽ പ്രസിദ്ധീകരിച്ച 'യോങ്ഗ്ൾ' വിജ്ഞാനകോശത്തോളം വരും.

ജ്യോതിശാസ്ത്രരംഗത്തും വളരെ നീണ്ട ചരിത്രമുള്ള രാജ്യമാണ് ചൈന. ഒട്ടേറെ ജ്യോതിഷഗ്രന്ഥങ്ങൾ ചൈനീസ് ഭാഷയിൽ തയ്യാറാക്കപ്പെട്ടിട്ടുണ്ട്. ബുദ്ധഭിക്ഷുക്കളിലൂടെ ഭാരതീയ ജ്യോതിശാസ്ത്രവും ചൈനയിലെത്തി. ഇതുസംബന്ധിച്ച ഗ്രന്ഥങ്ങളും ചൈനീസ് ഭാഷയിൽ രചിക്കപ്പെട്ടിട്ടുണ്ട്.

വിവിധ വശങ്ങൾ വസ്തുനിഷ്ഠമായി വിശകലനം ചെയ്യുകയും പരിശോധിക്കുകയും ചെയ്യുമ്പോൾ തനതായ പ്രത്യേകതകൾ സൂക്ഷിക്കുന്നതും ഉൾക്കൊള്ളുന്നതുമായ ഭാഷയാണ് ചൈനീസ് ഭാഷയെന്നുകാണാം. അത് ലോകം ഉൾക്കൊള്ളുകയും ചെയ്യുന്നു.

## ആൽബം





ബി.എസ്.ബാലചന്ദ്രനോടൊപ്പം വി.മുരളീധരൻ

## 'പ്രതിഭകൾക്കൊപ്പം' പരിപാടിയിൽ പന്ന്യൻ രവീന്ദ്രൻ സംവദിക്കാനെത്തി



*പ്രതിഭകൾക്കൊപ്പം പരിപാടിയിൽ മുൻ എം.പി പന്ന്യൻ രവീന്ദ്രൻ സദസ്യരുമായി സംവദിക്കുന്നു. ബി.എസ്. ബാലചന്ദ്രൻ, ജയ ശ്രീകുമാർ എന്നിവർ സമീപം*

**തിരുവനന്തപുരം:** ഭാരത് സേവക് സമാജിന്റെ ആഭിമുഖ്യത്തിൽ പ്രതിമാസം സംഘടിപ്പിക്കുന്ന പ്രതിഭകൾക്കൊപ്പം പരിപാടിയിൽ കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (സി.പി.ഐ) ദേശീയ നേതാവും മുൻ എം.പിയും എഴുത്തുകാരനും, സ്പോർട്ട്സ് (ഫുട്ബോൾ) പ്രേമിയുമായ പന്ന്യൻ രവീന്ദ്രൻ അതിഥിയായെത്തി. പന്ന്യൻ രവീന്ദ്രൻ രചിച്ച 'ചരിത്രമെഴുതി ചരിത്രമായവർ', 'ലോകകപ്പ് ഫുട്ബോൾ ചരിത്രത്തിലൂടെ', 'ഭരത് മുരളി അഭിനയവും ജീവിതവും', 'ലോകം കാറ്റുനിറച്ച പന്തിന്റെ കൂടെ' എന്നീ കൃതികൾ ദേശീയ ശ്രദ്ധ പിടിച്ചുപറ്റിയവയാണ്.

കവടിയാർ സദ്ഭാവനാഭവൻ ആഡിറ്റോറിയത്തിൽ നടന്ന 'പ്രതിഭകൾക്കൊപ്പം' പരിപാടിയിൽ ബി.എസ്.എസ് ദേശീയ ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ അദ്ധ്യക്ഷനായിരുന്നു. ഡയറക്ടർ ജനറൽ ജയ ശ്രീകുമാർ സ്വാഗതമാശംസിച്ചു. അസിസ്റ്റന്റ് ഡയറക്ടർ ലീനമാത്യുവാണ് പരിപാടി ഏകോപിപ്പിച്ചത്.

## അറിവിന്റെ മധുകണങ്ങൾ



രാജി അജിത്ത്

- രാഷ്ട്രപിതാവ് - മഹാത്മാഗാന്ധി
- ലോക നായക് - ജയപ്രകാശ് നാരായണൻ
- രാഷ്ട്രശില്പി - പണ്ഡിറ്റ് ജവഹർലാൽ നെഹ്റു
- ഭരണഘടനാ ശില്പി - ഡോ. ബി.ആർ. അംബേദ്ക്കർ
- ഉരുക്കുമനുഷ്യൻ - സർദാർ വല്ലഭഭായ് പട്ടേൽ
- രാഷ്ട്രഗുരു - സുരേന്ദ്രനാഥ് ബാനർജി
- അതിർത്തിഗാന്ധി - ഖാൻ അബ്ദുൾഗാഫർ ഖാൻ
- ദേശബന്ധു - സി.ആർ. ദാസ്
- ലോകമാന്യ - ബാലഗംഗാധര തിലകൻ

## ബി.എസ്.എസ് സത്സംഗം പരിപാടിയിൽ എം.എസ്. ശ്രീലാറാണിയുടെ പ്രഭാഷണം

**തിരുവനന്തപുരം:** ഭാരത് സേവക് സമാജിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പ്രതിമാസ സത്സംഗം പരിപാടിയിൽ ഇക്കുറി നീറമൺകര വനിതാ എൻ.എസ്.എസ് കോളേജ് മലയാള വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ എം.എസ്. ശ്രീലാറാണിയുടെ പ്രഭാഷണം നടന്നു.

പ്രൗഢമായ സദസ്സിനെ അഭിസംബോധന ചെയ്തുകൊണ്ട് നടത്തിയ വിജ്ഞാനദായക പ്രഭാഷണം സദസ്യരുടെ സവിശേഷ ശ്രദ്ധയ്ക്ക് പാത്രീഭൂതമായി. ബി.എസ്.എസ്. ദേശീയ ചെയർമാൻ അദ്ധ്യക്ഷതവഹിച്ച സത്സംഗം പരിപാടിയിൽ ബി.എസ്.എസ് ഡയറക്ടർ ജനറൽ ജയ ശ്രീകുമാർ സ്വാഗതമാശംസിച്ചു. ആശാറാണി എ.എസ്, രഞ്ജിനി പ്രശാന്ത് എന്നിവർ സംയുക്തമായാണ് പരിപാടിയുടെ ഏകോപനം നിർവ്വഹിച്ചത്.



*ബി.എസ്.എസ് സത്സംഗം പരിപാടിയിൽ എം. എസ്. ശ്രീലാറാണി പ്രഭാഷണം നടത്തുന്നു. ബി.എസ്. ബാലചന്ദ്രൻ, ജയ ശ്രീകുമാർ എന്നിവർ സമീപം*

### സദ്ഭാവനാ ട്രസ്റ്റ്

## പുസ്തകം പ്രകാശനം ചെയ്തു



*'രാമായണത്തിലെ കഥാപാത്രങ്ങൾ' എന്ന കൃതിയുടെ പ്രകാശനകർമ്മം ഡോ. ബീന എസ് നിർവ്വഹിക്കുന്നു*

സദ്ഭാവനാ ട്രസ്റ്റ് പ്രസിദ്ധീകരിച്ച 'രാമായണത്തിലെ കഥാപാത്രങ്ങൾ' എന്ന കൃതിയുടെ പ്രകാശന കർമ്മം യൂണിവേഴ്സിറ്റി ലൈബ്രറി മുൻ അസിസ്റ്റന്റ് ലൈബ്രേറിയൻ ഡോ. ബീന.എസ് നിർവ്വഹിച്ചു. സന്ധ്യ. ആർ ആണ് ഗ്രന്ഥകർത്താവ്. വിദ്യാർത്ഥിയായ മാസ്റ്റർ ശ്രീമാൻ നമ്പൂതിരി. എസ് പുസ്തകം ഏറ്റുവാങ്ങി.

സദ്ഭാവനാ ട്രസ്റ്റ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ അദ്ധ്യക്ഷതവഹിച്ച ചടങ്ങിൽ ട്രസ്റ്റ് സെക്രട്ടറി ജയ ശ്രീകുമാർ സ്വാഗതമാശംസിച്ചു. ഡോ. ബിന.എസ്, ഡോ. എം.ആർ. തമ്പാൻ, ജയശ്രീ കെ.എസ്, അഡ്വ. അനുജ. എ.എസ് തുടങ്ങിയവർ സംസാരിച്ചു.

## മറുകും മലയും



ഡോ. രമേശ് ഇളമൺ നമ്പൂതിരി

### ഇന്ദ്രജാലം

പൊക്കമേറിടും തോറും
ശൂന്യമായിടാം മാനസം
വീണിതെങ്കിലോ എന്ന ഭീതിയും
വീഴാതിരിക്കുവാൻ തേടുന്ന ജാലവും

### നിദ്ര

ധനം വിളിച്ചു 'ഉണരൂ?'
പദവി വിളിച്ചു 'ഉണരൂ!'
അറിവിന്റെ ആകാശ സീമയിൽ
പൊട്ടിവിടർന്ന താരകം വിളിച്ചു.
ദയവായി ഉണരൂ!
അയാൾ ഉണർന്നില്ല.

### തൃഷ്ണ

എലിയുടെ പല്ലുകൾക്ക് നല്ല മൂർച്ചയാണ്.
ഏതു മാളങ്ങളും തുരന്ന് തുരന്ന്
അവ യാത്ര തുടരും.
എന്റെ ആഗ്രഹങ്ങളെപ്പോലെ

### ബോധിവൃക്ഷത്തണലിൽ

ശബ്ദവേഗതയിൽ സംഗീതധാരകൾ
നിറഞ്ഞു കവിയുന്ന തീൻ മേശകൾ
തുള്ളിത്തുളുമ്പുന്ന ചഷകങ്ങൾ
ബുദ്ധൻ എല്ലാം ശാന്തതയോടെ നോക്കി നിന്നു.
ഓർമ്മച്ചെപ്പു തുറക്കവെ
ആളൊഴിഞ്ഞ ബോധിവൃക്ഷം
ശൂന്യമായ കൊട്ടാരം
താൻ സനാഥനായിരിക്കുന്നു

### വസന്തം തേടാം

ചതുപ്പുനിലത്തിൻ ശൂന്യതയിലേതോ ശിശു
കേഴുന്ന പോൽ കേഴുന്നിതാ
ചുറ്റുമൊരു കാലം
എങ്കിലും കേൾപ്പതില്ലാരുമേ
ഖഡ്ഗങ്ങളേന്തിയ കൈകളേ മടങ്ങുക
പുഷ്പങ്ങളേറെയുണ്ടീ ഉദ്യാനത്തിൽ.

## കാര്യവിചാരം

# ബ്രസീലിൽ നിന്ന് കേരളത്തിലേക്ക് കപ്പ (മരച്ചീനി) വന്ന വഴി



പ്രൊഫ. ജി. ബാലചന്ദ്രൻ

കപ്പക്കൃഷിയിൽ വിഖ്യാതമായ സ്ഥലമായിരുന്നു ബ്രസീൽ. അവിടുത്തെ മണ്ണിന്റെ ഘടന കേരളത്തിലെ മണ്ണിനോട് സാദൃശ്യമുണ്ടായിരുന്നതുകൊണ്ട് ഇവിടെയും കപ്പക്കൃഷി ഒന്നു പരീക്ഷിച്ചു നോക്കാൻ വിശാഖം തിരുനാൾ മഹാരാജാവ് തീർച്ചയാക്കി. അദ്ദേഹത്തിന്റെ നിർദ്ദേശമനുസരിച്ച് കുറെയധികം നല്ല കപ്പക്കമ്പുകൾ വരുത്തി. ഏതാണ്ട് മൂന്നേക്കർ വലിപ്പമുള്ള കൊട്ടാരംവക ശ്രീപാദം പുരയിടം കിളച്ചു വൃത്തിയാക്കി കപ്പക്കമ്പ് മുറിച്ചുനട്ട് ജലസേചനവും നടത്തി. അതിനുചുറ്റും വേലികെട്ടി ബലപ്പെടുത്തിയശേഷം അദ്ദേഹം ജനങ്ങളുടെ ജിജ്ഞാസ ഉണർത്തുന്നതിനായി അവിടെ ഒരു ബോർഡ് സ്ഥാപിച്ചു. ബ്രസീലിൽ നിന്നും കൊണ്ടുവന്ന രുചികരമായ കപ്പകളിൽ പലരും നോട്ടമിട്ടിട്ടുള്ളതായി നാം മനസ്സിലാക്കുന്നു. കൃഷിസ്ഥലത്തേക്ക് കടന്നുകയറുകയോ കപ്പക്കമ്പുകൾ മോഷ്ടിക്കുകയോ ചെയ്യുന്നത് ശിക്ഷാർഹമാണ്.

ഒരാഴ്ചയ്ക്കുള്ളിൽ കപ്പക്കമ്പുകൾ മുഴുവൻ മോഷണം പോയി. തൃപ്തനായ മഹാരാജാവ് വീണ്ടും ഒരു ബോർഡ് സ്ഥാപിച്ചു. പലരും രഹസ്യമായി കപ്പക്കമ്പുകൾ കൃഷിചെയ്യുന്നുണ്ടെന്ന് നാം മനസ്സിലാക്കുന്നു. പക്ഷേ അതിന്റെ വളപ്രയോഗത്തെപ്പറ്റിയോ ഉപയോഗക്രമത്തെപ്പറ്റിയോ ആളുകൾക്ക് അറിവില്ലാത്തതുകൊണ്ട് താഴെകൊടുക്കുന്ന നിർദ്ദേശം ആളുകൾ പാലിക്കേണ്ടതാണ്. വള പ്രയോഗത്തെപ്പറ്റിയും പറിച്ച് ഉപയോഗിക്കേണ്ട കാലയളവിനെപ്പറ്റിയും വിശദമായി പ്രതിപാദിച്ചശേഷം അതിൽ ഒരു വിഷാംശം ഉള്ളതുകൊണ്ട് രണ്ടുപ്രാവശ്യം തിളപ്പിച്ചൂറ്റി മീൻ കറിയോ അച്ചാറോ ചേർത്ത് ഉപയോഗിക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചു.

ഇന്ന് നാട്ടിൻപുറത്തെ ചെറിയ ചായക്കടകൾ മുതൽ ഫൈവ് സ്റ്റാർ ഹോട്ടൽ വരെ ഒരു വിശിഷ്ടഭോജ്യമായി കപ്പ പ്രചാരത്തിൽ വന്നതിന്റെ പുറകിലെ പ്രേരകശക്തി മഹാരാജാവിന്റെ 'ഇതിൽ തൊട്ടുപോകരുത്' എന്നുള്ള കല്പനയാണ്. രണ്ടാം ലോകമഹായുദ്ധകാലത്ത് ജനങ്ങൾക്ക് പട്ടിണിയിൽ നിന്ന് ഒരളവുവരെ ആശ്വാസം നൽകിയതും വ്യാപകമായ കപ്പക്കൃഷിയാണ്.

ഇന്ന് എവിടെയും കപ്പക്കൃഷി കാണാം. എവിടെയും വളരും. കുടിൽ മുതൽ കൊട്ടാരം വരെ കപ്പയുടെ ഉപയോഗം വർധിച്ചിരിക്കുന്നു.



Edited, Printed and Published by B.S. Balachandran on behalf of Satbhavana Publishing Chamber, Sri Nikethan, Thycaud P.O, Thiruvananthapuram 695014. Printed at Rainbow Printers, Kumarapuram, for BRN Printers.
Managing Editor: Manju Sreekandan, Chief Editor: Jaya Sreekumar